# ഹാനോക്ക്

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

**ഫീലിയോ ബുക്ക്സ്**

**കോലഞ്ചേരി – 683 562**

# ഹാനോക്ക്


**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Abitha Fenix, DentCare

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 80

●



All rights reserved with the publisher

# ആമുഖം

ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പറഞ്ഞിട്ടുണ്ട്: ‘‘No one does evil for the mere sake of evil, evil is done for seeming good that is in it.’’

നല്ലതാണെന്ന് തോന്നിപ്പിക്കുന്ന പലതിലും തിന്മ ഒളിഞ്ഞിരിപ്പുണ്ടാകും. അത് തിരിച്ചറിയാൻ സാധിക്കുന്നത് ഒരു ഭാഗ്യമാണ്. ആ ഭാഗ്യം സംപ്രാപ്തമാകണമെങ്കിൽ യേശുക്രിസ്തു കൂടെയുണ്ടായിരിക്കണം. നന്മയും തിന്മയും തിരിച്ചറിയാൻ സാധിക്കുന്നത് ക്രിസ്തു കൂടെയുണ്ട് എന്ന അനുഭവം ഉള്ളപ്പോഴാണ്.

ട്രോജൻ കുതിരയെക്കുറിച്ച് കേട്ടിട്ടുണ്ടോ? ട്രോയി നഗരത്തിലുള്ളവർ അവരുടെ കരുത്തുറ്റ നഗരത്തെക്കുറിച്ച് അഭിമാനമുള്ളവരായിരുന്നു. അത്ര ബലിഷ്ഠമായിരുന്നു ട്രോയി നഗരം.

ഒരു ദിവസം അവരുടെ നഗരത്തിന്റെ പുറത്ത് ഒരു വലിയ മരക്കുതിര നിൽക്കുന്നത് അവർ കണ്ടു. കാഴ്ചക്ക് അതിമനോഹരമായ ഒരു പ്രതിമ! ട്രോയി നഗരത്തിലെ നിവാസികൾ അതിനെ ആഹ്ളാദത്തിമിർപ്പോടെ തള്ളിത്തള്ളി നഗരവാതിലിൽക്കൂടി അകത്ത് കൊണ്ടുവന്നു. അവർ അതിനു ചുറ്റം നൃത്തം ചെയ്തു, ആഹ്ളാദാരവം മുഴക്കി. എല്ലാവരും തളർന്നു കിടന്നുറങ്ങി.

അർദ്ധരാത്രിയിൽ മരക്കുതിരയ്ക്കകത്ത് ഒളിച്ചിരുന്ന ശത്രുഭടന്മാർ പുറത്തിറങ്ങി നഗരത്തിനുള്ളിൽ സംഹാര

താണ്ഡവമാടി. ട്രോയി നഗരനിവാസികൾ ഉറച്ചു വിശ്വസിച്ചിരുന്നു, അവർക്ക് ചുറ്റുമുള്ള കോട്ടമതിൽ ശത്രുവിന് തകർക്കാൻ സാദ്ധ്യമല്ലെന്ന്. എന്നാൽ കോട്ടമതിൽ തകർക്കാതെ ശത്രു തന്ത്രപൂർവ്വം ഉള്ളിൽ കയറി.

ഗ്രീക്ക് സാഹിത്യത്തിലെ ഒരു ഐതിഹാസിക കഥയാണിത്. എന്നാൽ ഈ കഥയ്ക്ക് സുവ്യക്തമായ ഒരു സന്ദേശമുണ്ട്. ശത്രുവായ പൈശാചികൻ ഏതുവിധത്തിലും അകത്തുകടന്ന് നാശനഷ്ടങ്ങളുണ്ടാക്കാൻ നോക്കിക്കൊണ്ടിരിക്കും. അവന്റെ ചതിക്കെണിയിൽ വീണാണല്ലോ ആദിമ മനുഷ്യൻ വിലക്കപ്പെട്ട കനി തിന്നത്.

യേശുക്രിസ്തു എപ്പോഴും നമ്മോടുകൂടെയുണ്ടെങ്കിൽ സാത്താന്റെ കുതന്ത്രങ്ങളിൽ വീഴാതെ നമുക്ക് രക്ഷപ്പെടുവാൻ സാധിക്കും. സെന്റ് പോൾ പറയുന്നുണ്ട്:

**‘‘സാത്താൻ നമ്മെ തോല്പിക്കരുത്, അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ.’’ 2 കൊരിന്ത്യർ 2 : 11**

ഭാരതീയേതിഹാസമായ രാമായണകഥയിൽ ഒരു ശ്രദ്ധേയമായ കഥയുണ്ട്. ലങ്കാധിപതിയായ രാവണന്റെ നിർദ്ദേശാനുസരണം, മാരീചൻ എന്ന രാക്ഷസൻ, ‘മനോഹര രൂപം പൂണ്ട ഒരു പൊന്മാനായി’ കാനനത്തിലൂടെ കളിച്ചുല്ലസിച്ചു നടന്ന്, ശ്രീരാമന്റെ ഭാര്യയായ സീതയെ ആകർഷിച്ചതാണ് ലങ്കയിൽ രാവണന്റെ അധീനതയിലേക്ക് സീത അപഹരിക്കപ്പെടാൻ കാരണം.

ചതിയും കെണിയും നമ്മുടെ ചുറ്റും പൈശാചികൻ ഒരുക്കും. അവന്റെ കെണിയിൽ വീഴാതിരിക്കണമെങ്കിൽ യേശുക്രിസ്തു നമ്മോടുകൂടെ ഉണ്ടായിരിക്കണം. ദൈവം കൂടെ വേണമെന്നുള്ള നിർബ്ബന്ധവും സമർപ്പണവും പൂർവ്വപുണ്യപിതാവായ ഹാനോക്കിനുണ്ടായിരുന്നു. അതുപോലുള്ള ഒരു ജീവിതചര്യ നാം അനുവർത്തിക്കണം എന്ന ആശയം എന്റെ മനസ്സിൽ ഉറഞ്ഞുകൂടിക്കിടന്നതാണ് ഹാനോക്കിനെ

ക്കുറിച്ചുള്ള ഈ ധ്യാനാത്മക പഠനത്തിന് ഹേതുഭൂതമായത്.

ഇന്നീ പുസ്തകം വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങൾ യേശുക്രിസ്തുവിനോടുകൂടെ നടക്കുന്ന സൗഭാഗ്യാനുഭവം പ്രാപിക്കണമെന്ന് എനിക്ക് ഉൽക്കടമായ വാഞ്ഛയുണ്ട്. അത് സഫലീകൃതമാകട്ടെ എന്ന് ഞാൻ ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ പുസ്തകം വെളിച്ചം കാണുന്നതിനുപിന്നിൽ അദ്ധ്വാനിച്ച അനേകം ആത്മീയസഹോദരങ്ങളുണ്ട്. അവരോടുള്ള എന്റെ അകൈതവമായ കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

നിങ്ങളുടെ സ്വന്തം,
**യോഹന്നാൻ സാർ**

# ഒന്ന്

**"ഹാനോക്കിന്നു അറുപത്തഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശലഹിനെ ജനിപ്പിച്ചു. മെഥൂശലഹിനെ ജനിപ്പിച്ചശേഷം ഹാനോക്ക് മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു. ഹാനോക്കിന്റെ ആയുഷ്ക്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി."**

**ഉല്പത്തി 5 : 21 – 24**

ഹാനോക്ക് എന്ന പഴയനിയമത്തിലെ ഒരു വിശുദ്ധ കഥാപാത്രത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു എന്നു മാത്രമല്ല, ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു. ദൈവം ഹാനോക്കിനെ ഈ ഭൂമിയിൽ നിന്ന് എടുത്തു.

ജീവനുള്ള ദൈവത്തിന്റെ സന്നിധിയിലേക്കു എടുക്കപ്പെടുക എന്നുള്ളത് ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും വലിയ സൗഭാഗ്യമാണ്. ഈ ഭൂമിയിലെ ജീവിതം എത്രകാലം എന്നല്ല, എത്ര നീണ്ട ആയുഷ്ക്കാലം നാം ഇവിടെ ചെലവഴിച്ചു എന്നുള്ളതല്ല, നാം ഈ ഭൂമിയിൽ നമ്മുടെ ആയുസ്സ് എങ്ങനെ ചെലവഴിച്ചു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

ഈ ഭൂമിയിലെ ആയുഷ്ക്കാലം ദൈവത്തോടുകൂടെ നടക്കുന്നവർ മാത്രമേ നിത്യതയിൽ ദൈവത്തോടുകൂടെ ആയിരിക്കയുള്ളു.

ദൈവത്തോടുകൂടെ നടക്കുക! ഹാനോക്കിന്റെ ജീവിതത്തിൽ ആദ്യത്തെ അറുപത്തഞ്ചു വർഷം ദൈവത്തോടുകൂടെ നടക്കുക എന്നുള്ള അനുഗൃഹീതമായ അനുഭവം ഹാനോക്കിന് ഉണ്ടായിരുന്നില്ല. എന്നാൽ അറുപത്തഞ്ചാമത്തെ വയസ്സിൽ ഹാനോക്കിന്റെ ജീവിതത്തിൽ ഒരു വലിയ പരിവർത്തനം സംഭവിച്ചു. വളരെ അത്ഭുതകരമായ ഒരു മാറ്റമായിരുന്നു അത്. ഹാനോക്ക് അറുപത്തഞ്ചു വയസ്സു കഴിഞ്ഞപ്പോൾ ദൈവത്തോടു കൂടെ നടക്കാൻ തുടങ്ങി.

പിന്നീടുള്ള മുന്നൂറു സംവത്സരം ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. വ്യക്തമായ ഒരു വഴിത്തിരിവാണത്. ഒരു പുതിയ നടപ്പ് ഹാനോക്ക് ആരംഭിക്കുകയായിരുന്നു.

എത്രയോ ഭാഗ്യകരമായ ഒരനുഭവമാണത്! അതുവരെ ഉണ്ടായിരുന്ന അനുഭവത്തിൽ നിന്നും വ്യത്യസ്തമായ ഒരനുഭവം; ജീവിതത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി ദൈവത്തോടുകൂടെ നടക്കുന്ന അനുഭവം; ദൈവത്തിന്റെ സഖിത്വത്തിൽ, ദൈവത്തിന്റെ സംസർഗ്ഗത്തിൽ വളരെ ആനന്ദം അനുഭവിച്ചുകൊണ്ട് ഹാനോക്ക് നടക്കുകയായിരുന്നു.

നമ്മുടേയും ജീവിതത്തിൽ ദൈവത്തോടുകൂടെ നടക്കുവാനുള്ള തീരുമാനം നാം എടുക്കേണ്ടതാണ്. ക്രിസ്തുവിനോടുകൂടെ നടക്കുക! അതൊരു അപ്രായോഗികമായ കാര്യമല്ല. അത് സാധിക്കുമോ ഇല്ലയോ എന്നു നിങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല.

എനിക്ക് എന്റെ യേശുവിനോടുകൂടെ നടക്കണം. എന്റെ രക്ഷകനായ ക്രിസ്തുവിനോടുകൂടെ എനിക്കു നടക്കണം. ക്രിസ്തുവിനോടു ചേർന്ന് നടക്കണമെന്ന് നമുക്ക് വാസ്തവമായി വാഞ്ഛിക്കാം. വാസ്തവമായി നാം ദാഹിക്കുമെങ്കിൽ നമുക്ക് സാധിക്കും. എന്നെപ്പോലെ ഒരാൾക്ക് അതു സാധിക്കുകയില്ല എന്നു നിങ്ങൾ ചിന്തിക്കരുത്. ആർക്കും സാധിക്കാവുന്നതും സാധിക്കേണ്ടതുമായ കാര്യമാണ് ദൈവത്തോടുകൂടി നടക്കുക എന്നുള്ളത്.

ഡി.എൽ. മൂഡി, ദൈവത്തോടുകൂടെ നടക്കാൻ തുടങ്ങിയ ദിവസത്തെക്കുറിച്ച് പറയുകയാണ്: "അന്ന് ഞാൻ എന്റെ ജീവിതം ക്രിസ്തുവിനു സമർപ്പിച്ചു കഴിഞ്ഞപ്പോൾ എന്തൊരു അനുഭവമായിരുന്നു എനിക്കുണ്ടായത്! എന്തൊരു സന്തോഷമായിരുന്നു എനിക്കുണ്ടായത്!

അന്ന് നേരം വെളുത്തപ്പോൾ മുൻദിവസങ്ങളിൽ സൂര്യനെ കാണുന്നതുപോലല്ല ഞാൻ കണ്ടത്. സൂര്യൻ എത്ര ശക്തിയോടുകൂടി, എത്ര ഉജ്ജ്വലത്തായിട്ടാണ് പ്രകാശിക്കുന്നത്! ഈ പ്രകൃതിയിൽ കാണുന്ന ഓരോ മരവും ഓരോ ചെടിയും ഇലകളും ഇലത്തലപ്പുകളുമെല്ലാം വളരെ മനോഹരമായിട്ട് എനിക്ക് കാണാൻ കഴിഞ്ഞു.

ഈ പ്രകൃതി തന്നെ എത്ര മനോഹരമാണ്! ഇത്രയും സുന്ദരമാണല്ലോ ഈ ഭൂമി, പ്രകൃതി ഇത്ര മനോഹരമാണല്ലോ എന്ന് എനിക്കു തോന്നിപ്പോയി. പ്രകൃതിയിലേക്കു നോക്കി ഞാൻ ആനന്ദംകൊണ്ടു. മൃഗങ്ങളും പക്ഷികളും എല്ലാം എന്റെ സഹോദരങ്ങളാണ് എന്ന് എനിക്കു തോന്നിപ്പോയി. ഞാൻ ഒരു പുതിയ ലോകത്തിലേക്ക് കടന്ന അനുഭവമാണ് എനിക്കുണ്ടായത്."

ഡി.എൽ. മൂഡി ആ അനുഭവത്തെക്കുറിച്ച് പറയുകയാണ്: "I was in a new world." ഞാൻ ഒരു പുതിയ ലോകത്തിലായിരുന്നു. The next morning the sun shone brighter and the bird sang sweeter. പക്ഷികൾ വളരെ മധുരതരമായി പാടുന്നതായി തോന്നി. സൂര്യൻ ജ്വലിച്ചു പ്രകാശിക്കുന്നതായിട്ട് എനിക്ക് തോന്നി. പതിവിലും വ്യത്യസ്തമായ ഒരു മധുരസംഗീതം പക്ഷികളുടെ ശബ്ദത്തിൽ എനിക്കു തോന്നിപ്പോയി. The old elms waved their branches for joy and all nature was at peace. മരത്തലപ്പുകളും ഇലകളും ചില്ലകളും ആനന്ദം പൂണ്ടു പുളകം കൊള്ളുന്നതായി എനിക്ക് തോന്നിപ്പോയി. തന്നെയല്ല, ഈ പ്രകൃതി മുഴുവനും ഒരു പ്രശാന്തി നിറഞ്ഞു നിൽക്കുന്നതായിട്ട് എനിക്കനുഭവപ്പെട്ടു. It was the most delicious joy that I had ever known. ഞാൻ

അറിഞ്ഞതിലേക്കും ഏറ്റവും സ്വാദിഷ്ഠമായ ഒരു സന്തോഷ മാണ് എനിക്ക് ലഭിച്ചത്."

ദൈവത്തോടുകൂടി നടക്കാൻ തുടങ്ങുമ്പോൾ നമുക്ക് ഈ അനുഭവം ലഭിക്കും. ജീവിതത്തിൽ ഒരു തിരിവിലേക്കു വരുമ്പോൾ, മന:പരിവർത്തനത്തിലേക്കു വരുമ്പോൾ, മാനസാന്തരത്തിലേക്കു വരുമ്പോൾ നാം ഏതോ ഒരു വലിയ ധന്യത ആർജ്ജിച്ചത് നമുക്ക് അനുഭവമാകും.

സാധു സുന്ദർസിംഗ് ക്രിസ്തുവിനെ കണ്ടെത്തിയ രാത്രി, അദ്ദേഹത്തിന് പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല. ക്രിസ്തു വിന്റെ സാന്നിദ്ധ്യം സുന്ദർസിംഗിന് വർണ്ണിക്കാൻ പറ്റുന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. ഭൂമിയിലെ ഒരു വാക്കു കൊണ്ടും ഭാഷകൊണ്ടും വർണ്ണിക്കാൻ പറ്റാത്ത ഒരു അത്ഭുത കരമായ അനുഭവമാണ് എനിക്കു ലഭിച്ചത് എന്നാണ് സുന്ദർസിംഗ് പറയുന്നത്.

സുന്ദർസിംഗ് അതിനെ വർണ്ണിക്കുന്നത്: "ഏതോ ഒരു വലിയ സ്നേഹം, ഏതോ ഒരു പരമശാന്തി എന്നിൽ നിറയുന്ന തായിട്ട് എനിക്ക് അനുഭവപ്പെട്ടു. പിന്നീട് സുവിശേഷപ്രസംഗ ങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ ഞാൻ പോയിട്ടുണ്ട്. മിഷനറിമാ രുടെ പ്രവർത്തനരംഗങ്ങളിൽ നിന്നിട്ടുണ്ട്. മിഷനറിമാരുടെ കൂടെ ഞാൻ താമസിച്ചിട്ടുണ്ട്.

അവരിൽ ചിലരുടെ ജീവിതം കണ്ടപ്പോൾ എനിക്ക് പഴയ മതത്തിലേക്ക് മടങ്ങിപ്പോയാലോ എന്ന ചിന്ത ഉണ്ടായിട്ടുണ്ട്. പക്ഷേ, ക്രിസ്തുവിനെ ഞാൻ നേരിട്ടനുഭവിച്ചതുകൊണ്ട്, ക്രിസ്തുവിന്റെ അത്ഭുതകരമായ ശാന്തി എന്റെ ഹൃദയത്തിൽ എനിക്ക് അനുഭവിക്കാൻ സാധിച്ചതുകൊണ്ടു മാത്രമാണ് ഞാൻ പഴയ ജീവിതത്തിലേക്ക് മടങ്ങിപ്പോകാതിരുന്നത്."

ഒരു പ്രത്യേക അനുഭവമാണ് ക്രിസ്തുവിനോടുകൂടെ നടക്കുക എന്നുള്ളത്. നിങ്ങൾ മാനസാന്തരപ്പെട്ട നാളുകൾ, ആദ്യകാലസ്നേഹലഹരിയിൽ നിങ്ങൾ ദൈവത്തെ സ്തുതിച്ച

സമയങ്ങൾ, ആത്മാവിൽ ആനന്ദിച്ച സമയങ്ങൾ, മുമ്പ് നിങ്ങൾ തോറ്റുകൊണ്ടിരുന്ന വിഷയങ്ങൾ നിങ്ങളെ അലട്ടാത്ത രീതിയിൽ ജയം കിട്ടിയ കാര്യങ്ങൾ, പാപത്തിന്റെ യാതൊരു പ്രേരണയും നിങ്ങളുടെ ഹൃദയത്തിലേക്കു വരാതെ ആനന്ദ വിവശതയിൽ ദൈവത്തെ സ്തുതിച്ച് ആനന്ദത്തോടെ, ആഘോഷത്തോടെ, ആരവാരത്തോടെ ദൈവത്തെ മഹത്വപ്പെടുത്തിയ ആരാധനയുടെ സന്ദർഭങ്ങൾ ഇതെല്ലാം നിങ്ങളുടെ ഹൃദയത്തിലേക്ക് ഓടി അണയുന്നുണ്ടാകും.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഇതുവരെയും ഈ അനുഭവം കിട്ടിയിട്ടില്ല എന്നു വരികിൽ ഇപ്പോൾ നിങ്ങൾ ദൈവത്തോടു പറയണം: കർത്താവേ, ക്രിസ്തുവിനോടുകൂടെ നടക്കുക എന്ന് പറയുന്ന ആ അനുഭവത്തിന്റെ സാരസ്യവും മധുരിമയും എനിക്ക് തരണമേ. നാഥാ, നിന്നോടുകൂടെ നടക്കാനുള്ള ഭാഗധേയം എനിക്ക് നൽകണമേ; എന്നെ അതിലേക്കു നയിക്കണമേ.

കരുണയുള്ള കർത്താവേ, എന്റെ ജീവിതത്തിൽ ഇതുവരെയും ഈ മാധുര്യം ഞാൻ അനുഭവിച്ചിട്ടില്ല, ഈ സന്തോഷം ഞാൻ അനുഭവിച്ചിട്ടില്ല. ക്രിസ്തുവിനോടുകൂടി നടക്കുമ്പോഴുണ്ടാകുന്ന സ്നേഹത്തിന്റെ ആനന്ദാതിരേകം ഞാൻ അനുഭവിച്ചിട്ടില്ല. നാഥാ! നീ എനിക്ക് അതു തരണമേ.

ഹാനോക്ക്, അറുപത്തഞ്ചു വയസ്സുവരെയും ദൈവത്തോടുകൂടെ നടന്നില്ല. എന്നാൽ പിന്നീടുള്ള മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടന്നപ്പോൾ ഹാനോക്കിന്റെ ജീവിതത്തിൽ എന്താണുണ്ടായത് എന്ന് എബ്രായ ലേഖനകർത്താവ് പറയും:

**"വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു; ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെട്ടതിന്നു മുമ്പെ സാക്ഷ്യം പ്രാപിച്ചു." എബ്രായർ 11 : 5**

ഈ ഭൂമിയിൽ നിന്ന് എടുക്കപ്പെട്ടതിനു മുമ്പെ അവൻ ഒരു സാക്ഷ്യം പ്രാപിച്ചു. എന്താണ് അവനു കിട്ടിയ സാക്ഷ്യം? അവൻ ദൈവത്തെ പ്രസാദിപ്പിച്ചു. ദൈവത്തോടുകൂടെ നടക്കുന്നവനാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്.

നാം ഏതെല്ലാം പുണ്യകർമ്മങ്ങൾ ചെയ്താലും ഏതെല്ലാം മനോഗുണപ്രവൃത്തികൾ ചെയ്താലും ക്രിസ്തുവിനോടുകൂടെ ആയില്ല എങ്കിൽ, ക്രിസ്തുവിന്റെ തിരുനാമം മഹത്വപ്പെടുത്തുന്നതിനുവേണ്ടി തീരുന്നില്ല എങ്കിൽ അതെല്ലാം ദൈവസന്നിധിയിൽ നിഷ്ഫലമായിരിക്കും; ദൈവസന്നിധിയിൽ വിലയില്ലാത്തതായിരിക്കും.

എന്നാൽ ദൈവത്തോടുകൂടെ നടക്കുന്ന ദൈവപൈതൽ ജീവിതത്തിൽ ദൈവത്തെ പ്രസാദിപ്പിക്കും. ഈ ഭൂമിയിൽ നിന്ന് എടുക്കപ്പെട്ടതിനു മുമ്പെ ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു എന്ന സാക്ഷ്യം പ്രാപിച്ചു.

1. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു.
2. ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു എന്ന സാക്ഷ്യം പ്രാപിച്ചു.

ദൈവത്തോടുകൂടി നടന്ന കാലങ്ങളിൽ ഹാനോക്ക് കുടുംബജീവിതം നയിച്ചു. ദൈവത്തോടുകൂടെ നടക്കുന്നതിനു കുടുംബജീവിതം തടസ്സമല്ല. ഭാര്യയോ ഭർത്താവോ തടസ്സമല്ല. മക്കളെ ജനിപ്പിക്കാം. കുടുംബജീവിതം പുലർത്താം. മക്കളെ വളർത്താം. അതിൽ ഒന്നിലും പാപമില്ല.

ദൈവത്തോടുകൂടെ നടക്കുന്നവർക്ക് കുടുംബജീവിതത്തിന്റെ ഭദ്രത അനുഭവിക്കാം. ആ കുടുംബം സമാധാനം നിറഞ്ഞതായിരിക്കും. ദൈവത്തോടുകൂടെ നടക്കുന്ന ഒരാളുടെ കുടുംബം സന്തോഷം നിറഞ്ഞതായിരിക്കും. ഐക്യമുള്ളതായിരിക്കും. പരസ്പരം സൗഹൃദം നിറഞ്ഞതായിരിക്കും. പരസ്പരവിധേയത്വമുള്ളതായിരിക്കും. പരസ്പരം താങ്ങുന്നതായിരിക്കും. പരസ്പരം വഹിക്കുന്നതായിരിക്കും.

ദൈവത്തോടുകൂടെ നടക്കുന്ന കുടുംബത്തിലുള്ളവർ സ്നേഹത്തിന്റെ ദൃഢതരമായ ബന്ധത്തിൽ കഴിയുന്നവരായിരിക്കും. അവിടെ അഭിപ്രായവൈവിദ്ധ്യം ഉണ്ടാകുകയില്ല, ഭിന്നത ഉണ്ടാകുകയില്ല; അവിടെ പരസ്പരം പോരില്ല, പരസ്പരം വാഗ്വാദമില്ല, തർക്കമില്ല; ഞാനോ നീയോ എന്ന ചോദ്യമില്ല, പരസ്പര വിധേയത്വമാണ്. ഭാര്യ, ഭർത്താവിന്റെ better half ആയിരിക്കും. ഭർത്താവ് ഭാര്യയുടെ better half ആയിരിക്കും.

കുടുംബജീവിതം ഭദ്രതരമായിരിക്കും. തിരുവചനം പറയുന്നു: ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. ഭർത്താവ് ഭാര്യയെ കരുതണം. ഭർത്താവ് ഭാര്യയെ ബഹുമാനിക്കണം.

പലപ്പോഴും നാം അതെല്ലാം മറന്നുപോയിട്ടുള്ള കാര്യങ്ങളാണ്. ഭാര്യയെ ബഹുമാനിക്കാറുണ്ടോ? ഭാര്യയുടെ മാതാപിതാക്കളെ ബഹുമാനിക്കാറുണ്ടോ? ഭാര്യയുടെ സ്വന്തക്കാരെ ബഹുമാനിക്കാറുണ്ടോ? ഭാര്യ കൊണ്ടുവന്നത് പോരാ എന്ന ചിന്താഗതിയാണോ?

ചിലർ പറയും: ‘‘എനിക്ക് ഏതെല്ലാം നല്ലനല്ല വിവാഹാലോചനകൾ വന്നതാണ്! എന്തുകൊണ്ടോ ഞാൻ നിന്നെയാണ് വിവാഹം കഴിച്ചുപോയത്. എനിക്ക് സന്തോഷമുണ്ടായിരുന്നില്ല. എനിക്കു താല്പര്യമുണ്ടായിരുന്നില്ല.” ഇങ്ങനെയെല്ലാം പറയുന്നത് ഹൃദയത്തെ കീറി മുറിക്കുന്ന വാക്കുകളാണ്. ഒരിക്കലും ഒരു ഭാര്യയോ, ഭർത്താവോ അങ്ങനെ പറയരുത്. പരസ്പരബഹുമാനമുണ്ടെങ്കിൽ അത് പറയുകയില്ല. പരസ്പര ബഹുമാനമില്ലാത്തതുകൊണ്ടാണ് അത് പറയുന്നത്.

എനിക്ക് എത്രയോ നല്ല വിവാഹാലോചനകൾ വന്നതാണ്. ഈ വിവാഹം കഴിക്കേണ്ടി വന്നത് എനിക്കു പറ്റിയ ഒര ബദ്ധമാണ് എന്ന് ഒരു കാലത്തും ചിന്തിച്ചു പോകരുത്. അങ്ങനെ ചിന്തിക്കുന്നു എന്നു വരികിൽ ആ കുടുംബം ഭദ്രമാ

യിരിക്കയില്ല. സമാധാനമുള്ളതായിരിക്കയില്ല, ആ കുടുംബ ത്തിൽ ദൈവം വസിക്കുകയില്ല.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. അവൻ മക്കളെ ജനിപ്പിച്ചു.

**"ഹാനോക്കിനു അറുപത്തഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശലഹിനെ ജനിപ്പിച്ചു. മെഥൂശലഹിനെ ജനിപ്പിച്ചശേഷം ഹാനോക്ക് മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നട ക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കുകയും ചെയ്തു."** **ഉല്പത്തി 5 : 21, 22**

ഒന്ന്: ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു.

രണ്ട്: ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു.

മൂന്ന്: ഹാനോക്ക് ഒരു കുടുംബജീവിതം സമാധാനപ രമായി നയിച്ചു.

നാല്: ഹാനോക്ക് ദൈവസന്നിധിലേക്ക് എടുക്കപ്പെട്ടു.

ഈ ഭൂമിയിൽ നിന്ന് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവത്തോടുകൂടെ നടന്ന ദൈവപൈതൽ ദൈവസന്നിധിയി ലേക്ക് ചേർക്കപ്പെട്ടു.

നാമെല്ലാം ഒരു ദിവസം നിത്യതയെ അഭിമുഖീകരിക്കണം. ഒരു ദിവസം മരണമെന്ന തിരശ്ശീലയ്ക്കപ്പുറത്തേക്ക് നാം പോകണം. അത് ഏതു പ്രായത്തിലാണ് എന്ന് നമുക്ക് അറി ഞ്ഞുകൂടാ. എങ്ങനെയാണ്, എപ്പോഴാണ് എന്ന് അറിഞ്ഞു കൂടാ. നാമാരും ആഗ്രഹിക്കാത്ത സമയത്ത് ഈ ഭൂമി യിൽനിന്ന് നാം മാറിപ്പോകും എന്നുള്ളത് ഒരു പരമസത്യമാണ്, ആർക്കും സംശയമില്ല.

എന്നാൽ പ്രിയമുള്ളവരേ, കടന്നുപോകുന്നത് എവിടെ എന്നുമാത്രം ഉറപ്പില്ല. എങ്ങോട്ടാണ് കടന്നുപോകുന്നത്? ഞാൻ ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടുമ്പോൾ എവിടെയാണ്

ഞാൻ ചെല്ലുന്നത്? ആ ഉറപ്പ് ഇവിടെവച്ച് നാം പ്രാപിക്കണം.

പരിശുദ്ധാത്മാവ് സാക്ഷ്യം പറയണം; ദൈവത്തിന്റെ ആത്മാവ് നമ്മുടെ ആത്മാവോടു ചേർന്ന് സാക്ഷ്യം പറയണം. നാം ദൈവത്തിന്റെ മക്കൾ ആയി എന്ന്, വീണ്ടുംജനനം പ്രാപിച്ചു എന്ന് സാക്ഷ്യം പറയണം. ആ ഉറപ്പ് നമുക്ക് ലഭിക്കണം.

**"നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു."**

**റോമർ 8 : 16**

ഊഹിച്ചു യാത്രചെയ്യാൻ പാടില്ല. യേശു കൂടെ കാണും എന്ന് ഊഹിച്ച് കന്യകമറിയാം യാത്രചെയ്തു, മൂന്നു ദിവസം പാഴായിപ്പോയി. പ്രിയപ്പെട്ടവരേ, നിങ്ങളാരും കർത്താവ് കൂടെ ഉണ്ടായിരിക്കും എന്ന് ഊഹിച്ചു യാത്രചെയ്യാൻ ഇടവരരുത്. കാണും, കാണാതിരിക്കില്ല. വേറെ പ്രകടമായ പാപങ്ങൾ ഒന്നും വന്നില്ലല്ലോ. പ്രകടമായി വേണ്ടാതനത്തിനൊന്നും പോകുന്നില്ലല്ലോ. പിന്നെ മനുഷ്യസഹജമായ ചില ബലഹീന തകളൊക്കെ ഉണ്ടെന്നല്ലേ ഉള്ളൂ. ഇങ്ങനെ നാം സ്വയം ചില കാര്യങ്ങൾ കണ്ടെത്തുകയും അതിൽ സംതൃപ്തിപ്പെട്ടിരിക്കു കയും ചെയ്യാൻ പാടില്ല; വ്യക്തമായി യേശുക്രിസ്തു കൂടെ യുണ്ട് എന്ന ഉറപ്പ് ഉണ്ടായിരിക്കണം.

കന്യകമറിയാമിനു പറ്റിയ അബദ്ധം, യേശു കൂടെയുണ്ട് എന്ന് ഊഹിച്ചു യാത്രചെയ്തു. ദേവാലയത്തിലേക്ക് പോയ പ്പോൾ യേശു കൂടെയുണ്ടായിരുന്നു. തിരികെ പോന്നപ്പോൾ യേശു കൂടെ ഉണ്ടായിരിക്കുമെന്ന് ഊഹിച്ചു. ഒരു ദിവസം കഴി ഞ്ഞപ്പോഴാണ് യേശു കൂടെയില്ല എന്ന കാര്യം മനസ്സിലായത്. രണ്ടാമത്തെ ദിവസം ചാർച്ചക്കാരുടെ ഇടയിലും യാത്രക്കാ രുടെ ഇടയിലും യേശുവിനെ തിരഞ്ഞു. ആ ദിവസവും നഷ്ട മായിപ്പോയി.

ഉണ്ടായിരിക്കും എന്ന് പ്രതീക്ഷിച്ചിടത്തൊന്നും യേശു വിനെ കിട്ടിയില്ല. മൂന്നാം ദിവസം പിറകിലേക്ക് നടക്കുകയാണ്.

എവിടെ നഷ്ടപ്പെട്ടുവോ അവിടംവരെയും തിരികെ പോയി.

അങ്ങനെ മൂന്നു ദിവസം കന്യകമറിയാമിന്റെ ജീവിതത്തിൽ പാഴായിപ്പോയി. നഷ്ടമായിപ്പോയി. സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ എത്ര വർഷങ്ങൾ പാഴായിപ്പോയി? ഇത്രയും വർഷങ്ങൾ നിങ്ങൾ ഭക്ഷണം കഴിച്ചു. നിങ്ങൾ വിദ്യാഭ്യാസം നേടി. നിങ്ങൾ ജോലി നേടി. വരുമാനം നേടി. നിങ്ങൾ ഭവനം നിർമ്മിച്ചു. നിങ്ങൾക്കു മക്കളുണ്ടായി. പലപല കാര്യങ്ങൾ നിങ്ങൾ നേടി. പക്ഷേ, യേശു കൂടെയുണ്ട് എന്ന ഉറപ്പ് പ്രാപിക്കാൻ നിങ്ങൾക്കു കഴിഞ്ഞുവോ? അതില്ലാതെ അടുത്ത ചുവട് നിങ്ങൾ വയ്ക്കരുത്. അതിന് എന്താണ് ചെയ്യേണ്ടത്?

**"രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ?"**
**ആമോസ് 3 : 3**

നാം ഒരുമിച്ചു നടക്കണമെങ്കിൽ ദൈവവുമായി നിരപ്പു പ്രാപിക്കണം; ദൈവവുമായി നിരപ്പു പ്രാപിക്കാതെ ദൈവവുമായി ഒരുമിച്ചു നടക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതിനു തടസ്സമായി ഇന്ന് നമുക്ക് എന്താണുള്ളത്? അത് യിരമ്യാപ്രവാചകൻ പറയും:

**"നിന്റെ ശുഭകാലത്ത് ഞാൻ നിന്നോടു സംസാരിച്ചു; നീയോ: ഞാൻ കേൾക്കയില്ല എന്നു പറഞ്ഞു; എന്റെ വാക്ക് അനുസരിക്കാതിരിക്കുന്നതു ബാല്യം മുതൽ നിനക്കുള്ള ശീലം."**
**യിരമ്യാവ് 22 : 21**

ദൈവം നമുക്ക് വചനം തരുന്നുണ്ട്. ദൈവം സംസാരിക്കുന്നുണ്ട്. പക്ഷേ, നിങ്ങൾ മറുതലിക്കുകയാണ്. വചനം കൈക്കൊള്ളുന്നില്ല.

പ്രിയമുള്ളവരേ, ദൈവത്തോടു നിരപ്പാകുക. നമ്മുടെ പാപമാണ് ദൈവത്തോടു നിരപ്പാകുന്നതിന്, ദൈവസന്നിധിയിലേക്കു കടന്നു ചെല്ലുന്നതിനു തടസ്സം. പാപം മാറ്റുക. പാപം ദൂരീകരിക്കുക.

എന്താണ് അതിനു ചെയ്യേണ്ടത്? വെളിച്ചം വരുമ്പോൾ ഇരുൾ മാറും എന്നുപറഞ്ഞതുപോലെ ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് വരുമ്പോൾ പാപം മാറും. ക്രിസ്തുവിനെ നിങ്ങൾ വിളിക്കുക: കർത്താവേ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ.

നീ എനിക്കുവേണ്ടി കുരിശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. നിന്റെ കുറ്റമില്ലാത്ത രക്തം എനിക്കുവേണ്ടി ചിന്തി എന്നു ഞാൻ വിശ്വസിക്കുന്നു. യേശുവേ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ. നാഥാ! ഇന്നുമുതൽ നിന്നോടുള്ള നിരപ്പിലും നിന്നോടുള്ള ഐക്യത്തിലും ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. നിങ്ങൾ അങ്ങനെ തീരുമാനിക്കുമ്പോൾ നിങ്ങൾക്ക് ദൈവത്തോടുകൂടെ നടന്നു തുടങ്ങാം.

ദൈവത്തോടൊത്ത്, ദൈവത്തോടൊരുമിച്ച് നടക്കാം. അപ്പോൾ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കും. അപ്പോൾ അനുഗൃഹീതമായ കുടുംബജീവിതം നയിക്കാൻ സാധിക്കും. അപ്പോൾ ദൈവത്തിന്റെ സന്നിധിയിലേക്ക് പറന്നു ചെല്ലാൻ സാധിക്കും.

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ കർത്താവായ യേശു വീണ്ടും വരുമ്പോൾ തിരുസന്നിധിയിലേക്ക് കാഹളനാദം കേട്ട് പറന്നുയരുന്നത് ആരാണ്? വിശുദ്ധന്മാർ മാത്രം!

കർത്താവേ, എന്നെയും നീ കഴുകണമേ എന്ന് നമുക്കു പ്രാർത്ഥിക്കാം. ഇന്നും നിന്നോട് അകൽച്ചയുള്ളതായി എന്റെ ജീവിതത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന മുറുകെപ്പറ്റുന്ന പാപങ്ങൾ എന്നിൽനിന്ന് നിശ്ശേഷം ദൂരീകരിക്കണമേ. നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ തിരുരക്തത്താൽ എന്നെ കഴുകണമേ. നിന്നോടു ചേർന്നുള്ള ഒരു നടപ്പ്, നിന്നോട് ചേർന്നുള്ള ഒരു ജീവിതം എനിക്കു തരണമേ.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം

അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി, എന്റെ യേശുവേ, നീ രണ്ടാമത് എഴുന്നള്ളി വരുമ്പോൾ നിന്റെ സന്നിധിയിലേക്ക് പറന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ നിൽപ്പാൻ എന്നെ യോഗ്യനാക്കണമേ. പ്രാർത്ഥിക്കൂ. ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കൂ. എല്ലാം മാറിമറിയും. മാറാത്തത് യേശു മാത്രം.

യേശു നമുക്കുവേണ്ടി ക്രൂശിൽ മരിച്ചു. യേശു വീണ്ടും വരും. വീണ്ടും വരുന്ന യേശുവിനെ എതിരേൽപ്പാൻ നിങ്ങൾ ഉണരുക. നിങ്ങളെത്തന്നെ ഒരുക്കുക. വിശുദ്ധീകരണം അനുഭവിക്കുക. ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കുക. പുതിയ തീരുമാനങ്ങൾ എടുക്കുക. യേശുവിനോടു പറയുക: യേശുവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

## രണ്ട്

**"മെഥൂശലഹിന്നു നൂറ്റെൺപത്തേഴു വയസ്സായപ്പോൾ അവൻ ലാമേക്കിനെ ജനിപ്പിച്ചു. ലാമേക്കിനെ ജനിപ്പിച്ച ശേഷം മെഥൂശലഹ് എഴുന്നൂറ്റെൺപത്തിരണ്ട് സംവത്സരം ജീവിച്ചിരുന്നു പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു. മെഥൂശലഹിന്റെ ആയുഷ്ക്കാലം ആകെ തൊള്ളായിരത്തറു പത്തൊമ്പതു സംവത്സരമായിരുന്നു; പിന്നെ അവൻ മരിച്ചു."**

**ഉല്പത്തി 5 : 25 – 27**

വേദപുസ്തകത്തിൽ ഏറ്റവും അധികം പ്രായമുള്ള ഒരു വ്യക്തിയാണ് മെഥൂശലഹ്. തൊള്ളായിരത്തറുപത്തൊമ്പതു വർഷം മെഥൂശലഹ് ജീവിച്ചിരുന്നു. 'Back to Methuselah' എന്ന പേരിൽ ബർണാഡ്ഷാ, മനോഹരമായ ഒരു കൃതി എഴുതിയിട്ടുണ്ട്. മെഥൂശലഹ്, ഏറെക്കാലം ജീവിച്ച വ്യക്തി എന്ന നിലയിൽ വേദപുസ്തകത്തിൽ പ്രശസ്തനാണ്.

തൊള്ളായിരത്തറുപത്തിരണ്ടു വർഷം ജീവിച്ചിരുന്നയാരെദ് ആണ് ദീർഘായുസ്സിൽ രണ്ടാമത്തെ വ്യക്തി. വേദപുസ്തകത്തിൽ ആദാമിന്റെ വംശപരമ്പരയിൽ, ആദാമിന്റെ മകനായ കയീന്റെ വംശപരമ്പരയിൽ ഏഴാമനാണ് ലാമേക്ക്.

**"ലാമെക്ക് രണ്ടു ഭാര്യമാരെ എടുത്തു; ഒരുത്തിക്കു ആദാ എന്നും മറ്റവൾക്ക് സില്ലാ എന്നും പേർ." ഉല്പത്തി 4 : 19**

ആദാമിന്റെ മകനായ ശേത്തിന്റെ വംശത്തിൽ ഉണ്ടായ ഏഴാമനാണ് ഹാനോക്ക്.

കയീന്റെ വംശപരമ്പരയിൽ ഏഴാമൻ ലാമേക്ക്. ശേത്തിന്റെ

വംശപരമ്പരയിൽ ഏഴാമൻ ഹാനോക്ക്. ഹാനോക്ക് മരിക്കുന്നതിനുമുമ്പ് ഒരു കാര്യം പ്രവചിച്ചു. ഹാനോക്ക് പ്രവചിച്ചത് ഒരു ന്യായവിധിയെക്കുറിച്ചാണ്. അത് യൂദായുടെ ലേഖനത്തിലാണ് പറയുന്നത്. യൂദായുടെ ലേഖനത്തിൽ ഹാനോക്ക് കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും ആയിരമായിരം ദൂതന്മാരോടുകൂടി കർത്താവ് വന്ന് വലിയൊരു ന്യായവിധി നടത്തും എന്നതിനെക്കുറിച്ചും പ്രവചിച്ചതായി കാണുന്നു.

**“ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച്: “ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവർത്തികളുംനിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധംവരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു” എന്ന് പ്രവചിച്ചു.” യൂദാ 14 , 15**

ഹാനോക്ക് മരിക്കുന്നതിനുമുമ്പ്, ഒരു ന്യായവിധി വരാൻപോകുന്നു എന്ന് പ്രവചിച്ചു. യേശുക്രിസ്തു വീണ്ടും വരും. നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾക്ക് മുമ്പ് ഹാനോക്ക് അത് പ്രവചിച്ചു.

എന്നാൽ പ്രവചനം ബഹുകാലത്തേക്കുള്ളതാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് മാത്രമല്ല, തൊട്ടടുത്ത് ന്യായവിധി വരും എന്നതിനെക്കൂടി സൂചിപ്പിച്ചു ആ പ്രവചനം. ഹാനോക്കിന്റെ മകനായ മെഥൂശലഹിന് തൊള്ളായിരത്തി അറുപത്തൊമ്പത് വർഷം ആയുസ്സുണ്ട്.

മെഥൂശലഹ് ജനിക്കുന്നതിനുമുമ്പ് അപ്പനായ ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് പ്രവചിച്ചു ഒരു ന്യായവിധി വരുന്നു എന്ന്. മെഥൂശലഹ് തൊള്ളായിരത്തി അറുപത്തൊമ്പതാമത്തെ വയസ്സിൽ മരിക്കുന്നു. മരിക്കുന്ന അന്നേദിവസം ജലപ്രളയം ആരംഭിക്കുന്നു.

ജലപ്രളയം ആരംഭിക്കുന്നതിന് തൊള്ളായിരത്തി അറുപത്തൊമ്പതു കൊല്ലം മുമ്പ് ന്യായവിധി വരാൻ പോകുന്നു എന്ന് ഹാനോക്കിന് ദൈവം അരുളപ്പാട് കൊടുത്തു. ഹാനോക്ക് അത് പ്രവചിച്ച് പ്രസംഗിച്ചു.

ദൈവം അവസരം തരുന്നു; വരാൻപോകുന്ന ശിക്ഷാവിധിക്കുമുമ്പ് അനുതപിക്കാൻ അവസരം തരുന്നു. ഹാനോക്കിൽക്കൂടി കിട്ടിയ പ്രവചനപരമായ പ്രബോധനം അന്നത്തെ ജനം അനുസരിച്ചിരുന്നു എങ്കിൽ അനുതപിക്കാമായിരുന്നു; ന്യായവിധി ഒഴിവാക്കാമായിരുന്നു.

എന്നാൽ ന്യായവിധി വന്നു, പ്രളയം വന്നു, ഈ പ്രകൃതിയെ കഴുകിയെടുത്തു. മനുഷ്യജാതിയ്ക്ക് ശിക്ഷ വന്നു. പ്രളയം മൂലം എല്ലാം പുതുക്കി.

ഹാനോക്ക് പ്രവചിച്ച് തൊള്ളായിരത്തറുപത്തൊമ്പതു കൊല്ലം കരുണയുള്ള കർത്താവ് മനുഷ്യന് അനുതപിക്കാൻ അവസരം നൽകി. അതിലെ ഒടുവിലത്തെ നൂറ്റിഇരുപതു വർഷം നോഹ പെട്ടകം ഒരുക്കിക്കൊണ്ട് പ്രസംഗിച്ചു. അങ്ങനെ നൂറ്റിയിരുപതുകൊല്ലം പിന്നെയും അതിനകത്തുതന്നെ വിശേഷാൽ അവസരം നൽകി. അതാണ് ഉല്പത്തിപുസ്തകം ആറാം അദ്ധ്യായത്തിൽ നാം കാണുന്നത്.

**"അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്ന് അരുളിച്ചെയ്തു." ഉല്പത്തി 6 : 3**

ഇംഗ്ലീഷ് ബൈബിളിൽ ഇങ്ങനെ കാണുന്നു.

**"My Spirit must not forever be disgraced in man; wholly evil as he is. I will give him 120 years to mend his ways."**

മനുഷ്യനിൽ എന്റെ ആത്മാവ് എന്നും അപമാനിക്കപ്പെ

ടുവാൻ ഞാൻ സമ്മതിക്കുകയില്ല. എന്റെ ആത്മാവ് മനുഷ്യന്റെ അരികത്തു ചെന്നു നിന്നു വാദിച്ചു കെഞ്ചി നിന്നിട്ട് മനുഷ്യൻ വാതിൽ തുറക്കാതെ എന്റെ ആത്മാവ് അപമാനം സഹിച്ചുപോരാൻ ഞാൻ സമ്മതിക്കുകയില്ല. മനുഷ്യൻ മുഴുവനും തിന്മയാണ്. അവൻ ജഡം തന്നെയല്ലോ. അവൻ മുഴുവൻ തിന്മയായിപ്പോയി. അകവും പുറവും തിന്മയായിപ്പോയി. അവന്റെ വഴികളെ നേരെയാക്കാൻ ഞാൻ അവന് 120 വർഷം നൽകിയിരിക്കുന്നു.

തൊള്ളായിരത്തി അറുപത്തൊൻപതു കൊല്ലം മനുഷ്യന് അനുതപിക്കാൻ ദൈവം അവസരം നൽകി. അതിന്റെ ഒടുവിലത്തെ നൂറ്റിഇരുപതുകൊല്ലം നോഹ പിന്നെയും പ്രസംഗിച്ചു കൊണ്ട് ഓടി നടന്നു. പെട്ടകം ഇതാ ഒരുക്കിയിരിക്കുന്നു. പ്രളയത്തിൽ ആരും നശിക്കേണ്ട. രക്ഷപ്പെടുവിൻ, പെട്ടകത്തിലേക്ക് കയറുവിൻ, പ്രളയം ഇതാ വരുന്നു. രക്ഷപ്പെടുവാൻ ദൈവം മാർഗ്ഗം ഒരുക്കിയിരിക്കുന്നു.

നോഹ ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു.

**“നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു.” ഉല്പത്തി 6 : 9**

**“എന്നാൽ നോഹെക്കു യഹോവയുടെ കൃപ ലഭിച്ചു.” ഉല്പത്തി 6 : 8**

ഇന്ന് നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുകയാണ്; ദൈവത്തിന്റെ വരം ലഭിച്ചിരിക്കുകയാണ്. ദൈവത്തിന്റെ വചനം ലഭിച്ചിരിക്കുകയാണ്. അനുതപിക്കുവാൻ അവസരം തന്നിരിക്കുകയാണ്. വലിയ ശിക്ഷ വരുന്നതിന് മുമ്പ്, വലിയ പ്രളയം വരുന്നതിനു മുമ്പ്, വലിയ നാശം വരുന്നതിനുമുമ്പ്,

വലിയ ന്യായവിധി വരുന്നതിനുമുമ്പ് അനുതപിക്കുവാൻ ദൈവം അവസരം തന്നിരിക്കുകയാണ്.

ഞാനും നിങ്ങളും അനുതാപത്തോടെ കർത്താവിന്റെ സന്നിധിയിലേക്കു ചെന്ന്: നാഥാ, നീ എന്റെ പാപം ക്ഷമിക്കണമേ എന്നു പറഞ്ഞ് നമ്മുടെ പാപത്തെ ഓർത്ത് അനുതപിച്ചില്ല എങ്കിൽ വലിയ ശിക്ഷ ഇതാ, പിന്നാലെ വരുന്നു. വലിയ ന്യായവിധി പിന്നാലെ വരുന്നു.

ഞാൻ അവന്റെ വഴികളെ നേരെയാക്കാൻ അവന് 120 വർഷം കൊടുത്തിരിക്കുന്നു എന്ന് ദൈവം അരുളിച്ചെയ്തു. നോഹ അത് പ്രസംഗിച്ചു.

നോഹ ദൈവത്തോടുകൂടെ നടന്നു; ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു; നോഹ ദൈവത്തിന്റെ വചനം പ്രസംഗിച്ചു; നോഹ ജനത്തെ പ്രബോധിപ്പിച്ചു.

ഇന്നത്തെ ഈ കാലയളവിനെക്കുറിച്ച് നമ്മുടെ കർത്താവ് മുൻകൂട്ടി പറഞ്ഞു:

**"നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും." മത്തായി 24 : 37**

നോഹയുടെ കാലംപോലെ തന്നെ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവും ആകും.

**"ജലപ്രളയത്തിന്നു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നേ ആകും."**

**മത്തായി 24 : 38, 39**

അവർ തിന്നുകൊണ്ടിരുന്നു. കുടിച്ചുകൊണ്ടിരുന്നു.

ഭൗതികമായ കാര്യങ്ങൾ ഒന്നും മുടങ്ങിയില്ല. വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. വിവാഹജീവിതം മുടങ്ങിയില്ല. എല്ലാം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് അവർ അറിഞ്ഞില്ല. നാശം വരുന്നു എന്ന് വചനം ഗ്രഹിച്ചില്ല.

അവർക്കു മുന്നറിയിപ്പു കിട്ടിയതാണ്. വചനം കേട്ടുകൊണ്ടിരുന്നു. പക്ഷേ, വചനത്തിന്റെ ആഴം ഗ്രഹിച്ചില്ല; വചനത്തിന്റെ അർത്ഥം ഗ്രഹിച്ചില്ല; വചനത്തിന്റെ ആശയം ഗ്രഹിച്ചില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും എന്ന് പറയുന്നു.

**“നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്നു, അവരെ എല്ലാവരേയും മുടിച്ചുകളഞ്ഞു.” ലൂക്കോസ് 17 : 26, 27**

കർത്താവിന്റെ സ്വന്തം നാവുകൊണ്ട് പറഞ്ഞ വാക്കുകളാണ്. നോഹ ദൈവത്തോടുകൂടെ നടന്നു. ദൈവത്തിന്റെ വചനം ലഭിച്ചു. ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹ ദൈവത്തിന്റെ വചനം അനുസരിച്ചു. അതുവരെ കാണാത്തതിനെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് നോഹ ഒരു പെട്ടകം പണിതു.

എബ്രായലേഖനം 11-ാം അദ്ധ്യായത്തിൽ നോഹയെക്കുറിച്ച് അതുതന്നെ പറയുന്നു:

**“വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ടു ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു.” എബ്രായർ 11 : 7**

നോഹ വിശ്വസിച്ചു. അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായി. അതുവരെ ഈ ഭൂമി മഞ്ഞുകൊണ്ട് നനഞ്ഞു പോന്നിട്ടേയുള്ളു. മഴ എന്നൊരു പ്രതിഭാസം ഉണ്ടായിട്ടില്ല. ആകാശത്തു നിന്ന് വെള്ളത്തുള്ളികൾ ഭൂമിയിലേക്കു വീഴുക അതുവരെ ഉണ്ടായിട്ടില്ല. ഈ ഭൂമിയിൽ നിന്ന് ഉറവ് വെള്ളം മുകളിലേക്കു പൊങ്ങി വരുന്നതു കണ്ടിട്ടില്ല. മഞ്ഞു കൊണ്ട് നനഞ്ഞിട്ടേയുള്ളൂ.

അതുവരെ കാണാത്ത 'മഴ' എന്ന കാര്യത്തെക്കുറിച്ച് അരുളപ്പാടുണ്ടായപ്പോൾ നോഹ അതു വിശ്വസിച്ചു. ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹ ദൈവത്തോടുകൂടെ നടന്നു.

സ്നേഹിതരേ, നിങ്ങൾക്ക് വിശ്വാസം വരാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ ദൈവത്തോടുകൂടെ നടക്കുന്നില്ല. ദൈവത്തോടുകൂടെ നടക്കാൻ സാധിക്കും എന്ന് വിശ്വസിക്കുന്നില്ല. ദൈവത്തോടുകൂടെ നടക്കാൻ സാധിക്കണം എന്ന ആഗ്രഹമില്ല.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു; നോഹ ദൈവത്തോടുകൂടെ നടന്നു; അബ്രാഹാം ദൈവത്തോടുകൂടെ നടന്നു. നാം അക്ഷരികമായി ഒരാളെ അരികത്തു കണ്ട് നടക്കുകയല്ല, ആ തിരുസാന്നിദ്ധ്യം ലഭിക്കുകയാണ്. നമ്മോടു ചേർന്ന് ദൈവം ഉണ്ടെന്നുള്ള ബോധം.

ദാവീദ് പറഞ്ഞു: ഞാൻ കർത്താവിനെ എന്റെ വലത്തുഭാഗത്തു വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ ഒരു കാലത്തും കുലുങ്ങിപ്പോകയില്ല. വലത്തുഭാഗത്ത് ദൈവം നിൽക്കുന്നു എന്നുള്ള ഉറപ്പേറിയ നിർണ്ണയം!

ദാവീദ് വീണ്ടും പറഞ്ഞു: "കീഴെ ശാശ്വതഭുജങ്ങളുണ്ട്." എന്നെ, ദൈവത്തിന്റെ ശാശ്വതഭുജങ്ങൾ താങ്ങുന്നു.

യെശയ്യാവ് പറഞ്ഞു: "അവന്റെ മഹത്വം നിനക്കു പിൻപ

ടയായിരിക്കും." ദൈവത്തിന്റെ മഹത്വം പിറകെ പടപോലെ, സൈന്യം പോലെ വരുന്നു.

അവൻ നമുക്കു ചുറ്റും പരിചയായും പലകയായും നിൽക്കും എന്ന് ദാവീദ് പറഞ്ഞു.

ജീവനുള്ള ദൈവത്തിന്റെ കൈ എപ്പോഴും നമ്മെ വലയം ചെയ്തുനിൽക്കുന്നു. ഇത് നാം അനുഭവിക്കുന്നുണ്ടോ? സുര ക്ഷിതരാണ് നാം. ദൈവസന്നിധിയിൽ സുരക്ഷിതജീവിതമാണ് നമുക്ക്. ക്രിസ്തുവിന്റെ കരങ്ങളിൽ നാം ഒതുങ്ങി നിൽക്കുന്നു. അത്യുന്നതന്റെ മറവിൽ നാം വസിക്കുന്നു. സർവ്വശക്തന്റെ നിഴലിൻ കീഴിൽ നാം പാർക്കുന്നു. നാം ദൈവത്തെ നമ്മുടെ സങ്കേതമാക്കിയിരിക്കുന്നു. ദൈവത്തെ നമ്മുടെ ശരണമാക്കി യിരിക്കുന്നു. ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. പ്രിയപ്പെട്ടവരേ, ഈ ഉറപ്പ് നിങ്ങൾക്കുണ്ടോ?

ഈ ഉറപ്പില്ലെങ്കിൽ നാം നിർഭാഗ്യവാന്മാരാണ്. യേശു കൂടെയുണ്ട്, കർത്താവ് എന്റെ ഹൃദയത്തിൽ വസിക്കുന്നു എന്നുള്ള ഉറപ്പ്. അവൻ എന്റെ വലത്തുഭാഗത്തു നിൽക്കുന്നു, അവന്റെ കരം എന്നെ താങ്ങുന്നു, അവന്റെ വലങ്കരം എന്നെ മുറുകെ പിടിച്ചിരിക്കുന്നു എന്നുള്ള ഉറപ്പ്.

**"ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്ര കാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെ ടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ. നീ വെള്ളത്തിൽ കൂടി കടക്കു മ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല: നീ തീയിൽ ക്കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹി പ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനു മായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവില**

**യായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു. നീ എനിക്കു വില ഏറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്ക് പകരം മനുഷ്യരെയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു."**

**യെശയ്യാവ് 43 : 1 – 4**

ജീവനുള്ള ദൈവം തരുന്ന വാഗ്ദാനങ്ങളാണ്. ദൈവം പാപിയായ മനുഷ്യനോടു പറയുകയാണ്: നീ എനിക്കു വിലയേറിയവനാണ്, മാന്യനാണ്. ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാണ്. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ അത് നിന്റെ മീതെ കവിയുകയില്ല. നീ തീയിൽക്കൂടി നടന്നാൽ തീ നിന്നെ ദഹിപ്പിക്കയില്ല. നീ എത്രയെത്ര ശോധനകളിൽക്കൂടി കടന്നുപോയി! ഏതെല്ലാം യാതനകളിൽക്കൂടി കടന്നുപോയി! ഏതെല്ലാം ദുരിതങ്ങളെ നേരിട്ടു! ഏതെല്ലാം പ്രശ്നങ്ങളെ നീ അതിജീവിച്ചു! ഏതെല്ലാം നൂലാമാലകളിൽ നീ കുടുങ്ങിപ്പോയി!

നീ നദികളിൽക്കൂടി കടന്നു. പ്രയാസങ്ങളിൽക്കൂടി കടന്നു. വലിയ വലിയ താഴ്വരകളിൽക്കൂടി കടന്നു. ദുരിതം പിടിച്ച ജീവിതം നീ നയിച്ചു. കഷ്ടപ്പാടുകളിൽ കൂടി കടന്നുപോയി. മാരകമായ രോഗങ്ങൾ നിനക്കു വന്നു. ഇതെല്ലാം വന്നപ്പോഴും എന്റെ കരം നിന്നെ താങ്ങി.

നിനക്ക് അഗ്നിശോധനകൾ വന്നു, തീയിൽക്കൂടി കടന്നുപോകുന്ന അനുഭവങ്ങൾ വന്നു. അനേകം എതിർപ്പുകൾ, അനേകം പോരാട്ടങ്ങൾ നിനക്കുവന്നു. ഒരു കാരണവുമില്ലാതെ അനേകർ നിന്നെ ദ്വേഷിച്ചു. തെറ്റിദ്ധാരണകൾ നിനക്കെതിരെ തെറുത്തുയർന്നു. മിഥ്യാപവാദങ്ങൾ നിനക്കുണ്ടായി. മകനേ, അപ്പോഴെല്ലാം ഞാൻ നിന്നെ താങ്ങി.

നിന്റെ ജീവിതത്തിൽ യാതനകൾ വന്നു. കടത്തിൽ നീ മുങ്ങിയ സമയങ്ങളുണ്ട്. ബിസിനസ്സിൽ തോറ്റുപോയ സമയ

ങ്ങളുണ്ട്. അനേകമനേകം കഷ്ടങ്ങളും നഷ്ടങ്ങളും വന്ന സമയങ്ങളുണ്ട്. കുടുംബത്തിൽ ക്ലേശങ്ങൾ വന്ന സമയങ്ങളുണ്ട്. മക്കൾ എതിരായ സമയങ്ങളുണ്ട്. അപ്പോഴെല്ലാം ഞാനല്ലയോ നിന്നെ താങ്ങിയത്? എന്റെ കരമല്ലയോ നിന്നെ പിടിച്ചത്? ഞാനല്ലയോ നിന്നെ നടത്തിക്കൊണ്ടുപോയത്? ഞാൻ നിന്നെ വിലയേറിയവനും മാന്യനുമായി എണ്ണിയിരിക്കുന്നു.

ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. ദൈവത്തോടുകൂടെ നടക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ഭയപ്പാടിൽ ഇരിക്കുന്നവർ ആരെല്ലാമുണ്ട്? പല കാര്യങ്ങളിൽ മനസ്സ് വ്യാകുലപ്പെട്ടിരിക്കുന്നവർ ആരെല്ലാമുണ്ട്? ഉള്ളുരുകി വലഞ്ഞിരിക്കുന്നവർ ആരെല്ലാമുണ്ട്? പ്രശ്നങ്ങളുടെ മുമ്പിൽപ്പെട്ട് ഉഴലുന്നവർ ആരെല്ലാമുണ്ട്? മുമ്പോട്ട് എങ്ങനെ പോകേണ്ടു എന്നറിയാതെ ക്ലേശിച്ച് വിഷമിച്ച് വശംകെട്ടു നിൽക്കുന്നവർ ആരെല്ലാമുണ്ട്?

ദൈവം പറയുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. ഭയം മാറ്റുന്നവനാണ് ഭയപ്പെടേണ്ട എന്നുപറയുന്നത്. കരയേണ്ട എന്നുപറയുന്നത് കരച്ചിൽ മാറ്റുന്നവനാണ്. വിശ്വസിക്ക എന്നുപറയുന്നവൻ വിശ്വാസം തരുന്നവനാണ്. അവൻ നിന്നെ സ്നേഹിക്കുന്നവനാണ്, നിന്നെ പകയ്ക്കുന്നവനല്ല. നിന്നെ വെറുക്കുന്നവനല്ല. ഉപേക്ഷിക്കുന്നവനല്ല. അവൻ നിന്നെ തള്ളിക്കളയുന്നവനല്ല. കഴിഞ്ഞകാലജീവിതത്തിലെ പാപങ്ങൾ നോക്കിയിട്ട് നീ ഇനി എന്റെ കൂടെ വരണ്ട എന്നുപറയുന്നവനല്ല. കഴിഞ്ഞകാലജീവിതത്തിലെ പാപങ്ങളെല്ലാം മായിച്ച് ഇല്ലായ്മ ചെയ്യുന്നവനാണ്. ഏതെല്ലാം പാപങ്ങൾ നിങ്ങൾക്കു സംഭവിച്ചിട്ടുണ്ടോ, ഏതെല്ലാം തിന്മകളിൽ നീ കുടുങ്ങിപ്പോയിട്ടുണ്ടോ അതിൽ നിന്നെല്ലാം നിങ്ങളെ കോരിയെടുക്കാൻ യേശുക്രിസ്തുവിനു മനസ്സാണ്, യേശുക്രിസ്തുവിനു കഴിയും.

കർത്താവേ, ഇതുവരെയും ഞാൻ സാത്താന്റെ കൂടെ, ദുരാത്മാക്കളുടെ കൂടെ നടന്നു. എന്റെ ജീവിതം നശിപ്പിക്കുന്ന ദുഷ്ടപ്പിശാചുക്കളുടെകൂടെ നടന്നു. ഇതുവരെയും കോപ ത്തിന്റെ ആത്മാവിന്റെ കൂടെ, വ്യഭിചാരത്തിന്റെ ആത്മാവിന്റെ കൂടെ, മദ്യപാനാസക്തിയുടെ ആത്മാവിന്റെ കൂടെ നടന്നു. ഇതുവരെയും ബ്ലൂ ഫിലിമിന്റെയും കൊലപാതകത്തിന്റെയും ആത്മാവിന്റെ കൂടെ നടന്നു. അനേകം ദുരാത്മാക്കൾ എന്നെ വലയം ചെയ്തു. ഇത്രയുംകാലം അനേകം പാപങ്ങളിൽ ഞാൻ കുടുങ്ങിപ്പോയി.

എന്നാൽ ഇന്ന് ഞാൻ നിന്നോട് ഒരു വാക്കു പറയുക യാണ്. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ കൂടെ നടക്കാൻ തീരുമാനിക്കുകയാണ്. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു. അബ്രാഹാം ദൈവത്തോടുകൂടെ നടന്നു. ദാവീദ് ദൈവത്തോടുകൂടെ നടന്നു. വിശുദ്ധന്മാർ ദൈവത്തോടുകൂടെ നടന്നു. നാഥാ, ഈ തലമുറയിലെ ഒരു വിശുദ്ധനാകാൻ എന്റെ ആയുസ്സ് നിന്റെ കരങ്ങളിലേക്ക് ഞാൻ തരികയാണ്.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതം അങ്ങനെ കൈമാ റാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? എന്നെ യേശുവിന് വിറ്റു. യേശു തന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ തിരുരക്തത്താൽ എന്നെ വിലയ്ക്ക് വാങ്ങിക്കഴിഞ്ഞു. യേശു എനിക്കു പകര മായി കൊടുത്ത വില തന്നെത്തന്നെയാണ്. ഈ ഹീനമനു ഷ്യനു പകരമായി അവൻ തന്നെത്തന്നെ പകരം കൊടുത്തു. എനിക്കു തുല്യം വിലയായി യേശു കണ്ടത് തന്നെത്തന്നെ യാണ്. അത്രമാത്രം നീ എന്നെ വിലയേറിയവനായി കണ്ടു.

ദൈവത്തിന്റെ സ്നേഹം! അപാരസ്നേഹം! നിത്യസ്നേഹം! അതിരില്ലാത്ത സ്നേഹം! പാപിയെ വീണ്ടെടുക്കുന്ന, അശു ദ്ധനെ വിശുദ്ധനാക്കുന്ന സ്നേഹം! പാപിയെ കഴുകിയെടു

ക്കുന്ന സ്നേഹം!

ഈ നിത്യസ്നേഹമല്ലയോ നിങ്ങളുടെ അടുക്കൽ നിന്നു കെഞ്ചുന്നത്. മകനേ, നിന്റെ ഹൃദയം എനിക്കു തരിക. ഞാൻ നിന്റെ ഹൃദയത്തിൽ വസിക്കാം. അതിനു സഭ മാറണ്ട, സമുദായം മാറണ്ട, കക്ഷി മാറണ്ട. നിന്റെ ആഭരണം മാറണ്ട, വസ്ത്രത്തിന്റെ നിറം മാറണ്ട. എന്നാൽ നീ ഒരു കാര്യം മാത്രം ചെയ്യുക. ഹൃദയം രൂപാന്തരപ്പെടുത്തുന്നവനെ നിന്റെ ഹൃദയത്തിലേക്കു സ്വീകരിക്കുക. ക്രിസ്തുവുള്ളവനായി ജീവിക്കുക. ഇന്നുമുതൽ യേശുവിനോടുകൂടെ നടക്കുക. യേശു തരുന്ന ഭാഗ്യാനുഭവം പ്രാപിക്കുക.

# മൂന്ന്

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു. അത് നമ്മുടെ മുന്നിൽ ഒരു വലിയ ആവേശമാണ്. ദൈവത്തോടു കൂടെ സഞ്ചരിക്കുക, അദൃശ്യനായ ദൈവത്തോടുകൂടെ ഈ ഭൂമിയിലെ ജീവിതത്തിൽ നാം നിരന്തരം നടക്കുക. ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് നടക്കുക, ദൈവത്തിന്റെ സാമീപ്യം അനുഭവിച്ചുകൊണ്ടു നടക്കുക, ദൈവത്തിന്റെ തേജസ്സിനോട് മുട്ടിയുരുമ്മി നടക്കുക, ദൈവത്തിന്റെ വിശുദ്ധിയിൽ നടക്കുക, ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കുക! എന്തൊരു പദവിയാണത്!

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടന്നതുകൊണ്ട് അവൻ മരണം കാണാതെ എടുക്കപ്പെട്ടു.

നോഹ ദൈവത്തോടുകൂടെ നടന്നു. വലിയ ന്യായവിധിയുടെ പ്രളയം വന്നപ്പോൾ നോഹയും നോഹയുടെ കുടുംബവും രക്ഷപ്പെട്ടു. ദൈവത്തോടുകൂടെ നടന്നാൽ രക്ഷയുണ്ട്. ദൈവത്തോടുകൂടെ നടന്നാൽ ദൈവസന്നിധിയിലേക്ക് എടുക്കപ്പെടും. ദൈവത്തോടുകൂടെ നടക്കുന്നവർക്ക് ജീവമാർഗ്ഗത്തിലൂടെ ജീവിതം നയിക്കാം. അവർക്ക് അവസാനം ദൈവസന്നിധിയിൽ തന്നെ ചെന്ന് ലയിച്ചു ചേരുകയും ചെയ്യാം.

നോഹയുടെ കാലം.

**"നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന്നു മുമ്പുള്ള കാലത്ത് നോഹ**

**പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും."** **മത്തായി 24 : 37 – 39**

ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞില്ല. എന്നാൽ അവർ അറിഞ്ഞതല്ലേ? നോഹ പ്രസംഗിച്ചതാണ്. നോഹ ജനത്തെ ഉദ്ബോധിപ്പിച്ചതാണ്. നോഹ മുന്നറിയിപ്പ് കൊടുത്തത് അവർ കേട്ടതാണ്. പക്ഷേ, വചനം പറയുന്നു, അവർ ഗൗനിച്ചില്ല എന്ന്.

പ്രളയം വരാൻ പോകുന്നു, ശിക്ഷാവിധി വരാൻ പോകുന്നു, എല്ലാം മുടിയാൻ പോകുന്നു എന്നുള്ള മുന്നറിയിപ്പുകൾ കിട്ടി. പക്ഷേ, ജനം അതൊന്നും വിശ്വസിച്ചില്ല.

നോഹയെ പരിഹസിക്കുക മാത്രമേ അവർ ചെയ്തുള്ളൂ. ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞില്ല. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവും അങ്ങനെതന്നെയാകും.

ക്രിസ്തു രണ്ടാമത് വരും എന്ന് കേൾക്കുന്നുണ്ടെങ്കിലും ഇന്ന് അനേകർ വിശ്വസിക്കുന്നില്ല. സുവിശേഷകന്മാർപോലും വിശ്വസിക്കുന്നുണ്ടോ? ഇതിലൊന്നും വലിയ ഗൗരവം ആരും കൊടുക്കുന്നില്ല. തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും സാധാരണ ജീവിതം നയിച്ചുപോരുന്നു. പ്രകടമായ വലിയ പാപങ്ങൾ ഒന്നുമില്ല എന്ന് സ്വയം സമാധാനപ്പെട്ടുപോകുന്നു.

സ്വന്തം ആത്മീയജീവിതത്തിൽ സംതൃപ്തി പൂണ്ടും അഭിമാനം പൂണ്ടും ജീവിച്ചു പോകുന്നു. ചില ചടങ്ങുകളും ആചാരങ്ങളുമെല്ലാം അനുഷ്ഠിച്ച്, അതിൽ സന്തോഷിച്ച്, ആമോദിച്ച്, അതിൽ പ്രശംസിച്ച്, അതിൽമാത്രം ആശ്രയിച്ച് ചില ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും മറവിൽ

ജീവിച്ചു പോകുന്നു.

പക്ഷേ, എന്താണ് സംഭവിക്കാൻ പോകുന്നതെന്നോ ലോകം നാശത്തിന്റെ വക്കിലാണെന്നോ അപകടമായ ദശാസ ന്ധിയിലേക്ക് ലോകം നീങ്ങുന്നുവെന്നോ ആരുമാരും ചിന്തി ക്കുന്നില്ല, അറിയുന്നില്ല. വന്നുമുടിച്ചുകളയുവോളം ആരും അറിഞ്ഞില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെയാകും.

ഇതുതന്നെയാണ് ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നത്.

**"നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യ പുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാ ഹത്തിന്നു കൊടുത്തും പോന്നു; ജലപ്രളയം വന്നു, അവരെ എല്ലാവരേയും മുടിച്ചു കളഞ്ഞു." ലൂക്കോസ് 17 : 26, 27**

മനുഷ്യർ ഇതു കേൾക്കുമ്പോൾ അത്രയ്ക്കൊന്നും പ്രാധാന്യം കൊടുക്കുന്നില്ല. "ജീവനുള്ളവരെയും മരിച്ചവ രെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവ സാനമില്ലാത്തവനുമായ യേശുമശിഹ ആയ ഏക കർത്താ വിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നു പറയുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്നവർ പോലും ഈ പറയുന്നതൊന്നും വിശ്വ സിക്കുന്നില്ല എന്നതാണ് സത്യം.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമവർ വലഭാ ഗത്തിൽ" എന്നു പാടുന്ന അനേകം പേർ ക്രിസ്തുവിന്റെ മഹ ത്വമുദിക്കുന്ന ഒരുനാളുണ്ട് എന്നു ചിന്തിക്കുന്നില്ല. "താവക മഹിമോദയ ദിവസേ നിൽക്കണമവർ വലഭാഗേ" എന്ന് പാടു ന്നവർ അനേകരും യേശുക്രിസ്തുവിന്റെ മഹിമ ഉദിക്കുന്ന ഒരു ദിവസമുണ്ട് എന്ന് ചിന്തിക്കുന്നില്ല, അത് വിശ്വസിക്കു ന്നില്ല.

പ്രിയപ്പെട്ടവരേ, നമ്മുടെ ഓരോരുത്തരുടേയും ജീവിത

ത്തിൽ ക്രിസ്തുവിന്റെ വരവ് നാം വിശ്വസിക്കുന്നുണ്ടോ എന്നു നോക്കുന്നതു നല്ലതാണ്. ഞാൻ നിനച്ചിരിയാത്ത സമയത്ത്, തീർത്തും അപ്രതീക്ഷിതമായ ഒരു സമയത്ത്-അത് പകലാകാം, രാത്രിയാകാം, ജോലി ചെയ്യുമ്പോഴാകാം ഉറങ്ങിക്കിടക്കുമ്പോഴാകാം-യേശു വീണ്ടും വരും.

"ഞാൻ കള്ളനെപ്പോലെ വരും" എന്ന് യേശു പറഞ്ഞു. യേശുവിന്റെ വരവ് ഞാൻ നിരൂപിക്കാത്ത സമയത്താണ് എന്ന് ചിന്തിക്കാറുണ്ടോ? നാം അത് വിശ്വസിക്കുന്നുണ്ടോ?

നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും എന്ന് നമ്മുടെ കർത്താവ് പറയുകയുണ്ടായി. നോഹയുടെ കാലത്തിന്റെ പ്രത്യേകതയെന്താണ്?

1. **"മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി."**

**ഉല്പത്തി 6 : 1**

നോഹയുടെ കാലത്ത് മനുഷ്യർ ഭൂമിയിൽ പെരുകിത്തുടങ്ങി. അന്ന് മനുഷ്യന്റെ ആയുസ്സ് വളരെ നീണ്ട വർഷങ്ങളായിരുന്നു. മെഥൂശലഹ് തൊള്ളായിരത്തി അറുപത്തൊമ്പതു കൊല്ലം ജീവിച്ചിരുന്നു. യാരെദ് തൊള്ളായിരത്തി അറുപത്തിരണ്ടു വർഷം ജീവിച്ചിരുന്നു. എന്നാൽ ജലപ്രളയത്തിനു ശേഷം ഒരു പുതിയ യുഗം ഉണ്ടായി. ആ പുതിയ യുഗമായപ്പോഴാണ് മനുഷ്യന്റെ ആയുസ്സിന്റെ ദൈർഘ്യം കുറഞ്ഞു കുറഞ്ഞു വന്നത്.

മനുഷ്യർ പെരുകിത്തുടങ്ങി. ഇന്നും ഇതുതന്നെ നാം കാണുകയാണ്. ഇന്ന് എല്ലാ നാട്ടുകാരും എല്ലാ നാട്ടിലും ഉണ്ട്. കേരളീയരെ ലോകത്തിന്റെ ഏതു ഭാഗത്തും കാണാം. മനുഷ്യർ പെരുകിയിരിക്കുന്നു. ജനസംഖ്യാ വിസ്ഫോടനം എന്നു വേണമെങ്കിൽ പറയാം.

അതുകൊണ്ടാണ് ചില പരിഷ്കൃത രാജ്യങ്ങൾ മനുഷ്യന്റെ ജനനത്തിനു നിയന്ത്രണം വേണം എന്നുപറയുന്നത്. കാരണം, ആഹാരമില്ല; ശുദ്ധജലക്ഷാമം വരാൻ പോകുന്നു.

മനുഷ്യരുടെ എണ്ണം കുറയേണ്ടിയിരിക്കുന്നു. ചില രാഷ്ട്രത്തലവന്മാർപോലും ജനന നിയന്ത്രണം വേണമെന്ന് ആവശ്യപ്പെടുന്നു. കുഞ്ഞുങ്ങൾ കൂടുതൽ ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുന്നു. ജനപ്പെരുപ്പം നിയന്ത്രിക്കാൻ നോക്കുന്നു.

**2. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു."**

**ഉല്പത്തി 6 : 5**

മനുഷ്യന്റെ ദുഷ്ടത വലിയതായി. ഹൃദയവിചാരങ്ങളുടെ നിരൂപണങ്ങൾ എല്ലാം മ്ലേച്ഛമായത്. ഹൃദയത്തിൽ എല്ലാ തിന്മയും നിറഞ്ഞിരിക്കുന്നു.

മനുഷ്യന്റെ ധാർമ്മികനിലവാരം അധ:പതിച്ചു. അധർമ്മം പെരുകിയിരിക്കുന്നു. Moral Corruption! എല്ലായിടത്തും അനീതി, എല്ലായിടത്തും അഴിമതി, എല്ലായിടത്തും വ്യാജങ്ങൾ, എല്ലായിടത്തും കാപട്യങ്ങൾ, എല്ലായിടത്തും ക്രൂരതകൾ, എല്ലായിടത്തും തിന്മകൾ, എല്ലായിടത്തും എല്ലാ ദു:സ്വഭാവങ്ങളും നടമാടുന്ന രംഗങ്ങൾ!

ഇന്നത്തെ സമൂഹത്തിലും ഇതുതന്നെ. മനുഷ്യന്റെ ആദ്ധ്യാത്മിക നിലവാരം അധ:പതിച്ചു. പുറമെ കാട്ടിക്കൂട്ടുന്ന വേഷവിധാനങ്ങളുണ്ട്, പ്രാർത്ഥനകളുണ്ട്, പള്ളികളുണ്ട്. ആരാധനാസമ്പ്രദായങ്ങളുണ്ട്, ചടങ്ങുകളുണ്ട്, അനുഷ്ഠാന ങ്ങളുണ്ട്, അധരാരാധനകളുണ്ട്, ചുണ്ടുകൊണ്ടുള്ള ചൊല്ലിത്തീർക്കലുകളുണ്ട് എന്നാൽ അത് ഹൃദയത്തിലേക്ക് പോകുന്നില്ല. എല്ലാ കൃത്രിമമായ കാര്യങ്ങളുമുണ്ട്. അന്തരാത്മാവിനെ സ്പർശിക്കുന്നത് തുലോം കുറഞ്ഞുപോയിരിക്കുന്നു. ഹൃദയത്തിൽ തിന്മയാണ്.

സ്നേഹത്തിന്റെ പേരും പറഞ്ഞ് സ്നേഹത്തിന്റെ രാജാധിരാജനായ യേശുവിന്റെ നാമത്തിൽ ഇന്ന് അക്രമങ്ങൾ അഴിഞ്ഞാടുന്നു. കൊള്ളരുതായ്മകൾ നടത്തുന്നു.

വഴക്കുകൾ ഉണ്ടാകുന്നു. കൂട്ടായ്മകൾ ഭിന്നിച്ചു കഴിയുന്നു. എല്ലാം യേശുവിന്റെ നാമത്തിലാണ്.

യേശുവിന്റെ നാമത്തിലാണ് കൂട്ടായ്മകൾ. യേശുവിന്റെ നാമത്തിലാണ് പ്രാർത്ഥനകൾ. യേശുവിന്റെ നാമത്തിലാണ് സുവിശേഷപ്രവർത്തനങ്ങൾ. എന്നാൽ എല്ലാം പരസ്പര ഭിന്നതയിലാണ്. പരസ്പരം ഉൾപ്പോരാണ്. പരസ്പരം ആടുമോഷണമാണ്. ദൈവമക്കളെ മോഷ്ടിച്ചുകൊണ്ടു പോകുന്നു. ദൈവമക്കളെ റാഞ്ചിക്കൊണ്ടുപോകുന്നു.

ഒരു കൂട്ടായ്മയിൽ സത്യവചനം കേട്ട് നിൽക്കുന്ന അല്പവിശ്വാസികളായ പാവപ്പെട്ട വിശ്വാസികളെ വഞ്ചിച്ച്, ചതിച്ച്, അവരുടെ ഹൃദയത്തിൽ പല ചിന്താക്കുഴപ്പങ്ങൾ ഉണ്ടാക്കി, അവരെ വശീകരിച്ച് മാടി അടുപ്പിച്ചു വിളിച്ചുകൊണ്ടു പോകുന്നു. എല്ലാം തന്ത്രങ്ങൾ! എവിടെയും കൗശലങ്ങൾ! എല്ലാം യേശുവിന്റെ നാമത്തിലാണുതാനും.

മനുഷ്യന് അവന്റെ പ്രവൃത്തികളെ വേണമെങ്കിൽ നിയന്ത്രിക്കാം. മദ്യപാനം ചെയ്യുകയില്ല എന്ന് തീരുമാനിച്ച് മദ്യം തൊടാതിരിക്കാം. മദ്യം എടുക്കാതിരിക്കാം. മദ്യം കുടിക്കാതിരിക്കാം. പുകവലിക്കുകയില്ല എന്ന് തീരുമാനിക്കുന്ന ആൾക്ക് സിഗരറ്റ് എടുക്കാതിരിക്കാം, അത് കത്തിക്കാതിരിക്കാം, ചുണ്ടിൽ വയ്ക്കാതിരിക്കാം. ചീത്തപ്പടം കാണുകയില്ല എന്നു തീരുമാനിക്കുന്ന ആൾക്ക് മ്ലേച്ഛപടങ്ങൾ കാണാതിരിക്കാം, മ്ലേച്ഛചിത്രങ്ങൾ ഉള്ളേടത്ത് പോകാതിരിക്കാം, അത് കാണാതെ കണ്ണടച്ചിരിക്കാം.

പക്ഷേ, ചിന്തകളെ എങ്ങനെ നിയന്ത്രിക്കാം? ഹൃദയത്തിലെ നിരൂപണമൊക്കെയും ദോഷമുള്ളത്. ചിന്തകളെ നിയന്ത്രിക്കാൻ പറ്റുന്നില്ല. ചിന്തകൾ കാടുകയറിപ്പോകുന്നു. കടിഞ്ഞാണില്ലാത്ത ചിന്തകൾ! വികാരങ്ങൾ! ഹൃദയത്തിലെ വൈരാഗ്യ നിരൂപണങ്ങൾ! പകയും വിദ്വേഷവും ഇഷ്ടക്കുറവും മുഷിച്ചിലും ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കുന്നു. ഉള്ളു മൂടിക്കെട്ടിയിരി

ക്കുന്നു.

പുറമെ ചിരിക്കുന്നുണ്ട്. അമ്മായിയമ്മയും മരുമകളും പുറമെ വർത്തമാനം പറയുന്നുണ്ട്. പക്ഷേ, ഉള്ളിൽ ഇഷ്ടക്കുറവും മുഷിച്ചിലും കയ്പ്പും വിദ്വേഷവും തിങ്ങി നിൽക്കുന്നു. ഒരു ഓഫീസിൽ തന്നെ ജോലി ചെയ്യുന്നവർ എല്ലാ കാര്യങ്ങളിലും മിണ്ടുന്നുണ്ട്. പക്ഷേ, വഴക്കും വൈരാഗ്യവും ഉള്ളിൽ വച്ചുകൊണ്ടിരിക്കുകയാണ്. തന്ത്രപൂർവ്വം ഒരാൾ മറ്റെയാളെ കെണിയിൽ വീഴിക്കാൻ കരുക്കൾ നീക്കുകയാണ്. കൂട്ടായ്മകളിൽപ്പോലും ഇതെല്ലാം നടക്കുന്നു. മനുഷ്യന്റെ ഹൃദയവിചാരങ്ങൾ ഒക്കെയും ദോഷമുള്ളതത്രേ എന്നു യഹോവ കണ്ടു.

**3. "എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു. ദൈവം ഭൂമിയെ നോക്കി, അത് വഷളായി എന്നുകണ്ടു; സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു." ഉല്പത്തി 6 : 11, 12**

അക്രമം പെരുകിയ കാലം!

ഇന്നത്തെ പല സ്ഥലങ്ങളിലും അനേകമനേകം വൃത്തികെട്ട കൂട്ടുകെട്ടുകളിലേക്ക് മനുഷ്യർ പോകുന്നു. വിവാഹ പൂർവ്വബന്ധങ്ങൾ! വിവാഹേതര ബന്ധങ്ങൾ! അത് ഇന്ന് സമൂഹത്തെ ഏറ്റവും ഹീനമായി അധ:പതിപ്പിച്ചിരിക്കുന്നു.

വിവാഹപൂർവ്വബന്ധങ്ങൾ – Pre marital sex! വിവാഹത്തിനു മുമ്പുള്ള ലൈംഗിക അരാജകത്വം, വിവാഹത്തിനു മുമ്പുള്ള ലൈംഗികമായ തൽപരതകൾ, ലൈംഗികമായ മോഹങ്ങൾ, വിവാഹത്തിനു മുമ്പുള്ള അഴുക്കു വേഴ്ചകൾ!

വിവാഹത്തിനുശേഷം വിവാഹ ഇതരബന്ധങ്ങൾ! വിവാഹിതരായവർ സ്വന്തം ഭർത്താവല്ലാതെ അന്യപുരുഷനോട്, സ്വന്തം ഭാര്യയല്ലാതെ അന്യസ്ത്രീയോട് കൊള്ളരുതാത്ത, ഏറ്റവും മ്ലേച്ഛമായ മോഹത്തിൽ അടുക്കുന്ന ഹീനമായ ജീവിതങ്ങൾ! ഇതെല്ലാം എല്ലാക്കാലത്തേക്കാളും ഇന്ന്

നടമാടുകയാണ്.

വിവാഹമോചനങ്ങൾ നടക്കുന്നു. വസ്ത്രം മാറുന്നതു പോലെ ഇന്ന് ഭാര്യയെ മാറുന്ന കാലം! വസ്ത്രം മാറുന്നതുപോലെ ഭർത്താവിനെ മാറുന്ന കാലം! Sexual immorality! ലൈംഗികമായും സാന്മാർഗ്ഗികമായുമുള്ള ഹീനത ഇന്നു നടമാടുകയാണ്. അന്നത്തെക്കാലവും അങ്ങനെ ആയിരുന്നു.

നോഹയുടെ കാലത്ത് അങ്ങനെയാണ് സംഭവിച്ചത്.

**"ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു." ഉല്പത്തി 6 : 2**

ഏതാണ് ദൈവത്തിന്റെ പുത്രന്മാർ? ഏതാണ് മനുഷ്യരുടെ പുത്രിമാർ? ദൈവത്തിന്റെ പുത്രന്മാർ എന്നുപറയുന്നത് ആദാമിന്റെ മകനായ ശേത്തിന്റെ പരമ്പരയിൽ ഉണ്ടായ മക്കളാണ്, മനുഷ്യന്റെ പുത്രിമാർ എന്നുപറയുന്നത് കയീന്റെ പരമ്പരയിലുണ്ടായ മക്കളാണ് എന്നും ഒരു വ്യാഖ്യാനമുണ്ട്. എന്നു പറഞ്ഞാൽ വിശുദ്ധിയുടെ സന്തതിയും അശുദ്ധിയുടെ സന്തതിയും തമ്മിൽ ചേർച്ചയായി. വിശുദ്ധതലമുറയും അശുദ്ധ തലമുറയും തമ്മിൽ കൂട്ടുവേഴ്ചയായി. അത് അപകടകരമാണ്.

വിശുദ്ധ തലമുറ അശുദ്ധതലമുറയോടു ബന്ധപ്പെടാൻ പാടില്ല. വിശുദ്ധിക്കുവേണ്ടി സമർപ്പിച്ച പാരമ്പര്യമുള്ള വിശുദ്ധജനം അശുദ്ധിയുടെ പിന്നാലെ പോകാൻ പാടില്ല. അശുദ്ധ തലമുറയോടു ബന്ധപ്പെടാൻ പാടില്ല. എന്നാൽ അതു സംഭവിച്ചു. അത് വലിയ നാശമുണ്ടാക്കി.

മറ്റൊരു വ്യാഖ്യാനം, ദൈവദൂതന്മാർ ഭൂമിയിലേക്ക് ഇറങ്ങിവന്നു, അവർ മനുഷ്യരുമായി അരുതാത്ത വേഴ്ചയിൽ പ്പെട്ടു എന്നാണ് യൂദായുടെ ലേഖനത്തിൽ പറയുന്നത്.

**"തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത**

**വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു." യൂദ : 6**

തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ, തങ്ങൾക്കു കിട്ടിയ പദവി കാത്തുകൊള്ളാതെ സ്വർഗ്ഗവാസസ്ഥലം വിട്ടു ഭൂമിയിലേക്ക് ഇറങ്ങിപ്പോയി മനുഷ്യപുത്രിമാരുമായി സഹശയനം നടത്തിയ ദൂതന്മാരെ എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് യൂദായുടെ ലേഖനത്തിൽ കാണുന്നതുകൊണ്ട് അങ്ങനെയുള്ള ദൂതന്മാർ ആയിരിക്കാം എന്ന് ഒരു സൂചന നമുക്കു ലഭിക്കുന്നുണ്ട്.

എന്തുമാകട്ടെ, ഒന്നുമാത്രം ഓർക്കുക. ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ ഇറങ്ങി പുറപ്പെട്ട അനേകർ പാപത്തിന്റെ വഴിയിലേക്ക് തിരിഞ്ഞു. ദൈവത്തിന്റെ വചനത്തിൽ അടിയുറച്ചുപോന്ന ദൈവമക്കൾ ചിലർ തിന്മയിലേക്ക് പോയി.

ധാർമ്മികമായ അധ:പതനം! സാന്മാർഗ്ഗികമായ അധ:പതനം! അക്രമവും അഴിമതിയും പെരുകി, കൊള്ളരുതായ്മകൾ പെരുകി. ദേശത്ത് ജനം പെരുകി, ഒപ്പം തിന്മയും പെരുകി. യേശുവിന്റെ വരവിന് ഏറ്റവും അടുത്ത കാലമായി എന്നതിന്ന് തെളിവാണിത്.

ഈ കാലഘട്ടത്തെ, ഈ അവസാന കാലത്തെ വിവേചിപ്പാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കാലം അവസാനമായി എന്നു കരുതാൻ കഴിയുന്നുണ്ടോ? യേശു വരാറായി എന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? ആരും നിനച്ചിരിയാത്ത സമയത്ത് യേശു വരും. കാലം അതിന്റെ അവസാനത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

ഇനി എത്രകാലമുണ്ട് എന്ന് നമുക്ക് അറിഞ്ഞുകൂടാ. ഏറ്റവും ഭയാനകമായ കാലങ്ങൾ ഇതാ, അടുത്തുവരുന്നു. കരുണയുള്ള കർത്താവ് വന്ന് തന്റെ വിശുദ്ധന്മാരെ ചേർത്തു

കഴിഞ്ഞാൽ പിന്നെ ഈ ലോകത്ത് സംഭവിക്കുന്നത് എന്താണ്?

എതിർക്രിസ്തുവിന്റെ ഭരണം! Anti Christ എന്നുപറയുന്ന അന്തിക്രിസ്തുവിന്റെ ഭരണം! ഏഴുവർഷം, മഹാപീഡന കാലം. The Great Tribulation എന്നുപറയുന്ന മഹോപദ്രവകാലം.

പ്രിയപ്പെട്ടവരേ, എല്ലാ ഭീകരതയിലേക്കും മനുഷ്യർ തള്ളപ്പെടാൻ പോകുന്നു. എന്നാൽ വിശുദ്ധജനം മാത്രം യേശുവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടും. നിങ്ങൾ യേശുവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടും എന്നുള്ള ഉറപ്പ് പ്രാപിക്കണം.

കർത്താവായ യേശു വീണ്ടും വരുമ്പോൾ എല്ലാ തിന്മയിൽനിന്നും വിട്ടകന്ന് ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട, ക്രിസ്തുവിന്റെ ജയമുള്ള സ്ലീബായാൽ രക്ഷിക്കപ്പെട്ട വിശുദ്ധ ജനം മാത്രം സ്വീകരിക്കപ്പെടും. ആ മഹാഭാഗ്യശാലികളുടെ നിരയിലേക്ക് ചേരുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ?

എങ്കിൽ ഇപ്പോൾ നിങ്ങൾ യേശുവിനോടു പറയുവിൻ: കർത്താവേ, എന്റെമേൽ നിന്റെ കരുണ പകരണമേ. നാഥാ! ഈ കാലലക്ഷണങ്ങളെ അറിഞ്ഞുകൊണ്ട് ഞാൻ തിരുമുമ്പാകെ വരുന്നു. എന്റെ പാപങ്ങൾ നീ ഓർക്കല്ലേ. എന്റെ അകൃത്യങ്ങൾ നീ ക്ഷമിക്കണമേ. കാലം അതിന്റെ അവസാനത്തേക്ക് അടുത്തു വരുന്ന ഈ സമയത്ത് എന്റെ ജീവിതം പുതുതാക്കി ത്തരണമേ.

നാഥാ! ജലപ്രളയത്തിന്റെ ഭീകരതയിലേക്ക് ജനം ആണ്ടുപോയതുപോലെ ശിക്ഷാവിധിയുടെ ഭയാനകമായ അവസ്ഥയിലേക്ക് ഞാൻ വീണുപോകാതിരിക്കാൻ എന്നെ നീ രക്ഷിക്കണമേ. പാപത്തിന്റെ ഭീകരതയിൽ നിന്നെന്നെ കോരി എടുക്കണമേ. തിരുരക്തത്താൽ എന്നെ വീണ്ടെടുക്കണമേ.

# നാല്

**“എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു. ദൈവം ഭൂമിയെ നോക്കി, അതു വഷളായി എന്നു കണ്ടു; സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു.” ഉല്പത്തി 6 : 11, 12**

ഇന്ന് അക്രമങ്ങൾ പെരുകി വരുന്നു. കേൾക്കുമ്പോൾ ഞെട്ടിപ്പോകുന്ന കാര്യങ്ങളാണ് ഇന്ന് പലയിടത്തുനിന്നും നാം കേൾക്കുന്നത്. കേരളത്തിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലും ഭയാനകമായ അതിക്രമങ്ങൾ നടക്കുന്നു.

നിരപരാധികൾ വധിക്കപ്പെടുന്നു. റെയിൽവേ സ്റ്റേഷനുകളിൽ, ചന്തസ്ഥലങ്ങളിൽ, ഉത്സവസ്ഥലങ്ങളിൽ, ജനങ്ങൾ കൂടുന്ന ഇടങ്ങളിൽ, എയർപോർട്ടുകളിൽ, ബസ് സ്റ്റാൻഡുകളിൽ എല്ലാം ഭീകരാക്രമണങ്ങൾ നടക്കുന്നു. മരിക്കുന്നവരോടുള്ള വഴക്കുകൊണ്ടല്ല, ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുക! കുറ്റമറ്റ ജീവിതം നയിക്കണമെന്ന് ആഗ്രഹമില്ലാത്തവരുടെ ഹൃദയത്തിൽ വലിയ അനർത്ഥങ്ങൾ പിശാച് കൊണ്ടുവന്ന് അവരെക്കൊണ്ടത് ചെയ്യിക്കുന്നു.

ഹീനമായ പ്രവൃത്തികൾ! ബോംബാക്രമണങ്ങൾ! വലിയ വലിയ സ്ഫോടനങ്ങൾ! ഭീകരാക്രമണപദ്ധതികൾ! ലോകത്ത് ഒരു സ്ഥലത്തല്ല, അനേകം സ്ഥലങ്ങളിൽ ഇതെല്ലാം നടമാടുന്നു. എത്രയോ മനുഷ്യജീവനാണ് നശിക്കുന്നത്! അതിക്രമം പെരുകുന്നു. കൊലപാതകങ്ങൾ വർദ്ധിക്കുന്നു. ആത്മഹത്യകൾ പെരുകുന്നു. ആത്മഹത്യാപ്രവണതകൾ വർദ്ധിക്കുന്നു. ഭർത്താവ്

ഭാര്യയെ കൊല്ലുന്നു, ഭാര്യ ഭർത്താവിനെ കൊല്ലുന്നു.

അതിക്രമം പെരുകുന്നു. Violence വർദ്ധിക്കുന്നു. മനുഷ്യ ജീവിതം പൈശാചികൻ കൈയടക്കിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യഹൃദയത്തിൽ പിശാച് ഇരിപ്പുറപ്പിച്ചിരിക്കുന്നു. സാത്താന്റെ വിളയാട്ടംകൊണ്ട് ജീവിതങ്ങൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു, മുടിഞ്ഞുകൊണ്ടിരിക്കുന്നു. സമാധാനമായി ജീവിക്കാൻ സാധുക്കളായ ആളുകൾക്ക് സാധിക്കാതെ പോകുന്നു.

പാവപ്പെട്ട പെൺകുട്ടികൾ ഉപദ്രവിക്കപ്പെടുന്നു. പെൺകുട്ടികളെ റാഞ്ചിക്കൊണ്ടു പോകുന്നു. പിന്നെ അവർ ബാഹ്യലോകം കാണുന്നില്ല. അനേകം ചെറുപ്പക്കാരെ റാഞ്ചിക്കൊണ്ടുപോയിട്ട് എന്തെല്ലാമോ ഹീനകൃത്യങ്ങൾ ചെയ്യിക്കുന്നു. അവരെ വാടകക്കൊലയ്ക്കും മറ്റും ഉപയോഗിക്കുന്നു. കൂലിത്തല്ലിനുവേണ്ടി ഉപയോഗിക്കുന്നു. എന്തെല്ലാമാണ് ഈ കാലത്ത് നടക്കുന്നത്!

കൊള്ളകളും കവർച്ചകളും നടക്കുന്നു. മനുഷ്യജീവിതം ഹോമിക്കപ്പെടുന്നു. മനുഷ്യജീവിതം നശിച്ചുകൊണ്ടിരിക്കുന്നു.

**"എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു." ഉല്പത്തി 6 : 11**

ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി. ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞിരുന്നു. വഷളായിപ്പോയ ലോകം! നാം എന്നും പത്രം വായിക്കുമ്പോൾ ഇതിന്റെ എല്ലാം എത്രയെത്ര പ്രകടമായ ഉദാഹരണങ്ങളാണ് കാണുന്നത്! പത്രം വായിക്കുമ്പോൾ പലപ്പോഴും ഭയപ്പെട്ടുപോകുന്ന വാർത്തകളാണ് നാം കേൾക്കുന്നത്. അതിക്രമം പെരുകുന്നു.

**4. "ലാമെക്ക് തന്റെ ഭാര്യമാരോടു പറഞ്ഞത്: ആദയും സില്ലായും ആയുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ; ലാമെക്കിൻ ഭാര്യമാരേ, എന്റെ വചനത്തിന്നു ചെവി തരുവിൻ! എന്റെ**

**മുറിവിന്നു പകരം ഞാൻ ഒരു പുരുഷനെയും എന്റെ പരിക്കിന്നു പകരം ഒരു യുവാവിനെയും കൊല്ലും. കയീന്നു വേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമെക്കിനുവേണ്ടി എഴുപത്തേഴ് ഇരട്ടി പകരം ചെയ്യും." ഉല്പത്തി 4 : 23, 24**

ശേത്തിന്റെ സന്തതി പരമ്പരയിൽ ഒരു ലാമെക്ക് വരുന്നുണ്ട്. അത് നോഹയുടെ അപ്പനായ ലാമെക്കാണ്. എന്നാൽ ഈ ലാമെക്ക് കയീന്റെ സന്തതി പരമ്പരയിലുള്ള ലാമെക്ക് ആണ്. ഈ ലാമെക്ക് പറയുകയാണ്: എനിക്ക് ഒരുത്തൻ മുറിവുണ്ടാക്കി, എനിക്ക് ഒരുത്തൻ പരുക്കുണ്ടാക്കി. എന്റെ മുറിവിന്നു പകരം ഞാൻ ഒരു പുരുഷനെ കൊല്ലും. എന്നെ മുറിവേൽപ്പിച്ചതേയുള്ളു, എന്നാൽ ഞാൻ അവനെ കൊല്ലും.

എന്റെ പരുക്കിന്നു പകരം ഞാൻ ഒരു യുവാവിനെ കൊല്ലും. ഞാൻ വെറുതെയിരിക്കില്ല. ഞാൻ പ്രതികാരം ചെയ്തിരിക്കും. കയീന്നുവേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമെക്കിനു വേണ്ടി എഴുപത്തേഴിരട്ടി പകരം ചെയ്യും.

എന്റെ പൂർവ്വപിതാക്കന്മാരുടെ കാലത്ത് ഏഴിരട്ടി പകരം ചെയ്തെങ്കിൽ ഞാൻ എഴുപത്തേഴിരട്ടി പകരം ചെയ്യും. വൈരാഗ്യം പെരുത്തിരിക്കുന്നു. മനസ്സാക്ഷിയില്ലാതെ, ഇന്ന് മനസ്സാക്ഷി മരവിച്ചവരായി ക്രൂരകൃത്യങ്ങൾ ചെയ്യുന്നു.

പ്രതികാരം ചെയ്തേ അടങ്ങൂ. പ്രതികാരത്തിന്റെ അഗ്നി ഹൃദയത്തിൽ കത്തുകയാണ്. പ്രതികാരത്തിന്റെ തീ കത്തുകയാണ്. പ്രതികാരം ചെയ്യാതെ ഞാൻ അടങ്ങുകയില്ല. എന്റെ പൈസയുടെ പെരുപ്പംകൊണ്ട്, എന്റെ അധികാരത്തിന്റെ പെരുപ്പംകൊണ്ട്, എന്റെ കഴിവിന്റെ പെരുപ്പംകൊണ്ട് എന്റെ വൈരാഗ്യം ഞാൻ വിട്ടുകളയുകയില്ല. പകരം ചെയ്തിരിക്കും. ചിലരുടെ ഹൃദയത്തിൽ അതുണ്ട്.

മതനേതാക്കന്മാരായാലും, ധാർമ്മികമായി നല്ല നിലവാരമുണ്ട് എന്നു കരുതുന്നവരായാലും വൈരാഗ്യത്തിന്റെ

കാര്യത്തിൽ അവരുടെ ഹൃദയം വളരെ ക്രൂരമാണ്, വളരെ കുത്സിതമാണ്, ഹീനമാണ്. ഞാൻ പക പോക്കിയിരിക്കും. ഞാൻ പകരം ചെയ്തിരിക്കും. ഇതാണ് തീരുമാനം.

സ്നേഹിതരേ, ചിന്തിക്കൂ. ഇന്നത്തെ കാലവും അതുപോലെ ആയില്ലേ? ഇന്നത്തെ കാലത്തും ഇതു കാണുന്നില്ലേ? വൈരാഗ്യത്തോടെ പ്രവർത്തിക്കുന്നവർ, വൈരാഗ്യം കൊണ്ട് എന്തും ചെയ്യാൻ മടിയില്ലാത്തവർ, ആരേയും ഹിംസിക്കാൻ മടിയില്ലാത്തവർ, ആരേയും നശിപ്പിക്കാൻ മടിയില്ലാത്തവർ. ഏതു കനത്ത നഷ്ടവും വരുത്താൻ മടിയില്ലാത്തവർ. എന്തു ദോഷം സംഭവിച്ചാലും അല്പംപോലും കൂസലില്ലാത്തവർ.

ആർക്കും ഒരു ദോഷവും വരുത്താൻ ഒരു പേടിയും ഇല്ലാത്തവർ. അങ്ങനെയുള്ളവരെ നാം ഈ സമൂഹത്തിൽ കാണുന്നു. അന്നത്തെ കാലം വന്നിരിക്കുന്നു. മനസ്സാക്ഷിയില്ലാതെ, കൊല്ലാൻപോലും മടിക്കാത്ത കാലങ്ങൾ. അതാണ് ഇന്ന് വാടകക്കൊലകളും കൂലിത്തല്ലുകളുമെല്ലാം വർദ്ധിക്കുന്നത്.

***5. "എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു."***

***ഉല്പത്തി 6 : 8, 9***

എന്താണതിന്റെ അർത്ഥം? ജനം പെരുകി, ധാരാളം ആളുകൾ ഉണ്ടായി. എന്നാൽ ഒരു ന്യൂനപക്ഷം, അവർക്കാണ് ദൈവത്തിന്റെ കൃപ ലഭിച്ചത്. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

അനേകം ആളുകൾ പെരുകി, ശരിയാണ്. ജനം ധാരാളമുണ്ടായി. എന്നാൽ നോഹയുടെ പാരമ്പര്യമെന്തെന്നാൽ, "നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനും ആയിരുന്നു. നോഹ ദൈവത്തോടുകൂടെ നടന്നു." നോഹയെക്കുറിച്ച് നാല് കാര്യങ്ങൾ നമുക്കു കാണാം.

നോഹ തന്റെ തലമുറയിൽ നിഷ്ക്കളങ്കനായിരുന്നു.

നോഹ നീതിമാനായിരുന്നു.

നോഹ ദൈവത്തോടുകൂടെ നടന്നു.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

നോഹ ഒരാൾ മാത്രം ദൈവത്തോടുകൂടെ നിന്നു. അനേകം ജനങ്ങളുള്ള ഈ ലോകത്ത്, അനേകരീതിയിൽ കറ പറ്റിയ ഈ ലോകത്ത്, വിവിധ രീതിയിൽ തിന്മയിൽ ആണ്ടുപോയ ലോകത്ത് കർത്താവേ, ഒരു നീതിമാനായി ഞാൻ ഒരാൾ നിൽക്കും എന്നു നമുക്കും തീരുമാനിക്കാം.

നിങ്ങൾക്കങ്ങനെ തീരുമാനിക്കാൻ പറ്റുമോ? ആരെല്ലാം തിന്മയിലേക്കു പോയി എന്നു ഞാൻ നോക്കുന്നില്ല. ഞാൻ ഒരാൾ നീതിമാനായി നിൽക്കും. ഞാൻ ഒരാൾ ദൈവത്തോടു കൂടെ നടക്കും. ഞാൻ ഒരാൾ നിഷ്ക്കളങ്കനായി നിൽക്കും. അതാണ് വലിയ വെല്ലുവിളി. ഇന്നത്തെ കാലഘട്ടത്തിന്റെ വെല്ലുവിളി അതാണ്.

ലോകം മുഴുവൻ തിന്മയിലേക്ക് ആണ്ടുപോകുന്നു. അനേകർ നാശത്തിലേക്ക് പോകുന്നു. അനേകർ തിന്മയിലേക്ക് ഒഴുകിപ്പോകുന്നു. അനേകർ വഷളായിക്കൊണ്ടിരിക്കുന്നു. ആരെല്ലാം എങ്ങനെയെല്ലാം ജീവിക്കുന്നു എന്നു നോക്കുവാൻ നീ എന്നെ ചുമതലപ്പെടുത്തിയിട്ടില്ല. ആരെയും വിധിക്കാൻ എനിക്ക് അവകാശമില്ല.

പക്ഷേ, എനിക്കറിയാം എന്നെ സ്നേഹിക്കുന്ന ഒരു സത്യദൈവമുണ്ട്. ഈ തലമുറയിൽ, എന്റെ അമ്മയുടെ ഗർഭത്തിൽ എന്നെ ഉരുവാക്കിയ ഒരു ദൈവമുണ്ട്. ഒന്നുമില്ലായ്മയിൽ നിന്ന് എന്നെ പേർചൊല്ലി വിളിച്ച ഒരു ദൈവമുണ്ട്.

ഇത്രയും കാലം ഈ ഭൂമിയിൽ ജീവിക്കാൻ കൃപ തന്ന്

എന്നെ നയിച്ച ഒരു ദൈവമുണ്ട്. ഏതെല്ലാം അവസരങ്ങളിൽ ഞാൻ വീണുപോകേണ്ടതായിരുന്നു! ഏതെല്ലാം പാപക്കെണി യിൽ ഞാൻ വീണുപോകേണ്ടതായിരുന്നു! ഏതെല്ലാം തിന്മയിൽ ആണ്ടുപോകേണ്ടതായിരുന്നു! ഒരു കാലത്തും തല പൊക്കാത്ത രീതിയിൽ ആത്മീയമായി നശിച്ചുപോകേണ്ട കാലഘട്ടങ്ങൾ എന്റെ ജീവിതത്തിൽ വന്നതാണ്. ഏതെല്ലാം വൈതരണികളിൽ കൂടിയാണ് ഞാൻ കടന്നുപോന്നത്! എന്നാൽ എന്റെ ദൈവമേ, ഇന്നയോളം നീ എന്നെ നിർത്തി, നീ എന്നെ നടത്തി. നിന്റെ കരുണ എന്റെമേൽ പകരാൻ നിനക്കു തിരുമനസ്സായി. നിന്റെ സ്നേഹമാണ് എന്നെ ഈ വചനത്തിനു മുമ്പിൽ കൊണ്ടിരുത്തിയത്. എന്റെ യേശുവേ, അത് നിന്റെ കൃപയാണ്.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹയ്ക്ക് ദൈവത്തിന്റെ വചനം ലഭിച്ചു. നോഹയ്ക്ക് വരാൻ പോകുന്ന ആപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പ് ലഭിച്ചു. നോഹയ്ക്ക് പെട്ടകം പണിയുവാനുള്ള കല്പന ലഭിച്ചു. ഇപ്പോൾ ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നാഥാ, നീ എനിക്കു നിന്റെ കൃപ തരികയാണ്. വരാൻപോകുന്ന അനർത്ഥത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നീ എനിക്കു തരികയാണ്.

ശിക്ഷാവിധി വരാൻ പോകുന്നു എന്നുള്ള മുന്നറിയിപ്പ് നീ എനിക്കു തരികയാണ്. ഇന്ന് ഈ വചനം വായിക്കാൻ ഇടയായത് നിന്റെ കൃപയാണ്. കർത്താവേ, എന്റെ കൈകൾ ഇന്നു ചലിക്കുന്നത് നിന്റെ കൃപയാണ്. എന്റെ ഹൃദയം ഇന്നു മിടിക്കുന്നത് നിന്റെ കൃപയാണ്.

മകനേ, ദൈവത്തിന്റെ ആത്മാവിനാൽ നിനക്ക് കൃപ ലഭിക്കുകയാണ്. സൈന്യത്താലല്ല, ശക്തിയാലുമല്ല. നിന്റെ വിദ്യാഭ്യാസ യോഗ്യതകൊണ്ടല്ല, നിന്റെ ആരോഗ്യക്കൊഴുപ്പു കൊണ്ടല്ല, നിന്റെ സൗന്ദര്യത്തികവുകൊണ്ടല്ല, നിന്റെ ഏതെങ്കിലും തരത്തിലുള്ള മേന്മ കൊണ്ടല്ല, ദൈവത്തിന്റെ

കൃപ നിന്നെ തേടി വന്നിരിക്കുകയാണ്.

നിന്നെ ഇത്രത്തോളം കാലം ആപത്തു വന്നപ്പോൾ അവൻ താങ്ങി. അത്യാഹിതങ്ങൾ വന്നപ്പോൾ നിന്നെ സഹായിച്ചു. രോഗം വന്നപ്പോൾ നിനക്കു സൗഖ്യം തന്നു. മരണം വന്നു പടിവാതിൽക്കൽ മുട്ടിയപ്പോൾ നിനക്ക് വേണ്ടി മരണദൂതനെ മാറ്റിത്തന്നു. നിനക്ക് ആയുസ്സ് നീട്ടിത്തന്നു.

**"സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്ത്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടു കൂടെ അവൻ ആണിക്കല്ലു കയറ്റും."**

**സെഖര്യാവ് 4 : 7**

കൃപ കൃപ എന്ന ആർപ്പോടുകൂടി ആണിക്കല്ലു കയറ്റാൻ കരുണയുള്ള കർത്താവ് വന്നിരിക്കുകയാണ്. നിനക്ക് കൃപ തരാൻ ദൈവം വന്നിരിക്കുകയാണ്.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. ആ കാലം അതുപോലെ തന്നെ ഇന്നു വന്നിരിക്കയാണ്. അനേകം ആളുകൾ അതിക്രമങ്ങളിലേക്ക് പോകുന്നു. അനേകർ വഷളത്വത്തിലേക്കും തിന്മയിലേക്കും ധാർമ്മികമായ അധ:പതനത്തിലേക്കും സാംസ്കാരികമായ വീഴ്ചയിലേക്കും പോകുന്നു.

എന്നാൽ ഈ തലമുറയിൽ നീ എനിക്കു നിന്റെ കൃപ തന്നുകൊണ്ടിരിക്കുന്നു. വചനം കേൾക്കാൻ കൃപ തന്നു. വചനമാണ് കൃപ, വചനത്തിന്റെ ശക്തിയാണ് കൃപ, വചനത്തിന്റെ അത്ഭുതമാണ് കൃപ. കൃപയാൽ നീ എന്നെ ഉയർത്തി. നീ എന്നെ താങ്ങി. കൃപയാൽ നീ എന്നെ ഇത്രത്തോളം എത്തിച്ചു.

നോഹ നിഷ്ക്കളങ്കനായിരുന്നു. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. ഒരു ന്യൂനപക്ഷം! നിങ്ങൾ ന്യൂനപക്ഷത്തിന്റെ കൂടെ നിൽക്കുമോ? അതോ, ഭൂരിപക്ഷത്തിന്റെ കൂടെ നിൽക്കുമോ? ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കമുള്ളത്, വഴി

ഞെരുക്കമുള്ളത്, പോകുന്നവർ ചുരുക്കം. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളത്, വഴി വിശാലം, പോകുന്നവരോ അനേകരാകുന്നു.

**"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ." മത്തായി 7 : 13, 14**

ജീവങ്കലേക്കു പോകുന്ന വാതിൽ വളരെ ഇടുക്കമുള്ളതാണ്. കണ്ടെത്താൻ പ്രയാസമാണ്. കണ്ടെത്തുന്നവർ ചുരുക്കമാണ്.

പിതാക്കന്മാർ പാടി:

"ജീവകരം മൃതികരമെന്നേവം
കണ്ടിരുസരണികൾ സഹദേന്മാർ
നൂതനമാം-ജീവിതമാർജ്ജിപ്പാൻ
ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി
ജ്ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം."

ആവശ്യക്കാർക്ക് ആശ്രയവും ഭക്തന്മാർക്ക് അനുഗാമിയുമായ കർത്താവിൻ നാമം ധന്യമാണ്. സ്തുത്യമാണ്. അത് സ്തുതിക്കപ്പെടേണ്ടതാണ്.

ജീവന്റെ വഴിയുണ്ട്, മരണത്തിന്റെ വഴിയുണ്ട്. ജീവകരമെന്നും മൃതികരമെന്നും രണ്ടു വഴികൾ സഹദേന്മാർ - വിശുദ്ധന്മാർ - കണ്ടു. അതിൽ ദുർഘടമായ മാർഗ്ഗത്തിൽ പോകാൻ അവർ തീരുമാനിച്ചു. ആ മാർഗ്ഗത്തിലൂടെ പോകണമെങ്കിൽ ദുഷ്ടാത്മാവിനോട് നിരന്തരം പടവെട്ടണം,

ദുഷ്ടാത്മാവിനോടു യുദ്ധം ചെയ്യണം. അത്ര എളുപ്പമല്ല.

പക്ഷേ, ആ വഴിയേ പോയി ജയം നേടിയ വിശുദ്ധന്മാർ പിറകെ വരുന്നവരോടു പറയുന്നു, നിങ്ങളും വരുവിൻ.

ഞങ്ങൾ നേടിയെടുത്തു. ഞങ്ങൾ ജയത്തോടെ ഏറ്റുപറയുന്നു. ആവശ്യക്കാരാണെങ്കിൽ നിങ്ങൾക്കും നേടാം; പേടിക്കണ്ട. ഞങ്ങൾ ഭാഗ്യവശാൽ ക്രിസ്തുവിന്റെ പിന്നാലെ നടന്നു. ക്രിസ്തു ഞങ്ങളെ ജയിപ്പിച്ചു. നിങ്ങൾക്കും വരാം. ക്രിസ്തു നിങ്ങളെയും ജയിപ്പിക്കും.

നോഹ നിഷ്ക്കളങ്കനായിരുന്നു.

നോഹ ആ തലമുറയിൽ നീതിമാനായിരുന്നു.

നോഹ ദൈവത്തോടുകൂടെ നടന്നു.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

നിങ്ങൾക്ക് ഈ തലമുറയിൽ നീതിമാനായി നില്പാൻ താല്പര്യമുണ്ടോ? ദൈവത്തോടുകൂടെ നടക്കാൻ താല്പര്യമുണ്ടോ? ഈ തലമുറയിൽ ദൈവത്തിന്റെ കൃപ ലഭിച്ച് ദൈവത്തെ വാഴ്ത്തിപ്പാടാൻ താല്പര്യമുണ്ടോ? ദൈവം നിങ്ങളെക്കൊണ്ട് പെട്ടകം പണിയിക്കും. നിങ്ങളെക്കൊണ്ട് അനേകരെ രക്ഷയിലേക്ക് നടത്തും. നിങ്ങളിൽ നിന്നുകൊണ്ട് കർത്താവ് ചിലരെ രക്ഷിക്കും. വിശ്വസിക്കുന്നവരെ പെട്ടകത്തിനകത്താക്കും. പ്രളയത്തിൽ നഷ്ടപ്പെട്ടുപോകാതെ ചിലരെ വീണ്ടെടുപ്പാൻ ദൈവം നിങ്ങളെ ഉപയോഗിക്കും. വേണമോ? അത് ശവക്കുഴിക്കപ്പുറം നിലനിൽക്കും. മരണത്തിനപ്പുറം നിലനിൽക്കും. അതു മാത്രം നിലനിൽക്കും, മറ്റെല്ലാം മാറിപ്പോകും.

മാതാപിതാക്കൾ മാറും, സ്നേഹിതന്മാർ മാറും, കൂട്ടാളികൾ മാറും, സഹോദരങ്ങൾ മാറും, ആരോഗ്യം മാറും, സമ്പത്തു മാറും, സൗന്ദര്യം മാറും, കഴിവുകൾ മാറും. എല്ലാം മാറുമ്പോൾ മാറാത്ത ഒരുവനുണ്ട്. കർത്താവായ യേശു! ദൈവത്തിന്റെ

കൃപ!

കർത്താവ് പറയും: “എന്റെ കൃപ നിനക്കു മതി.” മതി കർത്താവേ, മതി. രോഗം അവിടെ ഇരിക്കട്ടെ. പ്രയാസം അവിടെ ഇരുന്നുകൊള്ളട്ടെ. കടം അവിടെ ഇരിക്കട്ടെ. പ്രശ്നങ്ങൾ മാറാൻ ഞാൻ പറയുന്നില്ല. എനിക്കു നിന്റെ കൃപ മാത്രം മതി.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. ദൈവത്തിന്റെ കൃപ ലഭിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ കുരിശിലേക്കു നോക്കുവിൻ. നീതികെട്ടവനെ നീതിമാനാക്കുന്ന തിരുരക്തത്തിലേക്കു നോക്കുവിൻ. രക്ഷപ്പെടാം. നീതിമാനാകാം. വിശുദ്ധനാകാം. സമാധാനം അനുഭവിക്കാം. യേശുവിനെ സാക്ഷിക്കാം.

# അഞ്ച്

**"യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്നു പറഞ്ഞ് അവനു നോഹ എന്നു പേർ ഇട്ടു." ഉല്പത്തി 5 : 29**

നോഹ ജനിച്ചപ്പോൾ നോഹയുടെ അപ്പനായ ലാമേക്ക് വളരെ സന്തോഷിച്ചു. വലിയ പ്രതീക്ഷ പുലർത്തി, ആശ്വാസത്തോടെ പറഞ്ഞു; ഇവൻ നമ്മെ ആശ്വസിപ്പിക്കും. ശാപഗ്രസ്തമായ ഭൂമിയിൽ ഈ കുഞ്ഞുണ്ടായി. പക്ഷേ, ഈ കുഞ്ഞ് ശാപകരമായ ഈ ഭൂമിയിൽ അനുഗ്രഹം പകരുന്നവനായിത്തീരും എന്ന് അപ്പൻ സമാശ്വാസം പ്രകടിപ്പിച്ചു. നാം വായിക്കുന്നത് അങ്ങനെയാണ്.

**"ലാമെക്കിനു നൂറ്റെൺപത്തിരണ്ടു വയസ്സായപ്പോൾ അവൻ ഒരു മകനെ ജനിപ്പിച്ചു. യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്നു പറഞ്ഞ് അവനു നോഹ എന്നു പേർ ഇട്ടു." ഉല്പത്തി 5 : 28, 29**

നോഹയുടെ ജനനത്തിൽത്തന്നെ വലിയ പ്രതീക്ഷയാണ് മാതാപിതാക്കൾക്ക്. വലിയ ആശ്വാസം! സമൂഹം മുഴുവൻ അധ:പതിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു! നോഹ ദൈവത്തോടുകൂടെ നടന്നു! ജീവിതത്തിൽ ദൈവത്തോടുകൂടെ നടക്കുന്ന ഒരു മനുഷ്യനായിത്തീരുന്ന മഹാഭാഗ്യം

അനുഭവിക്കുന്നവരാണ് ആശ്വാസത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായിത്തീരുന്നത്, ആശ്വാസം പകരുന്നവരായി, മറ്റുള്ളവർക്ക് ആശ്വാസം കൊടുക്കുന്നവരായിത്തീരുന്നത്.

ദൈവത്തോടുകൂടെ നടക്കുമ്പോൾ നാം മൂലം നമ്മുടെ മാതാപിതാക്കൾക്ക് ആശ്വാസം ലഭിക്കും. നമ്മുടെ മക്കൾക്ക് ആശ്വാസം ലഭിക്കും. നമ്മുടെ സഹോദരീ സഹോദരന്മാർക്ക് ആശ്വാസം ലഭിക്കും. നാം മൂലം സമൂഹത്തിനാകമാനം ആശ്വാസം ലഭിക്കും. മറ്റെല്ലാവർക്കും ആശ്വാസം കൊടുക്കുന്നവരായി നാം തീരും.

തന്റെ ആദ്യത്തെ പ്രസംഗത്തിൽ, ഗിരിപ്രഭാഷണത്തിൽ കർത്താവ് പറയും:

**"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും."**

**മത്തായി 5 : 9**

ലോകത്ത് രണ്ടുതരം ആളുകളേയുള്ളൂ. സമാധാനം ഉണ്ടാക്കുന്നവരും സമാധാനം നശിപ്പിക്കുന്നവരും; problem makers and problem solvers! പ്രശ്നം ഉണ്ടാക്കുന്നവരും പ്രശ്നം പരിഹരിക്കുന്നവരും. എല്ലാ ഭവനങ്ങളിലും ഇതുകാണാം.

പലപ്പോഴും വീട്ടിൽ ഒച്ചപ്പാടും ബഹളവും കലക്കവും തർക്കവും വാഗ്വാദവും പരസ്പരം പോരടിക്കലും പരസ്പരം ശാപവും പ്രാക്കും! ആകെ അലങ്കോലപ്പെട്ട അനുഭവവുമായി വലയുന്ന കുടുംബങ്ങളിൽ, അവിടെ ഒരാൾ സമാധാനം കൊടുക്കുന്നവനായിത്തീരുക, സമാധാനം ഉണ്ടാക്കുന്നവനായിത്തീരുക എന്നു പറഞ്ഞാൽ എന്തൊരു അനുഗ്രഹമാണത്!

ചിന്തിക്കൂ, ഞാൻ എന്റെ കുടുംബത്തിൽ സമാധാനം ഉണ്ടാക്കുന്നവനാണോ? അതോ ഞാൻ സമാധാനം കെടുത്തുന്നവനാണോ? സമാധാനം നശിപ്പിക്കുന്നവനാണോ?

ഞാൻ ഒരു കാരണവശാലും സമാധാനം നശിപ്പിക്കുകയില്ല

എന്നു നാം തീരുമാനിക്കണം. എന്റെ വീട്ടിൽ, ഞാൻ ജോലി ചെയ്യുന്ന സ്ഥലത്ത്, ഞാൻ പ്രവർത്തിക്കുന്ന ഏതു മേഖലയാണെങ്കിലും അവിടെ ഞാൻ സമാധാനം ഉണ്ടാക്കുന്നവനായിരിക്കും. ഞാൻ ഒരിക്കലും ഒരു problem maker ആയിരിക്കുകയില്ല. പ്രശ്നമുണ്ടാക്കുന്നവൻ ആകുകയില്ല. ഞാൻ പ്രശ്നം പരിഹരിക്കുന്നവനായിരിക്കും.

നോഹയുടെ ജനനത്തിങ്കൽ അപ്പൻ പറഞ്ഞു: യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കും എന്നുപറഞ്ഞ് അവനു നോഹ എന്നു പേരിട്ടു. ആ അപ്പന്റെ ആശ മുഴുവൻ നിറവേറ്റുവാൻ നോഹയ്ക്കു കഴിഞ്ഞു. ആ തലമുറയിൽ നോഹ, അനുഗൃഹീത പുരുഷനായി നിന്നു.

പ്രിയപ്പെട്ടവരേ, ഈ തലമുറയിൽ നാം മൂലം അനേകർക്ക് ആശ്വാസം ലഭിക്കട്ടെ; നാം മൂലം അനേകരുടെ ഉള്ള് തണുക്കട്ടെ, നാം മൂലം അനേകരുടെ ഹൃദയത്തിൽ സന്തോഷമുണ്ടാകട്ടെ; നമ്മുടെ ജീവിതം മൂലം അനേകർ ദൈവരാജ്യത്തിൽ എത്തുവാൻ ഇടയായിത്തീരട്ടെ. അനേകർ നിത്യജീവൻ പ്രാപിക്കാൻ ഇടയായിത്തീരട്ടെ. നമ്മുടെ ഓരോ വാക്കും ഓരോ പ്രവൃത്തിയും മൂലം, നമ്മുടെ ഓരോ പ്രയത്നവും കാഴ്ചപ്പാടും മൂലം അനേകർക്ക് ആശ്വാസം ലഭിക്കട്ടെ.

1. നോഹ നീതിമാനായിരുന്നു.

**“നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു.” ഉല്പത്തി 6 : 9**

**“അനന്തരം യഹോവ നോഹയോടു കല്പിച്ചതെന്തെന്നാൽ: നീയും സർവ്വകുടുംബവുമായി പെട്ടകത്തിൽ കടക്ക; ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു.” ഉല്പത്തി 7 : 1**

നോഹയെക്കുറിച്ച് ദൈവം പറയുകയാണ്: നിന്നെ ഈ തലമുറയിൽ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു. ദൈവം കാണുന്നത് അങ്ങനെയാണ്. എന്താണ് നീതിമാനാകുക എന്നുപറഞ്ഞാൽ?

**"ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു; അവർ വഷളന്മാരായി മ്ലേച്ഛത പ്രവർത്തിക്കുന്നു; നന്മ ചെയ്യുന്നവൻ ആരുമില്ല. ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്ന വനില്ല; ഒരുത്തൻ പോലുമില്ല. നീതികേടു പ്രവർത്തിക്കുന്നവർ ആരും അറിയുന്നില്ലയോ?" സങ്കീർത്തനങ്ങൾ 14 : 1 – 4**

**"ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു; അവർ വഷളന്മാരായി, മ്ലേച്ഛമായ നീതികേടു പ്രവർത്തിക്കുന്നു; നന്മ ചെയ്യുന്നവൻ ആരുമില്ല. ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാൺമാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു."**

**സങ്കീർത്തനങ്ങൾ 53 : 1, 2**

നീതിമാൻ ആരുമില്ല, നന്മ ചെയ്യുന്നവൻ ആരുമില്ല എന്നാണു പറയുന്നത്.

**''നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരു പോലെ കൊള്ളരുതാത്ത വരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ട് അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കയ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല.**

**അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ.” റോമർ 3 : 10 – 18**

നന്മ ചെയ്യുന്നവൻ ഒരുത്തൻ പോലുമില്ല. ശവക്കുഴി തുറക്കുമ്പോലെ ദുർഗ്ഗന്ധം വമിക്കുന്ന വാക്കുകൾ! മ്ലേച്ഛമായ വാക്കുകൾ! രണ്ട് അർത്ഥമുള്ള വാക്കുകൾ! വഞ്ചിക്കുന്ന വാക്കുകൾ! ചതിക്കുന്ന വാക്കുകൾ! മറ്റുള്ളവരെ ദുഷിക്കുന്ന വാക്കുകൾ! ഇതെല്ലാം അവരുടെ വായിൽ നിന്നും വരുന്നു. നാവുകൊണ്ട് അവർ ചതിക്കുന്നു.

സർപ്പവിഷം! മറ്റുള്ളവരെ കുത്തി മുറിവേൽപ്പിക്കുന്ന, കുത്തിക്കൊല്ലുന്ന വിഷം അവരുടെ അധരങ്ങൾക്ക് കീഴെയുണ്ട്. പ്രാകുന്ന വാക്കുകൾ! അവരുടെ വായിൽ ശാപവും കയ്പ്പും നിറഞ്ഞിരിക്കുന്നു. ഇങ്ങനെ, നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല എന്ന് ദൈവവചനം പറയുന്നു.

**“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു.” റോമർ 3 : 23**

എല്ലാവരും പാപം ചെയ്തുപോയി. ഒരു വ്യത്യാസവുമില്ല. വലിയവനെന്നോ ചെറിയവനെന്നോ ഭേദമില്ല. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ല. വിദ്യാഭ്യാസം ഉള്ളവനെന്നോ ഇല്ലാത്തവനെന്നോ ഭേദമില്ല. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു.

മനുഷ്യൻ പാപം ചെയ്യാത്തപ്പോഴും അവൻ പാപിയാണ്. പാപത്തിന്റെ വാക്ക് പറയാത്തപ്പോഴും, പാപത്തിന്റെ പ്രവൃത്തി ചെയ്യാത്തപ്പോഴും അവൻ പാപിയാണ്. കാരണം, മനുഷ്യന്റെ സ്വഭാവം പാപമുള്ളതാണ്. മനുഷ്യന്റെ പ്രകൃതി പാപമുള്ളതാണ്. Sinful nature! പാപമയമായ പ്രകൃതി!

അങ്ങനെ പാപികളായ മനുഷ്യരുള്ള ഈ ലോകത്ത് ദൈവം ഒരാളെ നീതിമാനായി എണ്ണി; “ഞാൻ ഈ തലമുറയിൽ നിന്നെ നീതിമാനായി കണ്ടിരിക്കുന്നു.”

മനുഷ്യൻ നീതിമാനല്ല. എന്നാൽ ദൈവം അവനെ നീതിമാൻ എന്നു കണക്കാക്കുകയാണ്. സ്വതവെ ഞാൻ പാപമുള്ളവനാണ്. നീതികെട്ടവനാണ്. മനുഷ്യർ എല്ലാവരും അങ്ങനെയാണ്. നീതിമാൻ ആരുമില്ല, ഒരുത്തൻപോലും ഇല്ല. എന്നാൽ ദൈവം മനുഷ്യനെ നീതിമാൻ എന്ന് പരിഗണിക്കുക യാണ്.

അത് എങ്ങനെയാണ് എന്ന് റോമർ ലേഖനം 3 : 23 മുതൽ വായിക്കുമ്പോൾ കാണാം.

**“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു; അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.” റോമർ 3 : 23, 24**

സൗജന്യമായ നീതീകരണം! അത് മനുഷ്യന്റെ നന്മ പ്രവൃത്തികൊണ്ടല്ല. എന്റെ പ്രാർത്ഥനയുടെ മേന്മകൊണ്ടല്ല, മനോഗുണപ്രവൃത്തികൊണ്ടല്ല, എന്റെ സ്വഭാവശ്രേഷ്ഠത കൊണ്ടല്ല ഞാൻ നീതിമാനാകുന്നത്. ഞാൻ ആർക്കെങ്കിലും ഉപകാരം ചെയ്യുന്നതുകൊണ്ടല്ല, ഉപവാസമെടുക്കുന്നതുകൊ ണ്ടുമല്ല ഞാൻ നീതിമാനാകുന്നത്. ഏതെല്ലാം നന്മ പ്രവൃത്തികൾ ചെയ്താലും ഞാൻ നീതിമാനാകയില്ല.

By birth I am sinful. ജന്മനാ തന്നെ ഞാൻ പാപമാണ്. I am sin constituted. ഞാൻ പാപത്താൽ നിർമ്മിക്കപ്പെട്ടവനാണ്, ആകമാനം പാപമാണ്.

“ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി. പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു.” ഗർഭം ധരിക്കുന്നത് പാപമാണ് എന്നല്ല, ഗർഭം ധരിക്കുമ്പോൾ തന്നെ ഞാൻ പാപിയാണ് എന്നാണ്.

നമ്മുടെ ജീവിതത്തിലേക്കു നോക്കിയാൽ മനോഭാവത്തിൽ പാപം ലയിച്ചു ചേർന്ന് കിടക്കുന്നതു കാണാം. നമ്മുടെ

ആളത്വത്തിൽ അഹന്ത ലയിച്ചു നിൽക്കുന്നുണ്ട്. സ്വാർത്ഥത നിറഞ്ഞു നിൽക്കുന്നുണ്ട്. നമ്മുടെ മനോഭാവത്തിൽ, 'ഞാൻ' എന്ന ഭാവമുണ്ട്. എന്നെ മാനിക്കണം; എന്നെ ആളുകൾ കണക്കാക്കണം; എന്നെ മറ്റുള്ളവർ പരിഗണിക്കണം; എന്റെ അഭിപ്രായം ചോദിക്കണം; എന്റെ ഇഷ്ടം നടക്കണം.

എന്നെ, ഞാൻ, എനിക്ക്, എന്റെ, ഇങ്ങനെ എന്നിൽ ചുറ്റിപ്പറ്റിയാണ് എന്റെ മനോഭാവം പുലരുന്നത്. സുവിശേഷകന്മാർ പോലും സ്വയത്തിൽ നിന്ന് വിമോചനമുള്ളവരല്ല. അനേകം ദൈവമക്കൾ ego - യുടെ അടിമത്വത്തിലാണ് നിൽക്കുന്നത്. ഞാൻ എന്ന ഭാവം. സ്വയം. ഈ 'ഞാൻ' എന്ന ഭാവമാണ് മനുഷ്യനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. അതുമാറിയിട്ട് അവിടെ ക്രിസ്തു വരുന്നതാണ് നീതീകരണം.

ഞാൻ എന്ന ഭാവം ക്രൂശിക്കപ്പെട്ടിട്ട് അവിടെ ക്രിസ്തു വരുന്നതാണ് വാസ്തവത്തിൽ നീതീകരണം! അതാണ് justification! അതാണ് ദൈവനീതി!

നീതിമാനായ ഇയ്യോബ് സങ്കടത്തോടെ ചോദിച്ചു: മനുഷ്യൻ ദൈവസന്നിധിയിൽ നീതിമാനാകുന്നതെങ്ങനെ? രണ്ടിടത്ത് ഇയ്യോബ് ചോദിക്കുന്നുണ്ട്: മർത്യൻ ദൈവസന്നിധിയിൽ നീതിമാനാകുന്നതെങ്ങനെ? മനുഷ്യന് ദൈവസന്നിധിയിൽ നീതിമാനാകുവാൻ പറ്റുമോ?

ആർക്കും നീതിമാനാകാൻ സാധിക്കുകയില്ല. എന്നാൽ ഒരുവനെ നീതീകരിക്കാൻ ദൈവം തീരുമാനിക്കുന്നു. നീതികെട്ടവരായ നിങ്ങളെ, പാപം മാത്രമായ നിങ്ങളെ ഓരോരുത്തരേയും നീതീകരിക്കാൻ കർത്താവായ യേശുക്രിസ്തു നീതികെട്ടവനെപ്പോലെ ക്രൂശിൽ മരിച്ചിരിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുക. അവന്റെ കൃപയാൽ, ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.

അതിനു നാം എന്താണ് ചെയ്യേണ്ടത്?

**"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു." റോമർ 3 : 25**

അതുമാത്രമേ പോംവഴിയുള്ളൂ. ഞാൻ എന്തെങ്കിലും ചെയ്ത് നീതിമാനായിത്തീരുകയില്ല. ഞാൻ പ്രാർത്ഥിച്ച് നീതിമാനായിത്തീരുകയില്ല. ഞാൻ മനോഗുണ പ്രവൃത്തികൾ ചെയ്ത് നീതിമാനായിത്തീരുകയില്ല. ഞാൻ ജാഗരിച്ച് നീതിമാനായിത്തീരുകയില്ല. ഞാൻ എന്തെല്ലാം ചെയ്താലും ഞാൻ നീതികെട്ടവൻ തന്നെ. എന്നാൽ എനിക്കുവേണ്ടി ഒരാൾ ക്രൂശിൽ മരിച്ചിരിക്കുന്നു. എനിക്കുവേണ്ടി ഒരാൾ എന്റെ പാപം ഏറ്റെടുത്തിരിക്കുന്നു. എന്റെ നീതികേടെല്ലാം ഒരാൾ തന്റെമേൽ ഏറ്റെടുത്തിരിക്കുന്നു.

പ്രിയപ്പെട്ടവരേ, നമ്മുടെ നീതികേട് യേശുവിന്റെമേൽ ചുമത്തി. യേശു അതു വഹിച്ചു. അതുകൊണ്ടാണ് യേശു നീതികെട്ടവനെപ്പോലെ കുരിശിൽ മരിച്ചത്. യേശു നീതികെട്ടവനായതുകൊണ്ടല്ല. യേശു നിത്യപരിശുദ്ധനാണ്; നിത്യ തേജോമയനാണ്. എന്നാൽ യേശുക്രിസ്തു എന്റെ പാപം ഏറ്റെടുത്തു. സ്നേഹിതരേ, നിങ്ങളുടെ പാപം ഏറ്റെടുത്തു.

യേശുവിന്റെമേൽ എല്ലാ പാപവും അവൻ വഹിച്ചു. പാപത്തിനു ശിക്ഷയുണ്ട്. പാപിക്കു ശിക്ഷയുണ്ട്. ഞാൻ ഏൽക്കേണ്ട ശിക്ഷ യേശു ഏറ്റെടുത്തു. അതുകൊണ്ട് യേശു എനിക്കുവേണ്ടി കുരിശിൽ മരിച്ചു. തന്മൂലം എന്നെ മോചിപ്പിച്ചു. അങ്ങനെ എന്നെ നീതിമാനാക്കിത്തീർത്തു. ഇതാണ് നീതിമാൻ എന്നു മുദ്രകുത്തുന്നത്. നോഹയെ ആ തലമുറയിൽ നീതിമാൻ എന്ന് ദൈവം പരിഗണിച്ചു.

നിങ്ങൾക്കും പ്രാർത്ഥിക്കാം. ഈ തലമുറയിൽ എന്നെ ഒരു നീതിമാനായി പരിഗണിക്കണമേ. കർത്താവേ, എന്റെ കുറ്റങ്ങൾ എല്ലാം ഏറ്റെടുക്കുന്ന, എന്റെ പാപം വഹിച്ച

ക്രിസ്തുവിന്റെ സ്നേഹത്തെ തിരിച്ചറിയാൻ എന്റെ അകക്കണ്ണുകളെ തുറക്കണമേ.

കർത്താവേ, ഞാൻ നീതികെട്ടവനെന്നു കാണാൻ എനിക്ക് കൃപ തരണമേ. എനിക്കുവേണ്ടി ക്രിസ്തു ക്രൂശിന്മേൽ മരിച്ചു എന്ന് വിശ്വസിക്കാനുള്ള ഒരു എളിമ എനിക്കു തരണമേ.

ഇത് പ്രാർത്ഥിക്കുമ്പോൾ യേശുക്രിസ്തു നിങ്ങളുടെ ഉള്ളിലേക്ക് വെളിച്ചം വീശിത്തരും. നിങ്ങളുടെ കണ്ണ് കർത്താവ് തുറന്നു തരും. ഹൃദയദൃഷ്ടി പ്രകാശിക്കും. അയ്യോ, ഞാൻ പാപിയാണെങ്കിലും എന്റെ പാപം യേശു വഹിച്ചല്ലോ എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

പ്രിയപ്പെട്ടവരേ, ഇത് ബുദ്ധികൊണ്ടു പഠിക്കാനല്ല, ഹൃദയം കൊണ്ടു വിശ്വസിക്കാനാണ് പറയുന്നത്. ബുദ്ധിയിൽ മനസ്സിലാവുകയുമില്ല. എന്നാൽ നിങ്ങൾ എളിമയോടെ വിശ്വസിക്കുക. എന്റെ കർത്താവേ, എനിക്കുവേണ്ടി നീ കുരിശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. ആത്മീയം എനിക്കറിഞ്ഞുകൂടാ. കർത്താവേ, ഞാൻ ഒരു കാര്യം മനസ്സി ലാക്കുന്നു. ഞാൻ ഒരു പാപിയാണ്. ഒരു കാര്യം കൂടി എനിക്കറിയാം, നിനക്ക് എന്നോടു വലിയ സ്നേഹമാണ്.

എന്റെ പാപം വഹിച്ച് നീ ക്രൂശിൽ മരിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ മോചിക്കപ്പെട്ടിരിക്കുന്നു. ഇത് വിശ്വസിച്ചാൽ പാപം വിട്ടുമാറി നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം. ഇതുവരെ നിങ്ങൾ തോറ്റുകൊണ്ടിരുന്ന പാപങ്ങളിന്മേൽ നിങ്ങൾക്കു ജയം നേടാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് ജയം തരും. കർത്താവ് നിങ്ങൾക്കു കൃപ തരും.

പാപത്തിന്റെ പ്രലോഭനങ്ങൾ ഒന്നും നിങ്ങളെ അലട്ടുകയില്ല. നിങ്ങളുടെ പാപങ്ങൾ നിങ്ങളിൽ നിന്ന് തെറിച്ചുപോകുന്നതു നിങ്ങൾതന്നെ കണ്ടുകൊണ്ടിരിക്കും.

നിങ്ങൾ അത്ഭുതപ്പെടും, എങ്ങനെ ഈ കോപം മാറി? എങ്ങനെ ഈ അശുദ്ധചിന്തകൾ മാറി? അത്ഭുതകരമായ രൂപാന്തരം നിങ്ങൾക്ക് ലഭിക്കും. അങ്ങനെ നിങ്ങളുടെ ഹൃദയം സ്വച്ഛമായിത്തീരും. സമാധാനമുള്ളതായിത്തീരും.

അപ്പോൾ നിങ്ങളുടെ രോഗങ്ങൾ മാറും. പാപം മാറുമ്പോൾ നിങ്ങളുടെ ശരീരത്തിലെ രോഗം മാറും. നിങ്ങൾക്ക് അനുഗ്രഹം കിട്ടും.

നോഹ ആ തലമുറയിൽ നീതിമാനായിരുന്നു. ഈ തലമുറയിൽ നീതിമാന്മാരാകാൻ ക്രിസ്തു നമുക്ക് ഭാഗ്യം തന്നിരിക്കുകയാണ്. ക്രിസ്തു നിങ്ങളുടെ പാപങ്ങൾ ഏറ്റെടുക്കുകയാണ്. ക്രിസ്തുവിന്റെ രക്തം നിങ്ങളെ കഴുകുകയാണ്. തിരുരക്തത്താൽ നിങ്ങൾ ശുദ്ധീകരണം പ്രാപിക്കൂ. തിരുരക്തത്താൽ നിങ്ങൾ കഴുകൽ പ്രാപിക്കൂ. ക്രിസ്തുവിനെ നിങ്ങൾ സ്വീകരിക്കൂ. ക്രിസ്തുവിനോടു വാക്ക് പറയൂ.

യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

# ആറ്

**"എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു."**
**ഉല്പത്തി 6 : 8**

വേദപുസ്തകത്തിലെ അറുപത്താറു പുസ്തകങ്ങളിൽ ഒൻപതു പുസ്തകങ്ങളിലായി അൻപതു പ്രാവശ്യം നോഹയെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്.

വളരെ ശ്രദ്ധേയനായ, വളരെ അനുഗൃഹീതനായ ഒരു ധന്യപുരുഷനാണ് നോഹ. വേദപുസ്തകത്തിൽ നോഹയെക്കുറിച്ച് പറയുന്നേടത്ത് പലയിടത്തും 'നീതിമാൻ' എന്ന പ്രയോഗം കാണാൻ സാധിക്കും.

1. നോഹ നീതിമാനായിരുന്നു.

നോഹ വിശ്വാസിയായിരുന്നു. എബ്രായലേഖനം 11-ാം അദ്ധ്യായത്തിൽ നോഹയെക്കുറിച്ച് പറയുന്നത്:

**"വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തിപൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ടു ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു."**
**എബ്രായർ 11 : 7**

വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് അത് വിശ്വസിച്ചു. മഴ എന്ന പ്രതിഭാസം അതുവരെ ഭൂമിയിൽ ഉണ്ടായിട്ടില്ല. അതുവരെ ഭൂമി

മഞ്ഞുകൊണ്ടാണ് നനഞ്ഞുവന്നത്.

മഴയില്ലാത്ത ഭൂമിയിൽ, മഴ കണ്ടിട്ടില്ലാത്ത ജനങ്ങളോട് നോഹ മഴ പെയ്യും എന്ന് പറഞ്ഞു. അരുളപ്പാട് ലഭിച്ചപ്പോൾ ഭയഭക്തിയോടെ, വിശ്വാസത്തിന്റെ ഭയത്തോടും ഭക്തിയോടും കൂടെ തന്റെ കുടുംബത്തിന്റെ രക്ഷക്കായിട്ട് ഒരു പെട്ടകം തീർത്തു. നോഹ ഒരു വിശ്വാസവീരനായിരുന്നു.

നമ്മുടെ ജീവിതത്തിലെ ഒരു വലിയ ധനമാണ് വിശ്വാസം. വലിയ സ്വത്താണ് വിശ്വാസം. എന്തുകൊണ്ടാണ് അവിശ്വാസം വരുന്നത്? എന്തുകൊണ്ടാണ് സംശയം വരുന്നത്?

**"തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏക ദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും?"**

**യോഹന്നാൻ 5 : 44**

നിങ്ങൾക്ക് എപ്പോഴും ചോദ്യങ്ങൾ വരുന്നു. എപ്പോഴും സംശയങ്ങൾ വരുന്നു. എപ്പോഴും മത്സരചിന്തകൾ വരുന്നു. അതിനു കാരണം, നിങ്ങൾക്ക് തമ്മിൽ തമ്മിൽ ബഹുമാനമില്ല; ദൈവം ഒരു വിഷയമായിട്ടില്ല. മനുഷ്യർ നിങ്ങളെ ബഹുമാനിക്കണം എന്നേ നിങ്ങൾക്കു ചിന്തയുള്ളൂ.

നിങ്ങൾക്ക് മനുഷ്യരുടെ മുമ്പിലുള്ള ബഹുമാനം മതി, മനുഷ്യരുടെ മുമ്പിലുള്ള നിലയും വിലയും മതി. മനുഷ്യർ നിങ്ങളെ മാനിച്ചാൽ മതി. ആളുകളുടെ മുമ്പിൽ അംഗീകാരം കിട്ടിയാൽ മതി. അതിനാലാണ് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയാത്തത്.

കർത്താവിന്റെ ശിഷ്യന്മാർ അപ്പോൾ കർത്താവിനോടു ചോദിച്ചു: സത്യദൈവത്തെ പ്രസാദിപ്പിക്കണം എന്നു ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അതിനു ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

**"അവർ അവനോട്: ദൈവത്തിന്നു പ്രസാദമുള്ള**

**പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു." യോഹന്നാൻ 6 : 28**

അതിന് കർത്താവ് അവരോടു പറഞ്ഞ മറുപടി:

**"യേശു അവരോട്: ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്ന് ഉത്തരം പറഞ്ഞു." യോഹന്നാൻ 6 : 29**

ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുകയാണ്. ദൈവം ഈ ഭൂമിയിലേക്ക് അയച്ച തന്റെ ഏകജാതനായ പുത്രനെ വിശ്വസിക്കാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല. ക്രിസ്തുവിനെ വിശ്വസിക്കുക. ക്രിസ്തുവിന്റെ വചനം വിശ്വസിക്കുക. എങ്കിൽ മാത്രമേ നിങ്ങൾക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയുള്ളു.

നിത്യപിതാവിനെ പ്രസാദിപ്പിക്കണമെങ്കിൽ, നിത്യനായ ദൈവത്തെ സന്തോഷിപ്പിക്കണമെങ്കിൽ ഒരു പോംവഴി മാത്രമേയുള്ളൂ, താൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുക.

**"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ."**

**എബ്രായർ 11 : 6**

ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നു വിശ്വസിക്കണം. തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കണം. വിശ്വാസം എന്ന ആ ഒരു വലിയ സ്വത്ത് നാം നേടിയെടുക്കണം. അത് കിട്ടാതെ നമ്മുടെ ആത്മീയജീവിതം തുടങ്ങാൻപോലും സാധിക്കയില്ല. ശോഭനമായ ഭാവി നേടിയെടുക്കാനും നിത്യജീവങ്കലേക്ക് അടുത്തു ചെല്ലാനും തുടർന്ന് സ്വർഗ്ഗത്തിലേക്ക്

പ്രവേശിക്കാനും സാധിക്കയില്ല.

വിശ്വാസത്താൽ മാത്രമാണ് ജയം നേടുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസം! ക്രിസ്തു എന്ന ഏക പുരുഷനിലുള്ള വിശ്വാസം! ക്രിസ്തു എന്ന നിത്യപരിശുദ്ധനിലുള്ള വിശ്വാസം! ക്രിസ്തു എന്ന ഏകമദ്ധ്യസ്ഥനിലുള്ള വിശ്വാസം! ക്രിസ്തു എന്ന ഏക വീണ്ടെടുപ്പുകാരനിലുള്ള വിശ്വാസം!

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ ആർക്കും കഴിവുള്ളതല്ല. ദയവായി ചിന്തിക്കൂ, നിങ്ങൾക്ക് ദൈവവിശ്വാസമുണ്ടോ? ബുദ്ധികൊണ്ടു ചിന്തിച്ച് വിശ്വാസം വരുത്താൻ സാദ്ധ്യമല്ല. നമ്മുടെ ചെറിയ ബുദ്ധിയിൽ ഒതുങ്ങുന്നവനാണോ ദൈവം? ദൈവം അപരിമേയനാണ്. പരിമിതിയില്ലാത്തവനാണ്. അതിരില്ലാത്തവനാണ്. ദൈവം ആർക്കും അടുത്തു കൂടാത്തവനാണ്. ഈ നിത്യനായ ദൈവത്തെ ഹീനനായ മനുഷ്യന്റെ ബുദ്ധിയിൽ ഒതുക്കി നിർത്താൻ സാധിക്കുകയില്ല.

എന്നാൽ കണ്ണുമടച്ചു വിശ്വസിക്കുക. ഒന്നും ചിന്തിക്കണ്ട. അതൊരു blind belief അല്ല, implicit faith, complete faith, perfect faith ആണ്. സമ്പൂർണ്ണമായ വിശ്വാസം! നിർമ്മലമായ വിശ്വാസം!

കർത്താവായ യേശുക്രിസ്തുവിന്റെ അടുക്കൽ ആവശ്യക്കാരായി വന്നവരെല്ലാം വിശ്വസിച്ചുകൊണ്ടാണ് വന്നത്. എവിടെ വിശ്വാസമുണ്ടോ അവിടെ കർത്താവ് പ്രവർത്തിക്കുന്നു.

പ്രിയപ്പെട്ടവരേ, നമുക്ക് ക്രിസ്തുവിൽ വിശ്വസിക്കാൻ കഴിയുന്നുണ്ടോ? കർത്താവേ, നീ എന്റെ അരികത്ത് വന്നു നിൽക്കുന്നു. കർത്താവേ, എന്റെ ഹൃദയത്തിന്റെ ബലഹീനതകൾ നീ കാണുന്നു. എന്റെ ജീവിതത്തിലെ കുറവുകൾ നീ കാണുന്നു. എന്റെ മനസ്സിന്റെ വേദന നീ അറിയുന്നു. എന്റെ ശരീരത്തിന്റെ രോഗം നീ കാണുന്നു. എന്റെ രോഗകാരണം നീ

അറിയുന്നു. ഡോക്ടേഴ്സ് നോക്കിയിട്ട് രോഗം തിരിച്ചറിയാൻ പറ്റുന്നില്ല. എന്നാൽ നീ എല്ലാം അറിയുന്നു.

നിനക്ക് അസാദ്ധ്യമായിട്ട് ഒന്നുമില്ല. രോഗസൗഖ്യം തരണമെങ്കിൽ നിനക്കു കഴിയും. എന്റെ പാപം ഇന്നതാണെന്ന് എനിക്കുതന്നെ മനസ്സിലാകാത്ത രീതിയിൽ എന്റെ ജീവിതം ആകെ കുഴഞ്ഞുമറിഞ്ഞിരിക്കയാണ്. എന്റെ വീഴ്ചയുടെ ഹേതു എന്താണെന്ന് നിനക്കറിയാം. ഞാൻ എവിടെയാണ് വീഴുന്നത്, ഏതുകാര്യത്തിലാണ് ഞാൻ തോറ്റുപോകുന്നതെന്ന് നിനക്കറിയാം. നിനക്കറിയാൻ വയ്യാത്തതായിട്ട് ഒന്നുമില്ല.

കർത്താവേ, ഞാൻ വിശ്വസിക്കുന്നു, നീ എന്നെ സൃഷ്ടിച്ചവനാണ്. നീ എന്നെ മെനഞ്ഞ് ഈ ഭൂമിയിൽ ആക്കിയതാണ്. കർത്താവേ, നീയാണ് എന്നെ ഇത്രയും കാലം നടത്തിയത്; ഓരോരോ പ്രയാസങ്ങൾ വന്നപ്പോഴും കാത്തത് നീയാണ്. ഓരോ രോഗം വന്നപ്പോഴും സൗഖ്യം തന്നത് നീയാണ്. എന്നെ ഇന്നയോളം നടത്തിയത് നീയാണ്. നിന്റെ പാദപീഠത്തിലേക്കു ഞാൻ ഇതാ വരുന്നു. ഞാൻ നിന്നെ വിശ്വസിക്കുന്നു.

കർത്താവേ, നിന്റെ തൃക്കരം എന്റെമേൽ നീട്ടി ഈ സ്വർഗ്ഗീയസ്വത്ത് എനിക്കു തരണമേ. നിത്യധനമാകുന്ന ക്രിസ്തു എന്റെ ഹൃദയത്തിലേക്കു വരുന്ന ഭാഗ്യം എനിക്കു തരണമേ. അതു മനസ്സിലാക്കാൻ ഒരു എളിയ ഹൃദയം എനിക്കു തരണമേ. യേശു എന്റെ ഉള്ളത്തിലേക്കു വരുന്നു എന്നു തിരിച്ചറിയാനുള്ള ഒരു വിവേകം എനിക്കു തരണമേ.

പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വാസത്താൽ ഇത് അനുഭവിക്കുക. യേശുക്രിസ്തു ജീവിക്കുന്നു. ഇതൊരു പരമസത്യമാണ്.

ഇത് നിങ്ങൾ എളിമയോടെ വിശ്വസിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾക്ക് അനുഭവങ്ങൾ കിട്ടാൻ തുടങ്ങും. യേശു നിങ്ങളെ

തലോടുന്നത് നിങ്ങൾക്കനുഭവിക്കാം. ഇത് വെറും മിഥ്യയായ ധാരണയല്ല. നിങ്ങളുടെ അരികത്ത് യേശു നിൽക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും.

നിങ്ങളുടെ ജീവിതത്തിൽ ഭാരങ്ങളില്ലേ? നിങ്ങളുടെ ജീവിതത്തിൽ ദു:ഖങ്ങളില്ലേ? നിങ്ങൾ ആകുലപ്പെട്ടല്ലേ ഓരോ ദിവസവും കഴിയുന്നത്? അനേകമനേകം പ്രശ്നങ്ങൾ! ചിന്തിച്ചാൽ അറുതിയില്ലാത്ത പ്രതിസന്ധികൾ നിങ്ങളുടെ ജീവിതത്തിൽ ഇരച്ചുകയറുന്നില്ലേ? വലിയ കൊടുങ്കാറ്റുകൾ നിങ്ങളുടെ നേരെ ആഞ്ഞടിക്കുന്നില്ലേ? നിങ്ങൾ ജീവിതം സങ്കടത്തോടെ കഴിക്കുകയല്ലേ?

സഹോദരങ്ങളേ, എന്നാൽ ഈ ദുരിതം പിടിച്ച ലോകത്ത് നിങ്ങൾക്ക് ആശ്വാസദായകനായിട്ട് ഒരാൾ ഉണ്ടെന്നു കേട്ടാൽ എന്തു ഭാഗ്യമാണ്! നിങ്ങൾ യേശുവിനെ പിടിക്കൂ. നിങ്ങൾ യേശുവിന്റെ കാൽക്കൽ വീഴൂ. നോഹ ദൈവത്തെ വിശ്വസിച്ചതുപോലെ നിങ്ങൾ ദൈവത്തിന്റെ വചനം വിശ്വസിക്കൂ. അതാണ് കൃപ!

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു എന്നുപറഞ്ഞാൽ നോഹ ദൈവത്തെ വിശ്വസിച്ചു. നിങ്ങൾ ജീവനുള്ള ക്രിസ്തുവിന്റെ വചനം വിശ്വസിക്കൂ. ക്രിസ്തു നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നു. പരിശുദ്ധാത്മാവ് നിങ്ങളുടെ തലമേൽ പറന്നിരിക്കാൻ നിങ്ങൾ പ്രാർത്ഥിക്കണം. പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ വന്ന് അധിവസിക്കാൻ, പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പു ഭവനമായിത്തീരാൻ നിങ്ങൾ പ്രാർത്ഥിക്കണം.

നിങ്ങൾക്ക് അസാദ്ധ്യമായത് സാധിപ്പിച്ചുതരാൻ പരിശുദ്ധാത്മാവ് വരുന്നു. നിങ്ങളുടെ മദ്യപാനം മാറ്റാൻ പരിശുദ്ധാത്മാവിനു കഴിയും. നിങ്ങളുടെ കോപാക്രാന്തമായ സ്വഭാവം മാറ്റാൻ പരിശുദ്ധാത്മാവിനു കഴിയും. നിങ്ങളുടെ

അശുദ്ധമായ വികാരങ്ങൾ മാറ്റാൻ, ചീത്ത കൂട്ടുകെട്ടുകൾ മാറ്റാൻ, അശുദ്ധശീലങ്ങൾ മാറ്റാൻ, ദു:സ്വഭാവങ്ങൾ മാറ്റാൻ, നിങ്ങളുടെ ക്രൂരത മാറ്റാൻ, ദുഷ്ടത മാറ്റാൻ, നിങ്ങളുടെ ദ്രവ്യാഗ്രഹം മാറ്റാൻ, സ്വാർത്ഥത മാറ്റാൻ, നിങ്ങളുടെ അഹങ്കാരം മാറ്റാൻ പരിശുദ്ധാത്മാവിനു കഴിയും എന്ന് നിങ്ങൾ വിശ്വസിക്കൂ.

നിങ്ങളുടെ രോഗം മാറ്റാൻ, ആകുലം മാറ്റാൻ, ദു:ഖം മാറ്റാൻ, പട്ടിണി മാറ്റാൻ, കടത്തിന്റെ ഞെരുക്കം മാറ്റാൻ യേശുക്രിസ്തുവിനു കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കണം. പരിഹാരകൻ നിങ്ങളുടെ അരികത്തേക്കു വരികയാണ്. അവൻ നിങ്ങൾക്കു വചനം തരികയാണ്. വചനമാണ് കൃപ. വചനം ഊതുമ്പോൾ നിങ്ങൾ ദൈവത്തോടു ചോദിച്ചു വാങ്ങണം.

കർത്താവേ, നിന്റെ വചനം എന്റെമേൽ അയയ്ക്കുന്ന ഈ സമയത്ത് ഞാൻ വിശ്വസിക്കുന്നു. ഞാൻ തൃപ്പാദത്തിൽ വീഴുന്നു. എനിക്കുവേണ്ടി ആണികളേറ്റ കാലുകളെ ഞാൻ കെട്ടിപ്പിടിക്കുന്നു. എനിക്കുവേണ്ടി മുറിവേറ്റ കരങ്ങളെ ഞാൻ ചുംബിക്കുന്നു. നീ എന്നെ സ്നേഹിക്കുന്നു. എനിക്കു വേണ്ടിയാണ് നീ മുറിവേറ്റത്. കർത്താവേ, ഞാൻ എന്റെ ബലഹീനതകളോടുകൂടെ നിന്റെ പാദപീഠത്തിലേക്കു വരുന്നു. എന്റെ ജീവിതത്തിന്റെ എല്ലാ തിന്മകളോടും കൂടെ ഞാൻ തിരുമുമ്പാകെ വരികയാണ്. നല്ലതെന്നു പറയാൻ എനിക്കൊന്നുമില്ല. അഭിമാനിക്കാൻ എനിക്ക് ഒന്നുമില്ല. എനിക്ക് ആകെ പറയാനുള്ളത് ഞാൻ ഒരു പാപിയാണ് എന്നു മാത്രം. നിന്റെ സന്നിധിയിൽ കൊണ്ടുവരാനുള്ളത് എന്റെ പാപത്തിന്റെ കൂമ്പാരം മാത്രം. എന്റെ പാപവും ഭാരവുമായി ഞാൻ ഇതാ തിരുമുമ്പാകെ വരുന്നു. എന്നോടു കരുണ തോന്ന ണമേ.

നോഹ ദൈവത്തെ വിശ്വസിച്ചു; അവന് ദൈവത്തിന്റെ

കൃപ ലഭിച്ചു. ദൈവത്തെ വിശ്വസിക്കുന്ന ദൈവപൈതലിന് വചനം കിട്ടുകയാണ്. വചനം കിട്ടി, ആ വചനം വിശ്വസിച്ചു. അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടു കിട്ടി. മഴ പെയ്തിട്ടില്ലാത്ത ഈ ഭൂമിയിൽ ഇതാ, മഴ പെയ്യുന്നു.

പെട്ടകത്തിന്റെ വാതിൽ തുറന്നിട്ടുകൊണ്ട് നോഹ പ്രസംഗിക്കുകയാണ്. പലരും നോഹയെ കളിയാക്കി. പലരും പറഞ്ഞു: എന്തു വിഡ്ഢിത്തം! ഈ ഉണങ്ങിവരണ്ട ഭൂമിയിൽ ഒരു പെട്ടകം പണിതിരിക്കുന്നു; പെട്ടകം വെള്ളത്തിൽക്കൂടി പോകുന്ന സാധനമല്ലേ? വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതല്ലേ? ഉണങ്ങിവരണ്ട ഭൂമിയിൽ എന്തിനാണ് പെട്ടകം? അവർക്കൊന്നും മനസ്സിലായില്ല.

നോഹ പറഞ്ഞു: “ഇവിടെ വെള്ളം മെത്തും. വെള്ളത്തിൽ ഈ പെട്ടകം പൊങ്ങി നിൽക്കും. അങ്ങനെയാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. സ്വർഗ്ഗത്തിലെ ദൈവം പറഞ്ഞ കണക്കനുസരിച്ചാണ് പണിതിരിക്കുന്നത്.” ആരും വിശ്വസിച്ചില്ല. ആരും കണക്കാക്കിയില്ല. ഇതെല്ലാം ഒരുതരം വിഡ്ഢിത്തങ്ങൾ എന്നേ കണക്കാക്കിയുള്ളു. എന്നും അങ്ങനെയാണ്. സുവിശേഷം എന്നു കേൾക്കുമ്പോൾ അത് വെറും ഭോഷത്വമായിട്ടാണ് കണക്കാക്കുന്നത്. നിർമ്മല സുവിശേഷം അനേകർക്കു ഭോഷത്വമാണ്.

കുരിശ് ഒരു ഭോഷത്വമല്ലേ? എന്തിനുവേണ്ടിയാണ് ഈ യാതന സഹിക്കുന്നത്? എന്തിനുവേണ്ടിയാണ് കഷ്ടം സഹിക്കുന്നത്? എന്റെ ആത്മീയജീവിതത്തിന്റെ ആരംഭ കാലങ്ങളിൽ, എന്നെ സ്നേഹിക്കുന്ന ചിലർ ഉപദേശിച്ചിട്ടുണ്ട്: “ഇത്രക്കൊന്നും വേണ്ട. ഭക്തിയും പ്രാർത്ഥനയും ഒക്കെ വേണം. പള്ളിയിൽ പോകണം. നമസ്ക്കാരം ചൊല്ലണം. നോമ്പുകളൊക്കെ ആചരിക്കണം. നമ്മുടെ കാരണവന്മാർ ജീവിക്കുന്നതുപോലെ ജീവിച്ചുപോയാൽ മതി. അതിൽ കവിഞ്ഞുള്ള ആത്മീയം ഒന്നും ആവശ്യമില്ല.” ഭാഗ്യവശാൽ

അതിനൊന്നും ചെവി കൊടുക്കാൻ എനിക്ക് ഇടയായില്ല.

ഇന്നു തിരിഞ്ഞു നോക്കുമ്പോൾ ഞാൻ സമാധാനത്തോടെ പറയട്ടെ, ഒന്നും നഷ്ടമായില്ല. യേശുവിനുവേണ്ടി ജീവൻ കൊടുത്തത് നഷ്ടമായില്ല. യേശുവിനായി ഹൃദയം തുറന്നത് നഷ്ടമായില്ല. എല്ലാം കർത്താവ് മനോഹരമാക്കിത്തന്നു. ഇന്ന് ഞാൻ സമാധാനമുള്ള കുടുംബജീവിതം നയിക്കുന്നു. ഒരു ആകുലവുമില്ലാതെ സന്തോഷമായി കഴിയുന്നു.

എന്താണു കാരണം? ഈ ഹൃദയത്തിനുള്ളിൽ എന്റെ കരുണയുള്ള കർത്താവ് വസിക്കാൻ ഇടയായി. ഒരു കാര്യം എനിക്കു നിങ്ങളോടു പറയാനുണ്ട്. യേശുവിനെ കൂടാതെ ഇനി നിങ്ങൾ മുമ്പോട്ടു പോകരുത്. പുറത്തു നിൽക്കുന്ന യേശുവിനെ നിങ്ങൾ അകത്തേക്ക് വിളിക്കൂ. യേശുവിനെ നിങ്ങൾ വിശ്വസിക്കൂ. യേശുവിനെ നിങ്ങൾ സ്നേഹിക്കാൻ തുടങ്ങൂ.

യേശു പുറത്തുനിന്നു മുട്ടുന്നുണ്ട്. പുറത്തുനിന്ന് അവൻ കെഞ്ചുകയാണ്: മകനേ, നിന്റെ ജീവിതം ഞാൻ മനോഹരമാക്കാം. മകളേ, നിന്റെ ജീവിതം ഞാൻ ഐശ്വര്യ പൂർണ്ണമാക്കാം. ഇന്നത്തെ ദുരിതങ്ങൾ മാറ്റിത്തരാം. ഇന്നത്തെ യാതനകൾ മാറ്റിത്തരാം. ഇനിയും നിനക്ക് സമാധാനകാലങ്ങൾ തരാം.

അവൻ കെഞ്ചിക്കൊണ്ട് നിൽക്കുകയാണ്. ഒരു യാചകനെപ്പോലെ യേശു മുട്ടി വിളിക്കുന്നു. അവനെ ഏകാകിയായി പറഞ്ഞുവിടല്ലേ. അവനെ നിങ്ങളുടെ ഹൃദയത്തിലേക്കു സ്വീകരിക്കൂ.

“നേരം വൈകി അസ്തമിപ്പാറായല്ലോ. ഞങ്ങളോടുകൂടെ രാപാർക്കുക.” രാപാർക്കാൻ യേശുവിനെ നിങ്ങൾ വിളിക്കൂ. അവൻ വന്നു രാപാർത്താൽ – “സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.”

എന്നും ദുരിതമാണ്. എന്നും നിലവിളിയാണ്. എന്നും മുറവിളിയാണ്. എന്നും കണ്ണീരാണ്. എന്നും പ്രശ്നങ്ങളാണ്. സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർത്ത ഭവനത്തിൽ ഇന്നിതാ യേശു വരുന്നു. ആനന്ദഘോഷം വരും.

തോറ്റടിഞ്ഞുപോയവർ ജയം പ്രാപിക്കുന്നവരായിത്തീരും. ക്ഷീണിതർ ബലശാലികളായിത്തീരും. കഷ്ടപ്പാടിൽ കഴിയുന്നവർ ആനന്ദത്തിൽ ദൈവത്തെ സ്തുതിക്കുന്നവരായിത്തീരും. ബന്ധനത്തിൽ കഴിയുന്നവർ മോചനം പ്രാപിച്ച് ദൈവത്തെ വാഴ്ത്തുന്നവരായിത്തീരും.

യേശു നിങ്ങളെ ക്ഷണിക്കുകയാണ്. യേശുവിനോട് ഒരു വാക്കു പറയുവിൻ: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

# ഏഴ്

**"എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു." ഉല്പത്തി 6 : 8, 9**

നോഹയെക്കുറിച്ചാണ് നാം ധ്യാനിച്ചുകൊണ്ടിരിക്കുന്നത്. അന്ത്യനാളുകൾ നോഹയുടെ കാലംപോലെയാകും എന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ട്. നോഹയെക്കുറിച്ച്, നോഹയുടെ ജീവിതത്തെക്കുറിച്ച്, നോഹയുടെ ജീവിതത്തിന്റെ സന്ദേശത്തെക്കുറിച്ച് ചില കാര്യങ്ങൾ നാം ധ്യാനിച്ചു വരികയാണ്. നോഹയെക്കുറിച്ചുള്ള ഏറ്റവും ഗൗരവമേറിയ ദൈവികമായ ഒരു സർട്ടിഫിക്കറ്റാണ്: "എന്നാൽ നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു." നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടു കൂടെ നടന്നു. നോഹ കുറ്റമറ്റവനായിരുന്നു.

ഈ ലോകത്ത് ജനിച്ചിട്ടുള്ള യാതൊരാളും പാപമില്ലാത്തവനല്ല. യേശുക്രിസ്തു ഒഴികെ സകലരും പാപികളാണ്. എന്നാൽ ഇവിടെ നിഷ്ക്കളങ്കൻ എന്നു പറഞ്ഞിരിക്കുന്ന വാക്ക് പാപമില്ലാത്തവൻ എന്ന അർത്ഥത്തിലല്ല. നേരെമറിച്ച്, പാപം മനസ്സറിഞ്ഞ് വരാൻ സമ്മതിക്കാത്തവൻ എന്നാണ്. ഒരു കാരണവശാലും ആരു നോക്കിയാലും പാപം എന്നു പറയുന്ന യാതൊന്നും കാണാനില്ലാത്തവിധത്തിൽ തന്നെത്തന്നെ നിഷ്ക്കളങ്കനായി സൂക്ഷിക്കുന്നവനായിരുന്നു നോഹ.

നോഹ നിഷ്ക്കളങ്കനായിരുന്നു. കറ പുരളാത്തവനായിരുന്നു. ജീവിതത്തിൽ തെറ്റുപറ്റരുതെന്ന് നിർബ്ബന്ധമുള്ളവനായിരുന്നു. ആ തലമുറയാകട്ടെ വഷളത്വം നിറഞ്ഞ, തിന്മനിറഞ്ഞ തലമുറയായിരുന്നു. അതിക്രമവും അക്രമവും നിറഞ്ഞ തലമുറയായിരുന്നു. അന്നത്തെ കാലഘട്ടത്തിൽ സകല മനുഷ്യരും തിന്മയിലേക്ക് ആണ്ടുപോയിരുന്നു.

ആറാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് നാം വായിക്കുന്നുണ്ട്, മനുഷ്യർ എല്ലാവരും ദുഷ്ടത നിറഞ്ഞവരായിപ്പോയി എന്ന്.

**"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു."**
**ഉല്പത്തി 6 : 5**

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതായിപ്പോയി. അക്രമം പെരുകി. അനീതിയും അഴിമതിയും എല്ലാ രംഗങ്ങളിലും അഴിഞ്ഞാട്ടം തുടങ്ങി. ജീവനുള്ള ദൈവത്തിന്റെ ഹൃദയത്തിന് ദു:ഖമായി.

**"താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിന്നു ദു:ഖമായി." ഉല്പത്തി 6 : 6**

**"ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചു കളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു." ഉല്പത്തി 6 : 7**

എല്ലാവരും അതിക്രമത്തിൽ ആണ്ടുപോയപ്പോൾ, അഴിമതിയിലും അനീതിയിലും അശുദ്ധിയിലും തിന്മയിലും മ്ലേച്ഛതയിലും പോയപ്പോൾ, ഒരാൾ മാത്രം നീതിമാനായി

നിന്നു. ഒരാൾ നിഷ്ക്കളങ്കനായി നിന്നു. നോഹ ഒരാൾ കളങ്കമേശാത്തവനായി, ജീവിതത്തിൽ ചെളിപുരളാത്ത വനായി നിന്നു.

നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. സമൂഹം മുഴുവനും തിന്മയിലേക്ക് അതിവേഗത്തിൽ ശീഘ്രഗമനം ചെയ്യുമ്പോൾ, സമൂഹത്തിലുള്ള മനുഷ്യർ എല്ലാവരും തിന്മയിലേക്ക് ആണ്ടുപോകുമ്പോൾ, ദോഷവഴികളിലേക്ക് തിരിഞ്ഞുപോകുമ്പോൾ ഒരാൾ ദോഷം പറ്റരുത് എന്നു വിചാരിച്ചുനിന്നാൽ ദൈവം, അവന്റെമേൽ സകല കൃപകളും പകരും. എല്ലാ ദൈവികനന്മകളും ദൈവിക വരപ്രസാദങ്ങളും അവനു ലഭിക്കും. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

**"എന്നാൽ നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു." ഉല്പത്തി 6 : 8, 9**

നീതിമാനായ ഒരാളുണ്ടെങ്കിൽ, നിഷ്ക്കളങ്കനായി ഒരാൾ ഉണ്ടെങ്കിൽ അവന് ദൈവത്തോടുകൂടെ നടക്കാം. പ്രിയമുള്ളവരേ, നിങ്ങളുടെ ജീവിതത്തിൽ ദൈവത്തോടു കൂടെ നടക്കാൻ നിങ്ങൾക്കു താല്പര്യമുണ്ടോ? നിങ്ങൾ ആഗ്രഹിക്കണം: കർത്താവേ, ദൈവത്തോടുകൂടെ എനിക്ക് നടക്കണം. ദൈവം കൂടെയുണ്ടെങ്കിൽ അനർത്ഥങ്ങളെ ഭയപ്പെടേണ്ടിവരികയില്ല.

**"കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ." സങ്കീർത്തനങ്ങൾ 23 : 4**

ഈ ലോകജീവിതത്തിൽ ആപത്തുകളുണ്ട്. ഈ ലോകത്തിൽ നമുക്കെല്ലാം അനർത്ഥങ്ങളുണ്ട്. അത്യാഹിതങ്ങൾ സംഭവിക്കാം. രോഗങ്ങൾ സംഭവിക്കാം. ആർക്കാണ് അതിൽ

നിന്നു ഒഴിവുള്ളത്? എല്ലാവിധത്തിലുമുള്ള ആപത്തുകളും അനർത്ഥങ്ങളും അപകടങ്ങളും നാശങ്ങളും കഷ്ടങ്ങളും നഷ്ടങ്ങളും മനുഷ്യർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ എല്ലാ പ്രതിസന്ധികളുടേയും പ്രശ്നങ്ങളുടേയും നടുവിൽ അവയെ പുഞ്ചിരിയോടെ അഭിമുഖീകരിച്ചുകൊണ്ടു നില്പാൻ ഒരു ദൈവപൈതലിനു സാധിക്കും. കാരണം, ദൈവം കൂടെയുണ്ട് എന്നുള്ള ധൈര്യം. എന്തു സംഭവിച്ചാലെന്താണ്? എന്റെ ജീവിതം ഞാൻ യേശുവിനു കൊടുത്തതല്ലേ? എന്റെ ആയുസ്സ് ഞാൻ യേശുവിന് കൈമാറിയതല്ലേ?

എന്റെ ശരീരവും മനസ്സും എന്റെ ആത്മാവും മുഴുവനായി എന്റെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുവിന് ഞാൻ കൊടുത്തതല്ലേ? അതുകൊണ്ട് എന്റെ യേശു അറിയാതെ ഒന്നും വരികയില്ല എന്ന ഒരു ധൈര്യം നമുക്ക് ലഭിക്കും. കൂരിരുളിന്റെ താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല എന്ന് ദാവീദ് പറഞ്ഞു.

'കൂരിരുൾ താഴ്വര' എന്നുപറയുന്നത് ഇംഗ്ലീഷിൽ നിന്ന് നേരെ തർജ്ജമ ചെയ്താൽ 'മരണനിഴൽ താഴ്വര' എന്നാണ്. മരണനിഴൽ താഴ്വരയിൽക്കൂടി നടന്നാലും, മരണം അരിച്ചരിച്ചുകയറുന്ന ദുരിതപൂരിതമായ അനുഭവങ്ങളിലൂടെ പോകേണ്ടിവന്നാലും, ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.

പ്രിയപ്പെട്ടവരേ, ജീവനുള്ള ദൈവം കൂടെയുണ്ടെന്നുള്ള ധൈര്യം! നോഹയ്ക്ക് ലഭിച്ച ഭാഗ്യം അതാണ്. ദൈവത്തോടുകൂടെ നടക്കുകയായിരുന്നു.

ദൈവത്തോടുകൂടെ നടക്കുക എന്നാൽ എന്താണ്? വേദപുസ്തകത്തിൽ ദൈവത്തോടുകൂടെ നടക്കുക എന്നതിനെക്കുറിച്ചുള്ള വിശദീകരണ പ്രസ്താവനകൾ ഏറ്റവും കൂടുതലുള്ളത് എഫേസ്യ ലേഖനത്തിലാണ്. നിങ്ങൾ

എങ്ങനെ നടന്നു? എങ്ങനെ നടക്കരുത്? എങ്ങനെ നടക്കണം? ‘നടക്കുക’ എന്നുള്ളതാണ് എഫേസ്യലേഖനത്തിന്റെ താക്കോൽ വാക്ക് (Keyword).

എങ്ങനെയാണ് ഒരുവൻ ദൈവത്തോടുകൂടെ നടക്കുക എന്ന് എഫേസ്യലേഖനത്തിൽ പറയുന്നു. നിങ്ങൾ എങ്ങനെ നടന്നു വന്നവരാണ്? എങ്ങനെ നടന്നു? നിങ്ങൾ ഇനി എങ്ങനെ നടക്കരുത്? ഇനി എങ്ങനെ നടക്കണം? മൂന്നു കാര്യങ്ങളാണ് എഫേസ്യലേഖനത്തിൽ പറയുന്നത്.

എഫേസ്യലേഖനം ശരിയായി പഠിച്ചാൽ അതിൽ നാല് ആശയങ്ങൾ കാണാം.

ഒന്ന് സഭയെക്കുറിച്ചുള്ള ആശയങ്ങളാണ്. ക്രിസ്തുവിന്റെ സഭ! സഭ എങ്ങനെയുള്ളതാണ് എന്ന് എഫേസ്യലേഖനത്തിൽ പറയുന്നു.

ആ സഭയുടെ മക്കൾ എങ്ങനെ നടന്നവരായിരുന്നു, എങ്ങനെ നടക്കരുത്, എങ്ങനെ നടക്കണം എന്നു പറയുന്നു.

എന്താണ് സഭ? എഫേസ്യലേഖനത്തിൽ പറയുന്നത്,

1. The body of Christ filled with the life of Christ. ക്രിസ്തുവിന്റെ ജീവൻ തുടിക്കുന്ന ക്രിസ്തുവിന്റെ ശരീരമാകുന്നു സഭ.
2. The temple of God filled with the glory of God. ദൈവത്തിന്റെ മഹത്വം നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ആലയമാണ് സഭ.
3. The bride of God filled with the love of God. ദൈവത്തിന്റെ സ്നേഹം നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മണവാട്ടിയാണ് സഭ.
4. The mighty army of God filled with the power of God. ദൈവത്തിന്റെ ശക്തി നിറഞ്ഞിരിക്കുന്ന

ദൈവത്തിന്റെ സ്വർഗ്ഗീയ സൈന്യമാണ് സഭ.

ഇങ്ങനെയുള്ള സഭ എങ്ങനെയാണ് നടക്കേണ്ടത്? എങ്ങനെ നടന്നുവന്നു? എങ്ങനെ നടക്കരുത്? എങ്ങനെ നടക്കണം?

**"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചുനടന്നു." എഫേസ്യർ 2 : 1, 2**

മുമ്പെ നിങ്ങൾ ലോകത്തിനൊത്തവണ്ണം നടന്നു; ലോകമനുഷ്യരുടെ പ്രീതിക്കൊത്തവണ്ണം നടന്നു; ലോകത്തിന്റെ മര്യാദയ്ക്ക് ഒത്തതുപോലെ നടന്നു; ലോകത്തിന്റെ ഗതിക്ക് ഒത്തതുപോലെ നടന്നു. ലോകത്തിന്റെ കാലത്തിന്ന് ഒത്തതുപോലെ നടന്നു. ലോകത്തിന്റെ ഗതിവിഗതികൾ ക്കൊത്തതുപോലെ നടന്നു.

അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെ അനുസരിച്ചു നടന്നു. സാത്താനെ അനുസരിച്ചു നടന്നു. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടന്നപ്പോൾ നിങ്ങൾ നടക്കുകയായിരുന്നു. മരിച്ചുകിടന്നപ്പോൾ നടന്നു എന്നാണ് പറയുന്നത്.

1. നിങ്ങൾ ലോകത്തിന്റെ കാലഗതി അനുസരിച്ച് നടന്നു.
2. നിങ്ങൾ സാത്താനെ അനുസരിച്ച് നടന്നു.
3. **"അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തും കൊണ്ട് മറ്റുളളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു."**

**എഫേസ്യർ 2 : 3**

അന്ന് നിങ്ങൾ ജഡത്തിന്റെ മോഹങ്ങൾക്ക് അനുസരിച്ചു നടന്നു. നിങ്ങൾക്ക് അങ്ങനെ ഒരു കാലമില്ലേ? നിങ്ങൾ വചനം കേൾക്കുന്നതിനുമുമ്പ്, വചനം വായിക്കുന്നതിനുമുമ്പ്, നിങ്ങൾക്ക് ഒരു മാനസാന്തരം കിട്ടുന്നതിനുമുമ്പ് നിങ്ങളുടെ ജീവിതം അങ്ങനെ ആയിരുന്നു.

ലോകത്തിന്റെ മാന്യതയ്ക്കുവേണ്ടി, സുഖസൗകര്യങ്ങ ൾക്കുവേണ്ടി, ആഡംബര ജീവിതത്തിനുവേണ്ടി, സന്തോഷങ്ങ ൾക്കുവേണ്ടി, ജഡിക ഉല്ലാസങ്ങൾക്കുവേണ്ടി, ജഡമോഹ ങ്ങൾക്കുവേണ്ടി, പൈശാചികന്റെ ഇഷ്ടം അനുസരിച്ചു കൊണ്ട് ഏതു വൃത്തികേടിലേക്കും പോകാൻ മടിയില്ലാതെ, ഏതു ലജ്ജാകരമായ കാര്യവും ചെയ്വാൻ മടിയില്ലാതെ, ഒരു സമയത്തു രഹസ്യമായും പിന്നെ പരസ്യമായും തിന്മകൾ ചെയ്യുവാൻ മടിയില്ലാതെ ജീവിച്ച കാലങ്ങൾ. ഇങ്ങനെയെല്ലാ മായിരുന്നു പഴയ കാലങ്ങൾ.

അന്നു നിങ്ങൾ എങ്ങനെയുള്ളവരായിരുന്നു എന്ന് അപ്പൊസ്തലൻ പറയുന്നുണ്ട്.

**“ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളാ യിരുന്നു; ജഡത്തിൽ കൈയാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നുപേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരത യോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ.”** **എഫേസ്യർ 2 : 11, 12**

ഒരു പഴയകാലം ഉണ്ടായിരുന്നു. സ്നേഹിതരേ, ചിന്തിക്കൂ. നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു? പേരിനു

നമസ്ക്കാരം ഉണ്ടായിരുന്നിരിക്കും. പേരിനു പള്ളിയിൽ പോകുമായിരിക്കും. പേരിനു കൂട്ടായ്മയിൽ വന്ന് വചനം കേൾക്കുമായിരിക്കും. ദൈവവുമായി ഒരു ബന്ധം ഉണ്ടായിരുന്നുവോ? പാപം വിട്ടു ജീവിക്കണം എന്ന നിർബ്ബന്ധം ഉണ്ടായിരുന്നുവോ? നിങ്ങൾ ചില ദു:ശീലങ്ങളിൽ കുടുങ്ങിയിരുന്നില്ലേ? മദ്യപാനത്തിൽ കുടുങ്ങിയിരുന്നവരില്ലേ? കൊള്ളരുതാത്ത ബന്ധങ്ങളിൽ കുടുങ്ങി ജീവിച്ചവരില്ലേ? വ്യഭിചാരജീവിതം നയിച്ചവരില്ലേ? ഹീനവും മ്ലേച്ഛവുമായ ജീവിതം നയിച്ചവരില്ലേ? കഞ്ചാവിന്റെ അടിമകളായിത്തീർന്ന വരില്ലേ?

ഓർത്തുനോക്കൂ പഴയകാലങ്ങൾ. “വെട്ടിയെടുത്ത പാറയിലേക്കും കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞു നോക്കുവിൻ”

അന്ന് നാം ദൈവമില്ലാത്തവരായിരുന്നു. ദൈവികബോധ മില്ലാത്തവരായിരുന്നു. ഭക്തി എന്ത് എന്ന് അറിഞ്ഞു കൂടായിരുന്നു. യേശു കുരിശിൽ മരിച്ചു എന്ന് കേൾക്കുന്നു, യേശു വീണ്ടും വരും എന്നു പറയുന്നു. എന്താണതിന്റെ അർത്ഥം? അതൊന്നും ഗൗനിച്ചിട്ടേയില്ല.

എല്ലാ പ്രാർത്ഥനകളും ചൊല്ലിത്തികയ്ക്കും. നമസ്ക്കാരങ്ങൾ ചൊല്ലിത്തികയ്ക്കും. എല്ലാം ഉരുവിട്ടു തികയ്ക്കും. ചില ചടങ്ങുകൾ ആചരിക്കും. ചില ആചാരങ്ങൾ അനുഷ്ഠിക്കും. ചില വ്യർത്ഥമായ ആശയഗതികൾ വച്ചു പുലർത്തി ക്കൊണ്ടിരിക്കും. എന്നാൽ സജീവമായ ആത്മീയജീവിതം എന്ത് എന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ലാത്ത കാലം.

ആ കാലത്ത് നിങ്ങൾ ദൈവമില്ലാത്തവരായിരുന്നു. നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു. യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരായിരുന്നു. വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരായിരുന്നു. എത്രയോ പ്രാകൃതമായ

കാലമായിരുന്നു!

എന്നാൽ ദൈവത്തിന് നമ്മിൽ തന്റെ കൃപ പകരുവാൻ തിരുമനസ്സു തോന്നി.

**“അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുംകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹംനിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും–കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു.” എഫേസ്യർ 2 : 3 – 5**

അതിക്രമങ്ങളാൽ മരിച്ചുപോയിരുന്നു. അതിക്രമങ്ങളാൽ മരിച്ചവരായ നമ്മെ അവൻ ഉയിർത്തെഴുന്നേൽപ്പിച്ചു. പാപത്തിന്റെ ശമ്പളമായ മരണം നമ്മിൽ വാണിരുന്നു.

**“മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു.” യാക്കോബ് 1 : 15**

“മരണത്തിന്റെ വിഷമുള്ള് പാപം” എന്ന് കൊരിന്ത്യ ലേഖനത്തിൽ പറയുന്നു. വിഷമുള്ളേറ്റ് ആത്മാവ് മരിച്ചു പോയിരുന്നു. അങ്ങനെ ആത്മാവിൽ മരിച്ചു കിടന്നവരായ നമ്മെ,

**“ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ചു. സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.” എഫേസ്യർ 2 : 6, 7**

മരിച്ചുകിടന്ന ആത്മാവിനെ ഉയിർത്തെഴുന്നേൽപ്പിച്ചു. ആത്മാവിനെ പരിശുദ്ധാത്മാവു പറപ്പിച്ച് സ്വർഗ്ഗത്തിൽ

കൊണ്ടുപോയി ഇരുത്തി.

എന്താണ് ജീവനുള്ള ക്രിസ്തു ചെയ്തത്? നാം അറിയുന്നുണ്ടോ? ഈ പദവി നാം ഗ്രഹിക്കുന്നുണ്ടോ? നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളിൽ മരിച്ചു കിടന്നവരായ നമ്മെ അവൻ ഉയിർത്തെഴുന്നേൽപ്പിച്ചു. ആത്മാവിൽ മരിച്ചുകിടക്കുകയായിരുന്നു. ഒരു കാരണവശാലും ദൈവരാജ്യത്തിൽ ചെല്ലുവാൻ യോഗ്യരല്ലായിരുന്നു. നാം നിത്യനരകത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കയായിരുന്നു. നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കയായിരുന്നു.

എന്നാൽ കരുണാസമ്പന്നനായ ദൈവമോ നമ്മെ തടുത്തുനിർത്തി. അവനു നമ്മോടു കരുണതോന്നി. നിത്യസ്നേഹംകൊണ്ട് അവൻ നമ്മെ സ്നേഹിച്ചു. ഉദാരമായി നമ്മെ സ്നേഹിച്ചു. തന്റെ ഏകജാതനായ തിരുക്കുമാരനെ നമുക്കുവേണ്ടി കുരിശിലർപ്പിക്കുവാൻ ഏല്പിച്ചുതന്നു. കർത്താവായ യേശു നമ്മുടെ പാപങ്ങൾ വഹിച്ചു. നമ്മുടെ പാപം ഏറ്റെടുത്ത് നമുക്കുവേണ്ടി യേശു കുരിശിൽ മരിച്ചു. യേശുക്രിസ്തുവിന്റെ രക്തത്താൽ നമുക്കു പാപവിമോചനം തന്നു.

മനുഷ്യർ ആരും പാപമോചനം തരികയില്ല. ഒരു മനുഷ്യനും പാപം മോചിക്കയില്ല. ഒരു മനുഷ്യനും ശാപം മാറ്റുകയുമില്ല. ഒരു കൂട്ടായ്മയും ശാപം മാറ്റുകയില്ല. പാപം മാറ്റുന്ന ഒരേയൊരു വ്യക്തിയേയുള്ളൂ. അത് പാപിക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകനായ കർത്താവായ യേശുക്രിസ്തു മാത്രം.

പ്രിയമുള്ളവരേ, നിങ്ങൾ വിശ്വസിക്കൂ. നാം വന്നിരിക്കുന്നത് കർത്താവിന്റെ പാദപീഠത്തിലേക്കാണ്. അവൻ നമ്മെ കാണുന്നു. അവൻ നമ്മെ സ്നേഹിക്കുന്നു. പാപം പോക്കാൻ കുരിശിൽ മരിച്ചവൻ നിങ്ങളുടെ

അരികത്തുവന്ന് ഹൃദ്യമായി നിങ്ങളോടു സംസാരിക്കുന്നു: മകനേ, നിനക്കു പാപക്ഷമ വേണമോ? മകളേ, നിനക്കു പാപമോചനം വേണമോ? ഞാൻ നിന്നെ അതിക്രമങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിക്കാം. നിനക്കു ഞാൻ ജീവൻ തരാം. ഞാൻ കുരിശിൽ മരിച്ചത്, എന്റെ ജീവൻ വെടിഞ്ഞത് നിനക്കു ജീവൻ തരാനാണ്.

ഞാൻ കുരിശിൽ എന്റെ രക്തം ചിന്തിയത്, ജീവരക്തം ഊറ്റിയത് നിനക്ക് ജീവൻ തരാനാണ്. നീ ഒരു കാര്യം മാത്രം വിശ്വസിക്കൂ. നീ ഒരു പാപിയാണ്. എന്നാൽ പാപമില്ലാത്ത ക്രിസ്തു നിനക്കുവേണ്ടി കുരിശിൽ മരിച്ചു.

നീ ഇനി എന്താണു ചെയ്യേണ്ടത്? എന്റെ യേശുവേ, എന്റെ പാപം പോക്കി എന്നെ കഴുകണമേ എന്നു പ്രാർത്ഥിക്കൂ. പാപമില്ലാത്ത ഒരു വിശുദ്ധജീവിതം എനിക്കു തരണമേ. നീയെന്റെ അരികത്തു വന്ന് നിന്റെ തൃക്കരം എന്റെമേൽ വച്ച് പാപങ്ങൾ കഴുകിത്തരണമേ. അതിക്രമങ്ങളിൽ മരിച്ചു കിടക്കുന്ന എനിക്ക് ഒരു ഉയിർത്തെഴുന്നേല്പു തരണമേ.

പാപത്തിന്റെ വിഷമുള്ളേറ്റു മരിച്ചുപോയ എനിക്ക് ജീവൻ തരണമേ. എന്റെമേൽ നിന്റെ ജീവൻ പകരണമേ. എന്റെ പാപങ്ങൾ ക്ഷമിച്ചു തരണമേ.

ഓരോ ദിവസവും എണ്ണിയാൽ തീരാത്തത്ര പാപങ്ങൾ വന്നുപോകുന്നു. എന്റെ വാക്കുകളിൽ പാപം വന്നുപോകുന്നു. ചിന്താഗതികളിൽ പാപം വന്നുപോകുന്നു. എന്റെ ആഗ്രഹങ്ങളിൽ, എന്റെ മോഹങ്ങളിൽ പാപം വന്നു പോകുന്നു. മറ്റുള്ളവരെ വിധിച്ചുപോകുന്നു. അഹങ്കാരം എന്നിൽ മുറ്റിയിരിക്കുന്നു. എനിക്കു ദ്രവ്യാഗ്രഹമുണ്ട്. സ്വാർത്ഥതയുണ്ട്.

കർത്താവേ, എന്റെ സ്വാർത്ഥത തെളിഞ്ഞു വന്നിരിക്കുന്നു. നാഥാ, ഇന്ന് നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു

വയ്ക്കണമേ. നീ എന്നെ ഒന്ന് കഴുകണമേ. എന്റെ പാപങ്ങൾ കഴുകിത്തന്ന് എന്നെ ഒരു പുതിയ മനുഷ്യനാക്കി എഴുന്നേൽപ്പിക്കണമേ.

ഹൃദയം കാണുന്ന ദൈവം ഇന്ന് ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെമേൽ തന്റെ കരംവച്ച് നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുതരും. പാപമോചനത്തിന്റെ സൗഖ്യം നിങ്ങൾക്കുതരും. നിങ്ങൾക്ക് ആത്മാവിൽ ഉയിർത്തെഴുന്നേല്പ് തരും.

# എട്ട്

നോഹ ദൈവത്തോടുകൂടെ നടന്നു. നാം എങ്ങനെ നടന്നവരായിരുന്നു? നാം ഈ ലോകത്തിന്റെ കാലഗതി അനുസരിച്ചു നടന്നവരായിരുന്നു. നാം പിശാചിന്റെ ഇഷ്ടപ്രകാരം നടന്നവരായിരുന്നു. നാം ജഡമോഹങ്ങളിൽ നടന്നവരായിരുന്നു. ജഡത്തിനും മനോവികാരങ്ങൾക്കും ചേർന്നതുപോലെ നടന്നവരായിരുന്നു.

എന്നാൽ കരുണാസമ്പന്നനായ ദൈവമോ നമ്മെ ഉയിർത്തെഴുന്നേല്പിച്ച് ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. നമ്മുടെ ആത്മാവിനെ സ്വർഗ്ഗത്തിൽ കൊണ്ടുപോയി, സ്വർഗ്ഗീയ പൗരത്വം തന്ന്, ജീവന്റെ പുസ്തകത്തിൽ പേരെഴുതിത്തന്ന് നമ്മെ സ്വർഗ്ഗീയപൗരത്വത്തിന്റെ അവകാശികളാക്കി. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളുമാക്കി സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.

വലിയ ഭാഗ്യമാണ്, വലിയ പദവിയാണ് നമുക്കു ലഭിച്ചത്. കർത്താവായ യേശുക്രിസ്തു ക്രൂശിൽ നേടിത്തന്നത് ഇതാണ്. ക്രൂശിൽ നേടിത്തന്ന സ്വർഗ്ഗീയ സമ്പത്ത്.

എഫേസ്യലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് നാം എങ്ങനെ നടന്നവരായിരുന്നു, എങ്ങനെ നടക്കരുത്, ഇനി എങ്ങനെ നടക്കണം എന്ന് പറഞ്ഞിരിക്കുന്നു.

എങ്ങനെ നടക്കരുത് എന്ന് അപ്പൊസ്തലൻ പറയുന്നത് എഫേസ്യലേഖനം 4-ാം അദ്ധ്യായം 17-ാം വാക്യത്തിലാണ്.

**"ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതു എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥ ബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്ന് മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിന്നു തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു."** **എഫെസ്യർ 4 : 17 – 19**

ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ ബുദ്ധിക്ക് അന്ധത വന്നതുപോലെ, സുബോധമില്ലാത്തതു പോലെ, കണ്ണുകാഴ്ചയില്ലാത്തതുപോലെ, ബുദ്ധിയിൽ ഇരുളു വ്യാപിച്ചവരായി ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നാണു ജീവിക്കുന്നത്. മനം തഴമ്പിച്ചു പോയവരായി നിങ്ങൾ ഇനി നടക്കരുത്.

നിങ്ങൾ ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നു നടക്കരുത്. ജാതികൾ അത്യാഗ്രഹമായി നടന്നവരാണ്. അവർ ദുഷ്ക്കാമത്തിന് – Sexual Sin – തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു. അതുപോലെ നിങ്ങൾ ഇനി നടക്കരുത്.

നിങ്ങളെ നയിക്കുന്നത് ലൈംഗികത ആകരുത്. നിങ്ങൾ ജീവിക്കുന്നത് ലൈംഗിക പാപത്തിൽ മുഴുകുവാൻ വേണ്ടിയാകരുത്. ഇനി നിങ്ങൾ വക്രബുദ്ധികളായി നടക്കരുത്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്കുതന്നെ ഒരു കടിഞ്ഞാൺ ഉണ്ടായിരിക്കണം. നിങ്ങളുടെ അവയവങ്ങളിൽ നിങ്ങൾക്കു തന്നെ ഒരു നിയന്ത്രണമുണ്ടായിരിക്കണം. അതാണ് ഇന്ദ്രിയജയം.

നിങ്ങൾ ജാതികളെപ്പോലെ നടക്കരുത്. മൃഗങ്ങൾ ഇണചേരുന്നതുപോലെ ഇണ ചേരുക എന്ന ലക്ഷ്യത്തോടു കൂടി മാത്രം ജീവിക്കരുത്. ഭക്ഷണം കഴിക്കുക എന്ന ഏക ലക്ഷ്യത്തോടെ നിങ്ങൾ ജീവിക്കരുത്.

മൃഗങ്ങൾക്ക് ഇല്ലാത്ത മറ്റൊന്നു നമുക്കുണ്ട്. അത് ദൈവത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒരാത്മാവ് നമുക്കുണ്ട്. അത് ദൈവത്തിന്റെ സ്നേഹമാണ്. ദൈവത്തിന്റെ വിശുദ്ധിയാണ്. ആകൃതിയില്ലാത്ത, രൂപമില്ലാത്ത നിത്യനായ ദൈവത്തിന്റെ തേജസ്സാണ് നാം ഉടുത്തിരിക്കുന്നത്.

അതുകൊണ്ടാണ് വിശുദ്ധ കുർബ്ബാനയിൽ, തുബ്ദേനിൽ നാം വായിച്ചു കേൾക്കുന്നത്, 'ദൈവത്തെ ധരിച്ച പിതാക്കന്മാർ' എന്ന്. നമ്മുടെ പിതാക്കന്മാർ ദൈവതേജസ്സ് അണിഞ്ഞവരായിരുന്നു. അങ്ങനെയുള്ള നാം അന്ധബുദ്ധികളായി നടക്കരുത്. അത്യാഗ്രഹം മൂലം നടക്കരുത്. വ്യർത്ഥബുദ്ധികളായി നടക്കരുത്. നാം ലൈംഗിക പാപങ്ങളിൽ മുഴുകി ജീവിക്കരുത്.

"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ'' എന്ന് അപ്പൊസ്തലനായ പൗലോസ് എബ്രായലേഖനം പതിമൂന്നാം അദ്ധ്യായത്തിൽ പറയുന്നു. വിവാഹജീവിതം മാന്യതയുള്ളതു തന്നെയാണ്. വിവാഹജീവിതം പാപമല്ല. ഒരു പുരുഷന് ഒരു ഭാര്യ, ഒരു സ്ത്രീക്ക് ഒരു ഭർത്താവ്, അത് മാന്യത തന്നെയാണ്. അവിടെ ലൈംഗിക പാപമില്ല. ഭാര്യാഭർത്തൃബന്ധത്തിൽ അശുദ്ധിയില്ല.

വിവാഹം എല്ലാവർക്കും മാന്യം. കിടക്ക നിർമ്മലമായിരിക്കണം. വിവാഹക്കിടക്കയിൽ അന്യജഡം വരരുത്. വിവാഹക്കിടക്കയിൽ അന്യസ്ത്രീ വരരുത്. ഭാര്യ, ഭർത്താവല്ലാത്ത അന്യപുരുഷൻ ജീവിതത്തിലേക്ക് വരുന്നത് ചിന്തിക്കുക പോലും അരുത്. അതാണ് കിടക്ക നിർമ്മലമായിരിക്കട്ടെ എന്നു പറഞ്ഞത്. വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ.

അതല്ലാതെ വരുന്നതെല്ലാം ദുഷ്ക്കാമത്തിന്നു തങ്ങളെത്തന്നെ ഏല്പിക്കുകയാണ്. അങ്ങനെ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകരുത്.

പലരുടേയും മനം തഴമ്പിച്ചുപോയിരിക്കുന്നു. തഴമ്പിൽ ബ്ലേഡുകൊണ്ടു വരഞ്ഞാൽ വേദനിക്കുകയില്ല. അനേകരുടെ ഹൃദയം തഴമ്പിച്ചിരിക്കുകയാണ്. ഒന്നുതന്നെ ചെയ്തുചെയ്ത് തഴമ്പായിപ്പോയി. ഒരു കാര്യം തന്നെ പ്രവർത്തിച്ചു പ്രവർത്തിച്ച് തഴമ്പായിപ്പോയി. ഒരേ പാപം ആവർത്തിച്ചാവർത്തിച്ച് തഴമ്പായിപ്പോയി. തഴമ്പിൽ ഒരു സൂചികൊണ്ടാൽ അവിടെ വേദനിക്കുകയില്ല. കാരണം, അത് senseless ആയിപ്പോയി. പാപത്തെക്കുറിച്ച് കേൾക്കുമ്പോൾ അവർക്ക് മടുപ്പാണ്. എന്നും ഇതുതന്നെയല്ലേ കേൾക്കുന്നത്?

നാം ആരും നരകത്തിലേക്ക് പോകാൻ, മരണശേഷം നിത്യാഗ്നിയിലേക്കു പോകാൻ ഇടവരരുത്. നാം ആരും തിന്മയിൽ ആണ്ടുപോയിട്ട് നിത്യനരകത്തിലേക്കു പോകാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ദുഷ്ടന്റെ മരണത്തിൽ എനിക്ക് താല്പര്യമില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. എല്ലാവരും രക്ഷപെടുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ആരും നഷ്ടപ്പെടരുത്.

ദൈവം എന്തിനാണ് ഇങ്ങനെ അദ്ധ്വാനിക്കുന്നത്? എന്നും പാപത്തെ ചൂണ്ടിക്കാണിച്ചു പറയുന്നതെന്തിനാണ്? എന്തിനാണ് നാം വീണുകൊണ്ടിരിക്കുന്ന പാപത്തെ ചൂണ്ടിക്കാണിക്കുന്നത്? നമ്മെ രക്ഷിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മെ നരകത്തിലേക്ക് സാത്താൻ വലിച്ചുകൊണ്ടുപോകുവാൻ ഇടവരരുതെന്ന് കർത്താവ് ആഗ്രഹിക്കുന്നു.

നമ്മെ കെട്ടിമുറുക്കാൻ പിശാചിനു ചങ്ങല കൊടുത്തതു നാം തന്നെയാണ്. സാത്താന്റെ കൈയിലേക്ക് നാം ചങ്ങല എടുത്തുകൊടുക്കുകയാണ് ചെയ്തത്. നമ്മെ വരിഞ്ഞുമുറുക്കി നരകത്തിൽ കൊണ്ടുപോയി തള്ളാനുള്ള ചങ്ങല നാം തന്നെ യാണ് കൊടുത്തത്. ഞാൻ പിശാചിനു കൊടുക്കുന്ന ചങ്ങല എന്റെ പാപമാണ്.

നമ്മുടെ പാപമാകുന്ന ചങ്ങലകൊണ്ട് സാത്താൻ നമ്മെ

കെട്ടിവരിഞ്ഞ് മുറുക്കുന്നു. അവൻ നമ്മെ വലിച്ചുകൊണ്ടു പോകുന്നു. അവന്റെ ഇഷ്ടപ്രകാരം നാം അന്ധബുദ്ധികളായി പിറകെ പോകുന്നു. ഒന്നും അറിയുന്നില്ല. വചനം ഉള്ളത്തിലേക്കു കടക്കുന്നില്ല. ഹൃദയം കഠിനപ്പെട്ടുപോയി. കല്ലിച്ചുപോയി. ഒന്നും ഉള്ളത്തിൽ തൊടുന്നില്ല. ഉള്ളത്തിൽ വേദന വരുന്നില്ല. എന്തൊക്കെയോ കേൾക്കുന്നുണ്ട്. അപ്പോഴും ഉള്ളം വേറെ എങ്ങോ സഞ്ചരിക്കുന്നു.

വചനം കേൾക്കുന്നുണ്ട്. ചിലർ വചനം കേൾക്കുമ്പോൾ തേൻ കുടിക്കുന്നതുപോലെ കുടിച്ചുകൊണ്ടിരിക്കുന്നു. വചനം കേൾക്കുമ്പോൾ അവരുടെ ഹൃദയം തുള്ളിക്കൊണ്ടിരിക്കുന്നു. ഹൃദയത്തിൽ ആനന്ദം അലതല്ലുന്നു. കർത്താവേ, എന്റെ പാപം മാറ്റാൻ നീ അദ്ധ്വാനിക്കുന്നല്ലോ, എന്റെ ജീവിതത്തിലെ പാപം ചൂണ്ടിക്കാണിച്ച് എന്റെ ഹൃദയത്തെ തകർത്ത് രൂപാന്തരപ്പെടുത്താൻ നീ അദ്ധ്വാനിക്കുന്നല്ലോ എന്ന് കർത്താവിനോടു നന്ദി വരുന്നു.

നിങ്ങൾ ചിന്തിക്കൂ. നിങ്ങളുടെ ഹൃദയം തഴമ്പിച്ചിരിക്കുന്നുണ്ടോ? നിങ്ങളുടെ ഹൃദയം അജ്ഞാനം നിമിത്തം, ഹൃദയ കാഠിന്യം നിമിത്തം തഴമ്പിച്ചിരിക്കുന്ന അനുഭവത്തിലാണോ? നിങ്ങളുടെ ഹൃദയത്തിൽ മുറിവേൽക്കുന്നുണ്ടോ? ഹൃദയം തകരുന്നുണ്ടോ? ഹൃദയം നുറുങ്ങുന്നുണ്ടോ?

നിങ്ങൾ തനിയെ ഇരുന്നു ചിന്തിക്കുക. എന്തെല്ലാം ഘോരപാപങ്ങളാണ് എനിക്ക് വന്നുപോയത്? എന്തെല്ലാം അവിശ്വസ്തതകളാണ് എനിക്ക് വന്നുപോയത്? എവിടെയെല്ലാമാണ് ഞാൻ കാര്യക്ഷമതയില്ലാതെ പ്രവർത്തിച്ചത്? എവിടെയെല്ലാം ഞാൻ സത്യസന്ധതയില്ലാതെ പ്രവർത്തിച്ചുപോയി? എവിടെയെല്ലാം വ്യാജം വന്നുപോയി? എവിടെയെല്ലാം വഞ്ചനാപരമായ പെരുമാറ്റം വന്നുപോയി? എന്റെ ജീവിതത്തിൽ എന്തെല്ലാം തിന്മകളാണ് വന്നുപോയത്? ഓരോന്നോരോന്ന് കണ്ടുപിടിക്കുക.

നിങ്ങൾ ഇത് ആത്മാർത്ഥതയോടെ ചെയ്യുന്നുവെങ്കിൽ

നിങ്ങളുടെ കല്ലുപോലുള്ള ഹൃദയം മാറും. തകർന്നതും നുറുങ്ങിയതുമായ ഹൃദയം ലഭിക്കും. നാഥാ! ഇന്നു ഞാൻ കടന്നുപോയാൽ എനിക്ക് ദൈവരാജ്യത്തിൽ ചെല്ലണം. ഇന്നു ഞാൻ കടന്നു പോയാൽ ദൈവത്തിന്റെ മാലാഖമാർ എന്നെ കൂട്ടിക്കൊണ്ടുപോകണം. ആ ഭാഗ്യം നീ എനിക്കു തരണം.

എത്രകാലം ഈ ഭൂമിയിൽ ജീവിച്ചു എന്നുള്ളതല്ല, എങ്ങനെ ജീവിച്ചു എന്നുള്ളതാണ് പ്രധാനം എന്നു ഞാൻ കേട്ടിട്ടുണ്ട്. കർത്താവേ, എനിക്കിന്ന് ഒരു പുതിയ ജീവിതം തുടങ്ങണം. എന്റെ കർത്താവേ, ഞാൻ ഒന്നും മാറിയിട്ടില്ലല്ലോ. മാറ്റം വരേണ്ടതുണ്ടല്ലോ. ദൈവത്തോടുകൂടെ എനിക്ക് നടക്കണമല്ലോ. അതിന് എനിക്കു നീ ഭാഗ്യം തരണമേ.

എന്തൊരു ഭാഗ്യമാണ് യേശുവിനോടുകൂടെ നടക്കുക എന്നത്! അത് കുരിശിന്റെ വഴിയാണ്; പൂമെത്തയൊന്നും അല്ല. ക്രിസ്തീയജീവിതം മുൾപാതയാണ്. ഓരോ ചുവടും വയ്ക്കാൻ മുള്ളിന്റെ ഇടയ്ക്ക് പഴുതു കിട്ടിയാൽ കാല് വച്ച് നടന്നുപോകാം. അത്ര സുഗമമായിപ്പോകാവുന്ന വഴിയല്ല. ഇത് മുള്ള് നിറഞ്ഞ പാതയാണ്.

അനേകം ആക്ഷേപങ്ങൾ ഏൽക്കേണ്ടി വരും. പരിഹാസങ്ങൾ ഏൽക്കേണ്ടി വരും. പലരും നിങ്ങളെ ഉപദ്രവിക്കും, പലരും നിങ്ങളെ പരിഹസിക്കും. ചിലർ നിങ്ങളെ കളിയാക്കും. നമ്മുടെ നാഥന് ലഭിച്ചതിൽ കുറഞ്ഞ് ഒന്നും ലഭിക്കുമെന്ന് നിങ്ങൾ ചിന്തിക്കേണ്ട.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു: "ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയാകുന്ന അവന്റെ ശരീരത്തിനുവേണ്ടി ഞാൻ പൂരിപ്പിക്കുന്നു" എന്ന്. എന്റെ കർത്താവ് ഏറ്റ കഷ്ടപ്പാടുകളിൽ കുറഞ്ഞുപോയ കഷ്ടപ്പാടുകൾ ഞാൻ എന്റെ ശരീരത്തിൽ പൂരിപ്പിക്കയാണ്. എന്റെ കഷ്ടങ്ങളിൽ ഞാൻ സന്തോഷിക്കുന്നു.

**"ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനു**

**ഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു.” കൊലോസ്യർ 1 : 24**

നാമാരും ഒന്നുമായിട്ടില്ല. നാം ക്രിസ്തീയജീവിതം തുടങ്ങിയിട്ടുപോലുമില്ല എന്നു തോന്നുന്നു. ഒരു പ്രയാസം വരുമ്പോൾ നമുക്കു നിരാശ വരുന്നു. ക്രിസ്തുവിന്റെ കൂടെ പോകുമ്പോൾ നമ്മെ ആരെങ്കിലും കളിയാക്കിയാൽ നാം വാടിപ്പോകുന്നു. നമുക്കു ചെറിയ അപമാനം വരുമ്പോൾ, ചിലർ നമ്മെക്കുറിച്ച് ഇല്ലാത്തതു പറയുമ്പോൾ, നമ്മെക്കുറിച്ച് തെറ്റിദ്ധാരണകൾ പരക്കുമ്പോൾ നമുക്ക് മ്ലാനത വന്നുപോകുന്നു.

ക്രിസ്തീയജീവിതം മുള്ളുനിറഞ്ഞ പാതയാണ്. കുരിശിന്റെ പാതയാണ്. യേശുവിനോടു ചേർന്ന് നടക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ എല്ലാ പാപങ്ങളും മാറ്റി ഒരു പുതിയ ജീവിതം നിങ്ങൾ തുടങ്ങണം. കഷ്ടപ്പാടുകൾ പുഞ്ചിരിയോടെ ഏറ്റെടുക്കണം. ദുരിതങ്ങളിൽ നിങ്ങൾ വാടിപ്പോകരുത്. മനുഷ്യരുടെ എതിർപ്പുകളിലും കുത്തിത്തിരുപ്പുകളിലും നിങ്ങൾ വാടിപ്പോകരുത്. മനുഷ്യർ നിങ്ങളെ തുച്ഛീകരിക്കുകയോ പുച്ഛിക്കുകയോ ചെയ്യുമ്പോൾ, നിങ്ങളെ ഒറ്റപ്പെടുത്തുമ്പോൾ നിങ്ങൾ തളരരുത്.

ഇത് നിന്ദയുടെ വഴിയാണ്. ആക്ഷേപത്തിന്റെ വഴിയാണ്. യേശു പോയ അതേ വഴിയിൽക്കൂടി അപ്പൊസ്തലന്മാർ പോയി. അതുകൊണ്ടാണ് നമ്മുടെ പൂർവ്വികപിതാക്കന്മാർ പാടിയത്, ജീവന്റെ വഴി ദുർഘടമാണ്, ആ വഴിയെ പോകുന്നവർ ചുരുക്കമാണ് എന്ന്. എന്നാൽ മരണത്തിന്റെ വഴിയോ, അത് നാശത്തിലേക്ക് പോകുന്ന വഴിയാണ്. നരകത്തിലേക്കുള്ള വഴിയാണ്. ആ വഴി വിശാലമാണ്. വാതിൽ വീതിയുള്ളതാണ്, അതിലേ പോകുന്നവർ ധാരാളം പേരാണ്.

നിങ്ങളിൽ ഹൃദയകാഠിന്യം വന്നുപോകരുത്. മന്ദബുദ്ധികളായിപ്പോകരുത്. നിങ്ങൾ ജാതികളെപ്പോലെ നടക്കരുത്.

നിങ്ങൾ എങ്ങനെ നടന്നു? നിങ്ങൾ ലോകത്തിന്റെ കാലഗതി അനുസരിച്ചു നടന്നു. നിങ്ങൾ പിശാചിന് ഒത്തതുപോലെ നടന്നു. നിങ്ങൾ ജഡമോഹങ്ങളിൽ നടന്നു. നിങ്ങൾ എങ്ങനെ നടക്കരുത്? നിങ്ങൾ ജാതികളെപ്പോലെ നടക്കരുത്; വ്യർത്ഥബുദ്ധികളായി നടക്കരുത്. നിങ്ങൾ അന്ധബുദ്ധികളായി നടക്കരുത്. നിങ്ങൾ അജ്ഞാനികളായി നടക്കരുത്; അത്യാഗ്രഹികളായി നടക്കരുത്; ഹൃദയകാഠിന്യത്തോടെ നടക്കരുത്.

നിങ്ങൾ എങ്ങനെയാണ് നടക്കേണ്ടത്? നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പഴയ മനുഷ്യനെ ഉപേക്ഷിച്ചു നടക്കണം. നിങ്ങളുടെ പഴയ മനുഷ്യന്റെ നടപ്പനുസരിച്ച് നടക്കരുത്.

**"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ."** **എഫേസ്യർ 4 : 22 – 24**

മുമ്പിലത്തെ നടപ്പ് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യന്റെ നടപ്പാണ്. അങ്ങനെ നടക്കരുത്. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടു കൂടെ നടന്നു. അബ്രാഹാം ദൈവത്തോടുകൂടെ നടന്നു. മോശ ദൈവത്തോടുകൂടെ നടന്നു.

ഈ തലമുറയിൽ, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യകാലത്തിൽ കർത്താവേ, ഈ ദേശത്ത്, ഞാൻ താമസിക്കുന്നിടത്ത്, ഞാൻ പ്രവർത്തിക്കുന്നിടത്ത് എനിക്കു ദൈവത്തോടുകൂടെ നടക്കണം. ലോകം അതിന്റെ അവസാനത്തോടടുക്കുന്ന ഈ കാലയളവിൽ ഞാൻ ആയിരിക്കുന്ന ഈ പ്രായത്തിൽ എനിക്ക് എന്റെ ദൈവത്തോടുകൂടെ നടക്കണം. കർത്താവേ, അതിനുള്ള കൃപ

എനിക്കു തരണമേ. അതിനായിട്ട് നിന്റെ തിരുരക്തത്തിന്റെ മുദ്ര എനിക്കു തരണമേ.

കുരിശിൽക്കൂടി വാർന്നൊലിച്ച ആ തിരുരക്തം നാഥാ, നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിവന്ന തിരുരക്തം, എന്റെ സകല പാപവും പോക്കുന്ന ആ തിരുരക്തം എനിക്ക് മുദ്രയായിട്ട് അണിയിച്ചു തരണമേ.

കർത്താവേ, എന്റെ ഈ തലമുറയിൽ എനിക്ക് ഇന്നുമുതൽ ജീവനുള്ള ക്രിസ്തുവിനോടുകൂടെ നടക്കണം. എന്റെ വീണ്ടെടുപ്പുകാരനോടുകൂടെ ചേർന്നു നടക്കണം. എന്റെ രക്ഷകനായ മിശിഹാതമ്പുരാനോടു ചേർന്നു നടക്കണം. എന്റെ പാപം പോക്കാൻ കുരിശിൽ മരിച്ച, എനിക്കു ജീവൻ തരാൻ ക്രൂശിൽ ജീവനർപ്പിച്ച രക്ഷകനോട് ചേർന്നു നടക്കണം.

നമുക്കു പ്രാർത്ഥിക്കാം.

മഹാപരിശുദ്ധനായ ദൈവമേ, ദൈവത്തോടുകൂടെ ഹാനോക്ക് നടന്നതുപോലെ ഞങ്ങൾക്കും നടക്കാൻ ഭാഗ്യം തരണമേ. യേശുവേ, നിന്നോടു ചേർന്നു നടക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. അതിനുള്ള വിശുദ്ധി ഞങ്ങൾക്ക് തരണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധനാമത്തിൽതന്നേ, ആമേൻ.

## ഒൻപത്

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നോഹയ്ക്ക് ദൈവത്തിന്റെ വചനം, വരുവാനുള്ളതിനെക്കുറിച്ചുള്ള അരുളപ്പാട് ലഭിച്ചു. ദൈവം കല്പിച്ചതനുസരിച്ച് നോഹ പെട്ടകം പണിതു.

ഒരു വലിയ പ്രളയം വരാൻപോകുന്നു എന്ന് നോഹയ്ക്ക് അരുളപ്പാടു കിട്ടി. നാമും ദൈവത്തിന്റെ കൃപ ലഭിച്ചവരാണ്. നമുക്കും വചനം കിട്ടുന്നുണ്ട്. നാം നോഹ നടന്നതുപോലെ ദൈവത്തോടുകൂടെ നടക്കണം. അപ്പോൾ നമുക്ക് ലഭിച്ച കൃപ വ്യർത്ഥമാക്കാതിരിപ്പാൻ നമുക്കു കഴിയും. ലഭിച്ച കൃപ വൃഥാവാക്കരുത് എന്ന് അപ്പൊസ്തലൻ പറയുന്നുണ്ട്.

നമുക്ക് വരാനിരിക്കുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, അരുളപ്പാടുകൾ ലഭിച്ചിട്ടുണ്ട്. ദൈവത്തിന്റെ ഹൃദയം തുറന്നുള്ള വചനത്തിന്റെ ദീപ്തി നമുക്ക് ലഭിച്ചിട്ടുണ്ട്. ദൈവ വചനത്തിന്റെ ശക്തി നമുക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ വചനം കേട്ടതുമൂലം അത്ഭുതങ്ങളും അടയാളങ്ങളും നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ട്.

പ്രകടമായിത്തന്നെ നമുക്ക് പല കാര്യങ്ങളിലും മാറ്റം ലഭിച്ചിട്ടുണ്ട്. ദൈവത്തിന്റെ വചനം ഉൾക്കൊണ്ടതുമൂലം, ദൈവത്തിന്റെ വചനം കേട്ടതുമൂലം, ദൈവത്തിന്റെ വചനം അനുസരിച്ചതുമൂലം നമ്മുടെ ജീവിതത്തിൽ സ്ഥായിയായ

പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ കോപശീലം മാറിയിട്ടുണ്ട്. നമ്മുടെ വാശിയും പിണക്കവും മാറിയിട്ടുണ്ട്. കുടുംബത്തിലെ അലോഹ്യങ്ങൾ മാറിയിട്ടുണ്ട്. കുടുംബത്തിലെ അസ്വസ്ഥതകൾ മാറിയിട്ടുണ്ട്.

നമ്മുടെ കുടുംബങ്ങളിൽ സമാധാനം ലഭിച്ചിട്ടുണ്ട്. നമ്മുടെ മക്കൾ നന്നായി പഠിച്ചിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽത്തന്നെ പ്രകടമായ അനുഭവങ്ങൾ വചനം കേട്ടതുമൂലം, വചനം പ്രമാണിച്ചതുമൂലം നമുക്ക് ലഭിച്ചിട്ടുണ്ട്.

ദൈവത്തോടുകൂടെ നടക്കുന്നത് എങ്ങനെ എന്ന് വിശദമായി പ്രസ്താവിക്കുന്ന ഒരു പുസ്തകമാണ് എഫെസ്യലേഖനം. എഫെസ്യലേഖനം അപ്പൊസ്തലനെഴുതിയ പതിനാലു ലേഖനങ്ങളിൽ ഏറ്റവും ആത്മനിറവ് പ്രകാശിക്കുന്ന ലേഖനമാണ്. അപ്പൊസ്തലനായ പൗലോസ് ആ ലേഖനത്തിൽ ആകമാനം പറയുന്ന എല്ലാ ആശയങ്ങളുംകൂടി ആറ്റിക്കുറുക്കി എടുത്താൽ ഒരു വാക്ക് കിട്ടും, 'നടക്കുക.'

അപ്പൊസ്തലനായ പൗലോസ് ഈ ലേഖനത്തിന്റെ ആദ്യത്തെ നാല് അദ്ധ്യായങ്ങളിലായി പറയുന്നത് നിത്യജീവൻ എന്ന സമ്പത്തിനെക്കുറിച്ചാണ്. ക്രിസ്തു എന്ന സമ്പത്ത്! ക്രിസ്തു ഒരു സ്വത്താണ്, ക്രിസ്തു ഒരു ശാശ്വത നിധിയാണ് എന്നാണ് ആദ്യത്തെ അദ്ധ്യായങ്ങളിൽ പറയുന്നത്.

നാലാം അദ്ധ്യായത്തിന്റെ ആദ്യഭാഗം മുതലേ വായിച്ചു വരുമ്പോൾ, നാം എങ്ങനെ നടക്കണം, നാം എങ്ങനെ നടക്കരുത് എന്ന് കാണാൻ സാധിക്കും. ക്രിസ്തു നമുക്ക് നിധിയായി ലഭിക്കുമ്പോൾ നാം ഇനി എങ്ങനെയാണ് നടക്കേണ്ടത് എന്ന് അപ്പൊസ്തലൻ ലേഖനത്തിൽ വിശദമായി പ്രസ്താവിക്കുന്നുണ്ട്.

നാലു കാര്യങ്ങളാണ് നടക്കുന്നതിനെക്കുറിച്ച് അപ്പൊസ്തലൻ പറയുന്നത്.

1. Walk in Unity
2. Walk in Purity
3. Walk in Harmony
4. Walk in Victory

1. Walk in Unity – നിങ്ങൾ ഐക്യത്തിൽ നടക്കണം.

**"കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ."**

**എഫേസ്യർ 4 : 1 3**

നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം നിങ്ങൾ നടക്കണം. നിങ്ങളെ വിളിച്ചിരിക്കുന്നത് ഉന്നതമായ ഒരു വിളിയാണ്. സ്വർഗ്ഗീയമായ വിളിയാണ്. അത്യത്ഭുതകരമായ വിളിയാണ്. ദൈവസ്നേഹത്തിന്റെ വിളിയാണ്. ദൈവത്തിന്റെ കൃപയുടെ വിളിയാണ്. നിങ്ങളെ വിളിച്ചിരിക്കുന്ന അതിശ്രേഷ്ഠമായ വിളിക്കൊത്തതുപോലെ നിങ്ങൾ ഇനി നടക്കണം. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയ്ക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കണം. സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്യണം.

Walk in Unity! ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കുക. നിങ്ങൾ Unity ഉള്ളവർ ആയിരിക്കണം. ഐകമത്യമുള്ളവർ ആയിരിക്കണം. ഒരുമനസ്സുള്ളവർ ആയിരിക്കണം. സ്നേഹത്തിൽ, വിനയത്തിൽ, സൗമ്യതയിൽ നിങ്ങളെ വിളിച്ചിരിക്കുന്ന

വിളിക്കു യോഗ്യമാംവണ്ണം നടന്ന് നിങ്ങൾ ആത്മാവിന്റെ ഐക്യത പൂർത്തീകരിക്കണം.

ഒന്നാം നൂറ്റാണ്ടിൽത്തന്നെ ആദിമ ക്രൈസ്തവസഭയിൽ ആത്മാവിന്റെ ഐക്യത നഷ്ടപ്പെട്ട ചില അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പൊസ്തലനായ പൗലോസ് എഴുതിയ ഫിലിപ്യലേഖനം നാലാം അദ്ധ്യായത്തിൽ പറയും, യുവൊദ്യ, സുന്തുക എന്ന രണ്ടു ക്രിസ്തീയ ശുശ്രൂഷകർ തമ്മിൽ ഐക്യം പോയ്പ്പോയി എന്ന്. സഭയിൽ ഉന്നതമായ സ്ഥാനം വഹിച്ചിരുന്നവരാണ് അവർ. അവർ വളരെ പ്രയോജനകരമായ വേല ചെയ്ത രണ്ടു ദൈവമക്കൾ ആയിരുന്നു. വളരെ ശ്രേഷ്ഠമായ ശുശ്രൂഷ അവർ നിർവ്വഹിച്ചിരുന്നു. അന്നത്തെ ശുശ്രൂഷകനായ ക്ലമന്റ് എന്ന ഭക്തനോടൊരുമിച്ച് സുവിശേഷഘോഷണത്തിൽ പോരാടിയ വനിതകളായിരുന്നു യുവൊദ്യയും സുന്തുകയും.

അപ്പൊസ്തലൻ ഫിലിപ്യസഭക്ക് ലേഖനമെഴുതുമ്പോൾ അവിടെ എടുത്തുപറയുന്നുണ്ട്: നിങ്ങൾ ഇനിമേൽ കലഹിക്കരുത്. Don't quarrel any more.

**"അതുകൊണ്ട് എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പിൻ, പ്രിയമുള്ളവരേ. കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു." ഫിലിപ്പിയർ 4 : 1, 2**

കർത്താവിൽ ഏകചിന്തയോടിരിപ്പാൻ, ഒരുമനസ്സോടെ യിരിപ്പാൻ – Be of one mind, Don't quarrel any more - അപ്പൊസ്തലൻ ശാസിക്കുകയാണ്. ഒന്നാം നൂറ്റാണ്ടിൽ ക്രൈസ്തവസഭ വളർന്നുവരുന്ന കാലയളവിൽത്തന്നെ ഭിന്നതകൾ ഉടലെടുത്തിരുന്നു. എന്നാൽ ആ സമയങ്ങളിൽ ഒക്കെയും ആത്മാവിൽ ശാസിക്കുവാനും ആത്മാവിൽ തർജ്ജനം

ചെയ്ത് ആത്മാവിൽ പ്രബോധിപ്പിച്ച് ആത്മാവിൽ നേർവഴിയിൽ നടത്തുവാനും അപ്പൊസ്തലന്മാർ ഉണ്ടായിരുന്നു. അപ്പൊസ്തലന്മാർ ആത്മാവിന്റെ അധികാരത്തോടെ ശാസിക്കുകയും ആത്മാവിന്റെ കൃപയാൽ സ്നേഹബന്ധത്തിൽ അവരെ ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തിരുന്നു.

അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽത്തന്നെ ആ ദുഷ്പ്രവണതകൾ വേരോടെ പിഴുതുകളയുവാൻ സാധിച്ചിരുന്നു. ഐക്യം നിലനിർത്താൻ കഴിഞ്ഞിരുന്നു. നാം നടക്കേണ്ടത് എങ്ങനെയാണ്? Walk in Unity! ഐക്യത്തിൽ നടക്കണം.

നമ്മുടെ കുടുംബത്തിൽ ഐക്യമുണ്ടോ? മാതാപിതാക്കളും മക്കളും തമ്മിൽ ഐക്യമുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമുണ്ടോ? ഇന്നത്തെ സമൂഹത്തിലെ ഒരു വലിയ ദുസ്ഥിതി പരസ്പരമുള്ള സ്നേഹം നഷ്ടപ്പെട്ടു എന്നുള്ളതാണ്. പരസ്പരമുള്ള ഐക്യം നഷ്ടപ്പെട്ടു. നമ്മുടെ ഭവനങ്ങളിലെ അവസ്ഥയെന്താണ്?

പുറമെ ഒരുപക്ഷേ വലിയ വാഗ്വാദങ്ങളോ തർക്കങ്ങളോ ഇല്ലായിരിക്കാം. പുറമെ വ്യവഹാരങ്ങൾ ഇല്ലായിരിക്കാം. പക്ഷേ, നമ്മുടെ ഹൃദയത്തിൽ മൂടിക്കെട്ടിയിരിക്കുന്ന അവസ്ഥാന്തരമില്ലേ എന്ന് നിങ്ങൾ ശാന്തമായി ചിന്തിച്ചുനോക്കൂ. നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ ചില മുഷിച്ചിലുകളില്ലേ? ചില ഇഷ്ടക്കേടുകളില്ലേ? ചില പരിഭവ ങ്ങളില്ലേ? ചില പിറുപിറുപ്പുകളില്ലേ? ചില കാര്യങ്ങളിൽ ഈർഷ്യയും കടുംപിടുത്തവും വരുന്നില്ലേ? അതുമൂലം നമ്മുടെ കുടുംബത്തിന്റെ ഐക്യം നഷ്ടപ്പെട്ടു പോകുന്നില്ലേ?

നിങ്ങളുടെ കുടുംബത്തിൽ ഐക്യം പാലിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കർത്താവായ യേശു തന്റെ ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞു: “സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു

വിളിക്കപ്പെടും.'' ഞാൻ എന്റെ വീട്ടിൽ സമാധാനം ഉണ്ടാക്കുന്നവനാണോ? സമാധാനം ഉണ്ടാക്കുന്നവളാണോ?

ഞാൻ മൂലം സമാധാനത്തിന് കേടുവരുന്നുണ്ടോ? ഞാൻ മൂലം ഐക്യത്തിന് ഭംഗം വരുന്നുണ്ടോ? എന്റെ ഏതെങ്കിലും സംസാരം, പെരുമാറ്റം, മനോഭാവം ഐക്യത്തിനു തടസ്സമായി നിൽക്കുന്നുണ്ടോ? എന്റെ കാഴ്ചപ്പാടിലുള്ള പ്രവണതകൾ മൂലം കുടുംബത്തിന്റെ ഐക്യം നഷ്ടപ്പെട്ടു പോകുന്നുണ്ടോ? നിങ്ങൾ ശാന്തമായി ചിന്തിച്ചു നോക്കുക. നിങ്ങളുടെ കുടുംബത്തിലേക്ക് നോക്കിയാൽ മതി. മറ്റാരേയും നിങ്ങൾ നോക്കണ്ട. മറ്റുള്ളവർ എങ്ങനെയുണ്ട് എന്ന് നിങ്ങൾ നോക്കണ്ട. എന്റെ വീട്ടിൽ ഒരുമനസ്സിന്റെ സന്തോഷവും സമാധാനവും നിലനിർത്താൻ കഴിയുന്നുണ്ടോ?

ആത്മാവിന്റെ സമാധാനം, ആത്മാവിന്റെ ഐക്യം സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കുക. സ്നേഹത്തിന്റെ ഐക്യത്തിൽ ആ ബന്ധം ഊട്ടി ഉറപ്പിക്കാൻ സാധിക്കുക. അനേക ക്രൈസ്തവഭവനങ്ങളിലും ഇന്ന് സമാധാനമില്ല. ക്രിസ്ത്യാനികൾ എന്ന് പേരുണ്ട്. എന്നാൽ സമാധാനമില്ല. കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് ഒടുവിൽ പറഞ്ഞു: "നിങ്ങൾക്ക് തമ്മിൽത്തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും."

**"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും."** **യോഹന്നാൻ 13 : 34, 35**

പ്രിയപ്പെട്ടവരേ, സങ്കടകരമായ ഒരു കാര്യമാണ്, ഭാര്യയും ഭർത്താവും ഭിന്നിച്ചുകഴിയുന്ന കുടുംബങ്ങൾ!

ഭാര്യയും ഭർത്താവും ഹൃദയംകൊണ്ട് അകന്നു കഴിയുന്നു. പരസ്പരവിശ്വാസമില്ലാതെ ജീവിക്കുന്നു. അനേകം കുടുംബങ്ങൾ ഇന്നു നരകമാണ്. അനേകം കുടുംബങ്ങൾ ഇന്ന് അഗ്നിപർവ്വതമാണ്. അനേകം കുടുംബങ്ങൾ ഇന്ന് പുറമെ പൊട്ടിത്തെറിക്കുന്നില്ലെങ്കിലും അകമേ തിളച്ചു മറിയുകയാണ്. സമാധാനം പോയ്പ്പോയിരിക്കുന്നു. തന്മൂലം ഐശ്വര്യം പോയ്പ്പോയിരിക്കുന്നു. തന്മൂലം കുടുംബത്തിൽ ക്ഷേമം ഉണ്ടാകുന്നില്ല.

മക്കളുടെ ജീവിതം താറുമാറായിപ്പോകുന്നു. മക്കളുടെ സ്വഭാവം വഷളായിപ്പോകുന്നു. മക്കൾ ദൈവത്തിന്റെ ഇഷ്ടം നോക്കാതെ തന്നിഷ്ടത്തിൽ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ വിദ്യാഭ്യാസം തകർന്നുപോകുന്നു. ഭാവി ഇരുളടഞ്ഞു പോകുന്നു. അവരുടെ സ്വഭാവം നഷ്ടപ്പെട്ടു പോകുന്നു. എന്താണ് കാരണം? മാതാപിതാക്കളുടെ ഐക്യതക്കുറവ്! മക്കൾ നല്ല ബുദ്ധിയുള്ളവരായി പഠിക്കുന്ന, മക്കൾ ഉന്നതനിലയിൽ എത്തുന്ന കുടുംബങ്ങൾ, അവിടെ മാതാപിതാക്കളുടെ ഐക്യത്തിന്റെ ദാർഢ്യം നമുക്കു കാണുവാൻ കഴിയും.

നമ്മുടെ കുടുംബങ്ങൾ എങ്ങനെയാണ്? ഇന്ന് വന്നുവന്ന് വിവാഹബന്ധങ്ങൾ വേർപെടുത്തുന്ന അവസ്ഥയിലേക്കുതന്നെ കാര്യങ്ങൾ നീങ്ങുന്നു.

വിവാഹമോചനങ്ങൾ! എത്രയോ സങ്കടകരമായ കാര്യമാണ്. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തിക്കൊണ്ടിരിക്കുന്നു. നിസ്സാരകാര്യങ്ങൾക്ക് അഭിപ്രായവ്യത്യാസമായിട്ട് പരസ്പരം വേർപിരിയാം എന്ന് ആദ്യം തന്നെ ചിന്തിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. വലിയ കാര്യങ്ങൾ ഒന്നും വേണ്ട. നിസ്സാരകാര്യങ്ങൾ! അല്പം വാശി, അല്പം പിണക്കം, അല്പം ഈർഷ്യ, അല്പം മുഷിച്ചിൽ, ഏതോ ഒരു വാക്കിൽ വന്ന ചെറിയ ഒരു പിശക്. അപ്പോഴേക്കും പിരിയണം

എന്ന ചിന്തയായിക്കഴിഞ്ഞു.

പ്രിയപ്പെട്ടവരേ, നമ്മുടെ കുടുംബങ്ങൾ അങ്ങനെ നശിക്കേണ്ട കുടുംബങ്ങളല്ല. ഐക്യത്തിൽ തികഞ്ഞവരായി നിൽക്കേണ്ട കുടുംബങ്ങളാണ്. സ്നേഹത്തിൽ നിറഞ്ഞു നിൽക്കേണ്ട കുടുംബങ്ങളാണ്. നാടിന്റെ സ്വത്തായി മാറേണ്ടതാണ്. നാടിന്റെ മാതൃകയായിത്തീരേണ്ടതാണ്. നാട്ടുകാർക്കെല്ലാം അഭിമാനം നൽകുന്ന കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങൾ തീരണം.

മറ്റ് ആരെല്ലാം മാതൃകയില്ലാതെ നടന്നാലും നമ്മുടെ കുടുംബങ്ങൾ മാതൃകയായി നടന്നുകൊള്ളണം. ഞാൻ ക്രിസ്തുവിന്റെ മാതൃകപ്രകാരം നിൽക്കുമെന്ന് തീരുമാനിക്കണം.

എങ്ങനെ സാധിക്കും? വിട്ടുവീഴ്ച ചെയ്യാൻ സാധിക്കണം. ക്ഷമിക്കാൻ സാധിക്കണം. പൊറുക്കാൻ സാധിക്കണം. എല്ലാം മറക്കാൻ സാധിക്കണം. പലതും കണ്ടില്ലാപ്പെടണം. പലതും ശ്രദ്ധിക്കാതിരിക്കണം. ചിലത് കണ്ടില്ല, ചിലത് കേട്ടില്ല എന്നു വരുത്തിയെങ്കിലേ പറ്റൂ.

സ്നേഹിതരേ, നിങ്ങളുടെ ജീവിതം എങ്ങനെയിരിക്കുന്നു? നിങ്ങളുടെ കുടുംബം ഐക്യത്തിൽ നടക്കണമെന്ന് ഇന്ന് നിങ്ങൾ ഒരു തീരുമാനമെടുക്കുക. Walk in Unity. ദൈവത്തോടു കൂടെ നടക്കണമെങ്കിൽ കുടുംബത്തിൽ ഐക്യത വരണം.

അപ്പനും മക്കളും തമ്മിൽ സ്നേഹമാകണം. അമ്മയും മക്കളും തമ്മിൽ സ്നേഹമാകണം. അമ്മായിയമ്മയും മരുമകളും തമ്മിൽ സ്നേഹമാകണം. കർത്താവിന്റെ വചനം പറയുന്നു: വിവാഹിതരായിക്കഴിയുമ്പോൾ മനുഷ്യൻ തന്റെ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. എന്നുപറഞ്ഞാൽ അപ്പനേയും അമ്മയേയും ഉപേക്ഷിക്കുന്നു എന്നല്ല. അപ്പനേയും അമ്മയേയും വെറുക്കുന്നു എന്നല്ല. അപ്പനേയും അമ്മയേയും സ്നേഹിക്കുക തന്നെയാണ് ചെയ്യുന്നത്. എന്നാൽ ഭാര്യയും

ഭർത്താവും ഒന്നായിത്തീരുകയാണ്. അമ്മായിയമ്മമാർ ഇത് അംഗീകരിക്കണം.

മകൻ അവന്റെ ഭാര്യയുമായി സംസാരിക്കുന്നതോ ഭാര്യയുമായി ഒരുമിച്ചു യാത്രചെയ്യുന്നതോ പല അമ്മമാർക്കും ഇഷ്ടമല്ല. അങ്ങനെയുള്ള വലിയ ദുരന്തം നമ്മുടെ വീടുകളിൽ വരരുത്. സ്നേഹിക്കാൻ നിങ്ങൾ പഠിക്കുവിൻ. നിങ്ങൾ സന്തോഷത്തോടെ സഹകരിക്കുവാൻ പഠിക്കുവിൻ. മറ്റുള്ളവരുടെ സ്നേഹത്തിൽ, മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരാൻ പഠിക്കുവിൻ.

നിങ്ങളുടെ കുടുംബത്തിലുള്ളവർ, നിങ്ങളുടെ മക്കളാകട്ടെ, മരുമക്കളാകട്ടെ അവരുടെ സന്തോഷത്തിൽ സന്തോഷിക്കാൻ പഠിക്കുവിൻ. മക്കളും മരുമക്കളും ഒരുമിച്ച് സന്തോഷിക്കുന്നത് നിങ്ങളുടെ പ്രമോദമായിത്തീരട്ടെ. അപ്പോഴാണ് കുടുംബത്തിൽ ഐക്യമുണ്ടാകുന്നത്.

പല കുടുംബങ്ങളിലും നിസ്സാരകാര്യങ്ങൾക്കു വേണ്ടിയുള്ള അഭിപ്രായവ്യത്യാസങ്ങൾ പുകഞ്ഞ് ആളിക്കത്തി അത് നശിക്കുന്നതിനു കാരണമായിത്തീരുന്നു. ആ അപകടം നമ്മുടെ കുടുംബങ്ങളിൽ വരരുത്.

ആത്മാവിന്റെ ഐക്യത സ്നേഹത്തിൽ, സമാധാനത്തിൽ കാപ്പാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ നാം സ്നേഹത്തിൽ നടന്നേ പറ്റൂ. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ വിളിച്ച വിളിക്കു യോഗ്യമായി നടന്നേ പറ്റൂ. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ നാം ദൈവത്തിന്റെ ഭാവത്തിൽ, ദൈവത്തിന്റെ സ്വഭാവത്തിൽ നടന്നേ പറ്റൂ.

ഐക്യത പുലർത്തണം. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടാകണം. അത് കുടുംബത്തിൽ തുടങ്ങണം. പോരാ, സമൂഹത്തിലേക്ക് വ്യാപിക്കണം. മറ്റുള്ളവരുടെ

വേദനയിൽ പങ്കുചേർന്നു വേദനിക്കാൻ നമുക്ക് സാധിക്കണം. ഒരാളുടെ ദു:ഖത്തിൽ നമ്മുടെ ഹൃദയം ദു:ഖിക്കാൻ കഴിയണം. ഒരാളുടെ പ്രയാസത്തിൽ നമ്മുടെ ഹൃദയം വേദനിക്കുക മാത്രമല്ല, പ്രവൃത്തിയിലും നമുക്ക് സഹായിക്കാൻ സാധിക്കണം.

നമ്മെക്കൊണ്ട് എങ്ങനെയെല്ലാം സഹായിക്കാൻ പറ്റും? വേറൊരാളുടെ വേദന നമ്മുടേതായി സ്വാംശീകരിക്കാൻ സാധിക്കണം; നമ്മുടെ വേദനയായിരിക്കാൻ സാധിക്കണം; സ്വന്തം വേദനപോലെ കാണാൻ സാധിക്കണം. ഇത് സ്നേഹം എന്ന ഒരപൂർവ്വഭാവംകൊണ്ടു മാത്രമേ സാധിക്കയുള്ളൂ. പ്രിയപ്പെട്ടവരേ, അത് അസുലഭ ഭാഗ്യമാണ്. അതൊരു സ്വർഗ്ഗീയകൃപയാണ്. നിങ്ങൾക്കും സമർപ്പിക്കാം. ഇനി കർത്താവേ, ഞാൻ സ്നേഹത്തിന്റെ വക്താവായി മാറും. ഞാൻ സ്നേഹത്തിന്റെ പ്രഘോഷകനായി മാറും. ഞാൻ സ്നേഹത്തിന്റെ സാക്ഷിയായി നിൽക്കും. സ്നേഹം നമ്മുടെ ജീവിതത്തിന്റെ അത്ഭുതകരമായ ഒരു അനുഭവമായി മാറട്ടെ. നമ്മുടെ കുടുംബങ്ങൾ സ്നേഹത്താൽ നിറയട്ടെ. നമ്മുടെ കുടുംബത്തിൽ ഐക്യം പുലരട്ടെ. നമ്മുടെ നാട്ടിൽ സ്നേഹം പുലരട്ടെ.

അവിടെ മതഭേദമില്ല, വർഗ്ഗഭേദമില്ല, സമുദായ വ്യത്യാസമില്ല, വർണ്ണവ്യത്യാസമില്ല, വലിപ്പച്ചെറുപ്പഭേദമില്ല, വിദ്യാഭ്യാസം ഉള്ളവനെന്നോ ഇല്ലാത്തവനെന്നോ ഭേദമില്ല. പണ്ഡിതനെന്നോ പാമരനെന്നോ, അഭ്യസ്തവിദ്യനെന്നോ നിരക്ഷരകുക്ഷിയെന്നോ ഭേദമില്ല. എല്ലാവരും ഒന്നായിത്തീരുകയാണ്. എല്ലാവരും ഒരപ്പന്റെ മക്കളായിത്തീരുകയാണ്.

മതഭേദമില്ല. 'ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും യഹൂദനും ഒരുപോലെ പുലരുന്നു' എന്ന് പാലാ നാരായണൻ നായർ പാടിയതുപോലെ ഇന്ന് എല്ലാവരും ചേർന്നുള്ള ഏകയോഗക്ഷേമമായ ഐക്യത്തിന്റെ അത്ഭുതസമ്പത്ത് കരഗതമാക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

ഐക്യത്തിന്റെ സമ്പത്ത്, ഐക്യത്തിന്റെ നിധി അത് നമ്മുടെ സ്വത്താക്കി മാറ്റേണ്ടതാണ്. അതില്ലെങ്കിൽ നമ്മുടെ ജീവിതം ശൂന്യവത്ക്കരിക്കപ്പെട്ടുപോകും. നമ്മുടെ ജീവിതം താറുമാറായിപ്പോകും. നമ്മുടെ ജീവിതത്തിന്റെ മൂല്യം നഷ്ടപ്പെട്ടുപോകും.

എന്റെ വീട്ടിൽ സമാധാനം ഉണ്ടാക്കുവാൻ ഞാൻ ഒന്നാമതു ശ്രദ്ധിക്കും എന്ന് ഓരോരുത്തരും തീരുമാനിക്കണം.

എന്റെ കുടുംബത്തിൽ ഞാൻ മൂലം സമാധാനം ഉണ്ടാക്കും. അങ്ങനെ, സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും എന്ന കർത്താവിന്റെ വാഗ്ദത്തം നിവർത്തിച്ചുകൊണ്ട് ഞാൻ ദൈവത്തിന്റെ മകനും ദൈവത്തിന്റെ മകളുമായിത്തീരും. അതിന് എന്നാൽ ആവതു ഞാൻ ചെയ്യും.

ഈ സ്നേഹം നമുക്ക് എങ്ങനെ ലഭിക്കും? ആ സ്നേഹം കിട്ടാൻ ഗോഗുൽത്തായിലെ ക്രൂശിലേക്ക് നോക്കുക. അവിടെ സ്നേഹത്തിന്റെ മൂർത്തിമദ്ഭാവം കാണാം. അവിടെ സ്നേഹം നിറപടിയായി ഒഴുകുന്നത് കാണാം. ചങ്കുപൊട്ടിയൊഴുകുന്ന ചെഞ്ചോരയിൽ സ്നേഹത്തിന്റെ നീർച്ചാലുകളാണ് നാം കാണുന്നത്.

കർത്താവായ യേശുവിന്റെ തിരുമാർവ്വ് തുറന്നൊഴുകിയ സ്നേഹം! നമ്മുടെ പാപം വഹിച്ചുകൊണ്ട് ക്രൂശിൽ മരിച്ച സ്നേഹം! നമ്മുടെ ശിക്ഷയേറ്റുകൊണ്ട് കുരിശിൽ ശിക്ഷയേറ്റ സ്നേഹം! നമ്മുടെ ശാപം വഹിച്ചുകൊണ്ട് കുരിശിൽ ശാപം വഹിച്ച സ്നേഹം! നമ്മുടെ ബന്ധനം അഴിക്കാൻ കുരിശിൽ ആണിപ്പാടുകളേറ്റുകൊണ്ട് ബന്ധിതനായ സ്നേഹം!

സ്നേഹിതരേ, ആ സ്നേഹം കണ്ടാൽ നാം അടങ്ങിയിരിക്കയില്ല. കുരിശിലെ സ്നേഹം! യേശുവിന്റെ തിരുരക്തത്തിലൂടെ വാർന്നൊഴുകിയ സ്നേഹം! യേശുവിന്റെ തിരുരക്തം

നമ്മുടെ ഹൃദയത്തിലേക്കു പകരുന്ന സ്നേഹം! യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നമ്മുടെ പാപക്കറകൾ കഴുകുന്ന സ്നേഹം! നമുക്ക് രൂപാന്തരം തരുന്ന സ്നേഹം! ആ സ്നേഹത്തിലേക്ക് നിങ്ങൾ ഓടിയണയുമോ? ആ സ്നേഹത്തെ നിങ്ങൾ ഒന്നു കാണുമോ?

"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല." യേശുവിങ്കലേക്കു നോക്കുവിൻ. ആ സ്നേഹത്തിലേക്ക് സൂക്ഷ്മതയോടെ ഒന്നുനോക്കുവിൻ.

എന്റെ യേശുവേ, ഇന്ന് ഈ സ്നേഹം എന്റെ ഹൃദയത്തിലേക്ക് കടന്നുവരണമേ. ഇത്രയുംകാലം സ്നേഹിക്കാൻ പഠിക്കാത്ത മനുഷ്യനാണ് ഞാൻ. ഇത്രയും കാലം പാപം ബന്ധിച്ച ഹൃദയമുള്ളവനാണ് ഞാൻ. ഇത്രയുംകാലം പൈശാചികന്റെ അടിമത്വത്തിൽ കിടന്നു ഞെളിപിരികൊണ്ടവനാണ് ഞാൻ. എന്റെ യേശുവേ, ഇന്ന് ആ സ്നേഹം എന്റെ ഹൃദയത്തിലേക്ക് ഒഴുകിയിറങ്ങണമേ. എന്നെ രൂപാന്തരപ്പെടുത്തണമേ. എന്നെ സ്നേഹത്താൽ നിറയ്ക്കണമേ. സ്നേഹത്തിന്റെ പ്രവാചകനാക്കി എന്നെ മാറ്റണമേ. സ്നേഹത്തിന്റെ അത്ഭുതകരമായ അനുഭവം എനിക്കു തരണമേ. സ്നേഹത്താൽ എന്നെ നിറയ്ക്കണമേ.

# പത്ത്

എഫേസ്യലേഖനത്തിന്റെ താക്കോൽ വാക്ക് 'നടക്കുക' എന്നുള്ളതാണ്. നിങ്ങൾ എങ്ങനെയാണ് നടന്നിരുന്നത്? നിങ്ങൾ ഈ ലോകത്തിന്റെ കാലഗതിക്ക് ഒത്തതുപോലെ നടന്നവരാണ്. പിശാചിന്റെ ഇഷ്ടപ്രകാരം നടന്നവരാണ്. നിങ്ങൾ ജഡത്തിന്റെ മോഹങ്ങൾക്ക് ഒത്തതുപോലെ നടന്നവരാണ്.

ലോകത്തിനും സാത്താനും ജഡത്തിനും യോജിച്ച് നിങ്ങൾ നടന്നവരാണ്. പക്ഷേ, ഇനി നിങ്ങൾ അങ്ങനെ നടക്കരുത്. നിങ്ങൾ വ്യർത്ഥബുദ്ധികളായി ജാതികൾ നടന്നതുപോലെ ഇനി നടക്കരുത്. എന്നാൽ ഇനി നിങ്ങൾ എങ്ങനെയാണ് നടക്കേണ്ടത്?

Walk in Unity! ഐക്യത്തിൽ നടക്കണം. Walk in Purity! വിശുദ്ധിയിൽ നടക്കണം. Walk in Harmony! പൂർണ്ണ ഐക്യത്തിന്റെ, സ്നേഹത്തിന്റെ നിറവിൽ നടക്കണം. Walk in Victory! നാം വിജയികളായി, ജയമെടുത്തവരായി നടക്കണം.

എങ്ങനെയാണ് ഐക്യത്തിൽ നടക്കുക?

**"കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ."**

**എഫേസ്യർ 4 : 1 – 3**

എങ്ങനെയാണ് നാം ഐക്യത്തിൽ നടക്കേണ്ടത് എന്ന് അവിടെ പറയുന്നുണ്ട്.

1. നാം പൂർണ്ണ വിനയത്തോടെ നടക്കണം. Meekness!

മഹത്തുക്കൾ പറഞ്ഞിട്ടുണ്ട്: Meekness is not weakness. താഴ്മ, ജീവിതത്തിൽ അവലംബിക്കുന്നു എങ്കിൽ അത് ബലഹീനതയായി കാണരുത്. കഴിവില്ലാത്തതുകൊണ്ടല്ല താഴ്മയുള്ളവനായിരിക്കുന്നത്. പ്രാപ്തിയില്ലാത്തവനായതു കൊണ്ടല്ല താഴ്മയുള്ളവനായിരിക്കുന്നത്.

താഴ്മ എന്നുള്ളത് ബലഹീനതയല്ല, അത് ബലത്തിന്റെ അടയാളമാണ്. കഴിവുള്ളവൻ എളിമയോടെ നിൽക്കുവാൻ തക്കവണ്ണം സ്വഭാവത്തിൽ താഴ്മയുള്ളവനായിത്തീരുന്നതാണ് ഏറ്റവും വലിയ കഴിവ്.

ശക്തനായവൻ, ഏറ്റവും വിനയവും സൗമ്യതയും അവലംബിക്കുന്നതാണ് ഏറ്റവും വലിയ ശക്തി. അതാണ് കഴിവിന്റെ അടയാളം. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ നാം എളിമയുള്ളവരായിരിക്കണം. എല്ലാ രംഗത്തും താഴ്മയുള്ളവനായിരിക്കണം.

“ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ.” എന്നേക്കാൾ ശ്രേഷ്ഠനായിട്ട് ഞാൻ മറ്റുള്ളവരെ കാണണം. മറ്റാരുടേയും കുറവുകൾ ഞാൻ കാണരുത്. മറ്റാരുടേയും തെറ്റുകൾ ഞാൻ കാണരുത്. ഞാൻ മറ്റുള്ളവരുടെ നന്മ മാത്രം കാണണം. മറ്റുള്ളവരുടെ നന്മകൾ എടുത്തെടുത്തു കാണാൻ എനിക്ക് കഴിയണം.

ഞാൻ കാണുമ്പോൾ എന്റെ തിന്മകൾ മാത്രം കാണണം; എന്റെ നന്മകൾ കാണരുത്. എന്റെ നന്മകൾ ഞാൻ കാണുന്നത് എന്റെ അഹന്തയാണ്. എന്റെ നന്മകൾ ഞാൻ കാണുന്നത് എന്റെ ആത്മപ്രശംസയാണ്. എനിക്ക് ഇന്നിന്ന നന്മകൾ ഉണ്ട് എന്ന് എനിക്കു തോന്നുന്നത് ആത്മപ്രശംസ മാത്രമല്ല, ഒരു അവകാശവാദം കൂടിയാണ്. അതെന്റെ സ്വയന്യായീകരണമാണ്,

സ്വയനീതീകരണമാണ്. ഇതെല്ലാം പാപമാണ്.

മറ്റുള്ളവരുടെ തിന്മ ഞാൻ കാണുന്നത് ഞാൻ അവരെ വിധിക്കുന്നതാണ്. ആരേയും വിധിക്കാൻ എനിക്ക് അവകാശമില്ല. ആരുടേയും തിന്മ കാണാൻ എനിക്ക് അവകാശമില്ല. പക്ഷേ, മറ്റുള്ളവരുടെ നന്മകൾ എനിക്ക് കാണാം. അങ്ങനെ വരുമ്പോഴാണ് ഓരോരുത്തൻ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളട്ടെ എന്ന വചനം നിവർത്തിയാകുന്നത്.

ചിന്തിക്കൂ, ഞാൻ മറ്റുള്ളവരെ ശ്രേഷ്ഠരായിട്ട് എണ്ണുന്നുണ്ടോ? ആരെയെങ്കിലും ഞാൻ തരം താഴ്ത്തി ക്കാണുന്നുണ്ടോ? പല കുടുംബങ്ങളിലും ഭർത്താവ് ഭാര്യയെ തരംതാഴ്ത്തിക്കാണുന്നു. എനിക്കു പറ്റിയ ഭാര്യയായില്ല, എന്റെ വിദ്യാഭ്യാസത്തിന് ഒത്ത ഭാര്യയായില്ല, എന്റെ ധനസമൃദ്ധിക്കൊത്ത ഭാര്യയായില്ല, അവൾ കൊണ്ടുവരേണ്ടതു കൊണ്ടുവന്നില്ല, അവളുടെ സ്വത്ത് പോരാതായിപ്പോയി, അവളുടെ സൗന്ദര്യം പോരാതായിപ്പോയി, അവളുടെ കഴിവ് പോരാതായിപ്പോയി, ഇങ്ങനെ ഭാര്യയെ തരംതാഴ്ത്തിക്കാണുന്നത് കുടുംബത്തിന്റെ ഐക്യത്തിനു തടസ്സമാണ്.

അതുപോലെതന്നെ തിരിച്ചും. എനിക്ക് ചേർന്ന ഭർത്താവായില്ല, എനിക്കു യോജിച്ച സ്വഭാവമായില്ല, എനിക്ക് ചേർന്ന സൗന്ദര്യമായില്ല, എനിക്കു ചേർന്ന വിദ്യാഭ്യാ സയോഗ്യത ആയില്ല, എന്റെ കുടുംബമഹിമയ്ക്കൊത്ത കുടുംബമഹിമ എന്റെ ഭർത്താവിനില്ല, ഭർത്താവിന് എന്റത്രയും കഴിവില്ല, ഇങ്ങനെ തരംതാഴ്ത്തിക്കാണുന്നു. ആ കുടുംബത്തിൽ ഐക്യം വരികയില്ല. ആ കുടുംബത്തിൽ ഐശ്വര്യവും വരികയില്ല.

എനിക്ക് എന്തുമാത്രം കല്യാണാലോചനകൾ വന്നതാണ്? അതെല്ലാം വിട്ട് എനിക്ക് നിന്നെയാണ് കല്യാണം കഴിക്കാൻ ഇടയായത്. എന്റെ കഷ്ടകാലം. ഇങ്ങനെ ഭർത്താവോ ഭാര്യയോ ഒരിക്കലും ചിന്തിക്കരുത്; പറയരുത്.

അത് നിങ്ങളുടെ ആത്മീയജീവിതത്തിന് ഏറ്റവും വലിയ ഹാനിയായിത്തീരും എന്നുമാത്രമല്ല, ഭൗതികജീവിതത്തിൽ പ്പോലും നിങ്ങൾക്ക് സമാധാനം കിട്ടുകയില്ല.

അനേകം കുടുംബങ്ങളിൽ എളിമ കിട്ടുന്നില്ല. ഭാര്യയ്ക്ക് എളിമ കിട്ടുന്നില്ല. ഭർത്താവിന് എളിമ കിട്ടുന്നില്ല. അപ്പന് എളിമ കിട്ടുന്നില്ല; മക്കൾക്ക് എളിമ കിട്ടുന്നില്ല; അമ്മയ്ക്ക് എളിമ കിട്ടുന്നില്ല; മരുമകൾക്ക് എളിമ കിട്ടുന്നില്ല.

ഒരു സത്യവിശ്വാസിക്ക് ഒരിക്കലും അഹങ്കാരം വരികയില്ല. അവന് അഭിമാനിക്കാൻ ഒന്നുമില്ല. അവൻ എപ്പോഴും സ്വന്തം ഹൃദയത്തിലേക്കു നോക്കും എന്റെ ഹൃദയത്തിലേക്ക്, എന്റെ സ്വന്തം സ്വഭാവത്തിലേക്ക് നോക്കുമ്പോൾ എനിക്ക് ലജ്ജിക്കാനല്ലേ ഉള്ളൂ? ഞാൻ പ്രകടമായ പാപത്തിലേക്കു പോകുന്നില്ല എങ്കിൽപ്പോലും എന്റെ രക്തത്തിൽ അലിഞ്ഞു കിടക്കുന്ന പാപത്തിന്റെ പ്രവണതകൾ കാണുന്നു.

ഭാഗ്യവശാൽ പാപം വാക്കിൽ വരുന്നില്ല, ചിന്തയിലും വരുന്നില്ല. പക്ഷേ, എന്റെ രക്തത്തിൽ അലിഞ്ഞു കിടക്കുന്ന ego എത്ര ഭയാനകമാണ്! എന്റെ രക്തത്തിൽ ലയിച്ചുനിൽക്കുന്ന സ്വയം, ഞാൻ എന്ന ചിന്ത, എന്റെ സെൽഫ് വളരെ ഭയാനകമാണ്. അതു തകരാതെ യേശുക്രിസ്തുവിന് എന്നിൽ പ്രസാദിക്കാൻ സാധിക്കുകയില്ല. ഞാൻ ഇത് നല്ലവണ്ണം അറിയുന്നു.

നിങ്ങൾക്കെല്ലാം ഒരു സ്വയമില്ലേ? ആരെങ്കിലും നിങ്ങളെ കുറ്റം പറഞ്ഞാൽ നിങ്ങൾക്ക് ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ തെറ്റ് ചൂണ്ടിക്കാണിച്ചാൽ നിങ്ങൾക്ക് ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് ഇന്ന കുറവുണ്ട് എന്നുപറഞ്ഞാൽ നിങ്ങളുടെ ഹൃദയത്തിൽ ഒരു പുകച്ചിലോ നീറ്റലോ വരുന്നു. അത് ക്രമേണ ഒരു ഇഷ്ടക്കുറവോ, മുഷിച്ചിലോ ആയി മാറുന്നു.

നിങ്ങളുടെ പാപസ്വഭാവം ഒന്നു തിരിച്ചറിയാൻ സാധിക്കുകയാണെങ്കിൽ, ഒരു പാപം ചെയ്യാത്തപ്പോൾപോലും

പാപത്തിന്റെ പ്രകൃതി നിങ്ങളിലുണ്ട് എന്ന് തിരിച്ചറിയാൻ കഴിയുകയാണെങ്കിൽ എന്നും തല താണിരിക്കും. എന്നും വിനയമുള്ളവനാക്കിത്തീർക്കും.

ദൈവത്തിന്റെ പൈതൽ എപ്പോഴും സ്വന്തം ജീവിതത്തിലേക്കു തിരിഞ്ഞുനോക്കും. സ്വന്തം സ്വഭാവത്തിലേക്കു നോക്കും. എന്റെ സ്വഭാവത്തിലുള്ള അഹങ്കാരം, ഞാൻ എന്ന ഭാവം, കടുംപിടുത്തങ്ങൾ, ദുശ്ശാഠ്യങ്ങൾ, കോപിക്കാത്തപ്പോൾപോലും എന്റെ ഉള്ളിൽ പതഞ്ഞുപൊങ്ങുന്ന കോപത്തിന്റെ പ്രവണതകൾ ഇതെല്ലാം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതു മനസ്സിലാക്കുന്ന ആൾ എന്നും താഴ്മയുള്ളവനായി നിൽക്കും. മറ്റുള്ളവരെ ശ്രേഷ്ഠരായിട്ട് എണ്ണും.

ഐക്യം ലഭിക്കണമെങ്കിൽ, unity കിട്ടണമെങ്കിൽ, ദൈവത്തോടുകൂടെ നടക്കണമെങ്കിൽ നാം ഇത് ജീവിതത്തിൽ അനുവർത്തിച്ചേ പറ്റൂ. ഈ വിനയം നമ്മുടെ ജീവിതത്തിൽ വരണം. നാം വിനയമുള്ളവരും താഴ്മയുള്ളവരുമായിരിക്കേണ്ടതാണ്.

1. പൂർണ്ണമായ വിനയം
2. സൗമ്യത

പെരുമാറ്റത്തിലുള്ള സൗമ്യത! വെറുതെ പുറമെ ഭാവിച്ചുള്ള കപടമായ അഭിനയങ്ങളല്ല, നമ്മുടെ സ്വഭാവത്തിൽ നിന്നു തന്നെ ഉറന്നു വരുന്ന സൗമ്യത. മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ ജീവിതം ധന്യമാക്കാൻ അത് ഉപകാരപ്പെടും. കർത്താവിന്റെ മുമ്പിൽ കടന്നുചെല്ലുമ്പോഴും ധൈര്യത്തോടെ നിൽക്കാൻ സാധിക്കും. അങ്ങനെ എപ്പോഴും സൗമ്യതയും താഴ്മയും വിനയവും നമ്മുടെ ആഭരണമാക്കുക.

അപ്പൊസ്തലനായ പത്രോസ്, ഒന്നാം ലേഖനത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ സ്ത്രീകളോടു പറയുന്നു:

**“ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്.”**

**1 പത്രോസ് 3 : 1 – 5**

എങ്ങനെയാണ് അലങ്കരിക്കേണ്ടത്? പൊന്നണിഞ്ഞല്ല. ആടയാഭരണങ്ങളണിഞ്ഞല്ല. ആഡംബരമുള്ള വർണ്ണശബളാഭമായ നല്ല വസ്ത്രങ്ങൾ ധരിച്ചല്ല. പിന്നെ എങ്ങനെയാണ് അലങ്കരിക്കേണ്ടത്?

സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ, ക്ഷയിക്കാത്ത ആഭരണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻതന്നേ ആയിരിക്കണം. നമ്മുടെ ക്ഷയിക്കാത്ത ആഭരണം സൗമ്യതയും സാവധാനതയുമാണ്.

നിങ്ങളുടെ ജീവിതത്തിൽ ഇതു പാലിക്കാൻ പറ്റിയിട്ടുണ്ടോ? ഭർത്താവായാലും ഭാര്യയായാലും അപ്പനായാലും അമ്മയായാലും ഓഫീസിലെ ഉയർന്ന സ്ഥാനത്തുള്ള ആളായാലും താഴ്ന്ന നിലയിലുള്ള ആളായാലും വിദ്യാഭ്യാസമുള്ള ആളായാലും വിദ്യാഭ്യാസമില്ലാത്ത ആളായാലും നിങ്ങൾക്ക് ആന്തരികമായ ഈ സൗമ്യതയും സാവധാനതയും പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ? അപ്പോഴാണ് മനസ്സിലാകുന്നത് നിങ്ങൾ പരാജയപ്പെട്ടുപോയി എന്ന്. പല രംഗങ്ങളിലും നിങ്ങൾക്ക് പരാജയം സംഭവിച്ചു.

നിങ്ങൾക്ക് കൂടെക്കൂടെ കോപം വരുന്നുണ്ടോ? എങ്കിൽ

അതിന്റെ അർത്ഥം നിങ്ങൾ ആരോടു കോപിക്കുന്നുവോ ആ ആളേക്കാൾ ഞാനാണ് ഉന്നതനെന്ന ഭാവം നിങ്ങളുടെ ഹൃദയത്തിലുണ്ട് എന്നാണ്.

ഭർത്താവ് ഭാര്യയോടു കോപിക്കുന്നെങ്കിൽ ഭാര്യയെ തരം താഴ്ത്തി കാണുന്നതുകൊണ്ടാണ്. ഭാര്യ ഭർത്താവിനോട് കോപിക്കുന്നെങ്കിൽ ഭർത്താവിനെ തരം താഴ്ത്തിക്കാണുന്നു. ജോലിസ്ഥലത്ത് ഒരാൾ വേറൊരാളോടു കോപിക്കുന്നെങ്കിൽ കോപിക്കുന്ന ആൾ മറ്റെയാളെ തരം താഴ്ത്തി കാണുകയാണ്.

ദൈവത്തിനു സഹിക്കാൻ വയ്യാത്ത സ്വഭാവമാണ് ഒരാൾ വേറൊരാളെ തരം താഴ്ത്തിക്കാണുന്നത്. നിങ്ങൾ ആരോടൊക്കെയാണ് കോപിക്കാറുള്ളത്? അപ്പനോട് കോപിക്കുന്നെങ്കിൽ അപ്പനെ തരംതാഴ്ത്തിക്കാണുന്നു. അപ്പനെ ഭയമില്ല. അപ്പനെ ബഹുമാനമില്ല. അപ്പനെ ആദരവില്ല.

**"മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇതു കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ."** **കൊലൊസ്സ്യർ 3 : 20**

നിനക്കു നന്മയുണ്ടാകുവനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പനയാകുന്നു. നീ അപ്പനേയും അമ്മയേയും ബഹുമാനിച്ചാൽ നിനക്ക് നന്മയുണ്ടാകും. നീ ഭൂമിയിൽ ദീർഘായുസ്സോടിരിക്കും. ഇത് ദൈവത്തിന്റെ വാഗ്ദത്തമാണ്. വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പനയാണ്. മാതാപിതാക്കളെ ബഹുമാനിപ്പിൻ. മാതാപിതാക്കളെ അനുസരിപ്പിൻ.

നിങ്ങളുടെ ജീവിതത്തിൽ എത്രത്തോളം നിങ്ങൾ ഇതെല്ലാം പാലിക്കുന്നുണ്ട്? ഇത് മനസ്സിലാക്കുമ്പോൾ നിങ്ങൾക്ക് എളിമ വരും. സൗമ്യതയും സാവധാനതയും കൊണ്ടാണ് വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്.

അതുകൊണ്ട് സാറാ, അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു. കുടുംബബന്ധങ്ങൾ സ്നേഹത്തിൽ, ഐക്യത്തിൽ വരണമെങ്കിൽ നിങ്ങൾക്ക് പൂർണ്ണമായ വിനയവും സൗമ്യതയും വരണം.

1. വിനയം

2. സൗമ്യത

3. ദീർഘക്ഷമ

നാം എടുത്തുചാടി ഒരു വാക്ക് പറയരുത്. ഒന്നു ചിന്തിക്കണം: ഇവിടെ ഞാൻ അത് പറഞ്ഞേ പറ്റുകയുള്ളോ? ഞാൻ ഇപ്പോൾത്തന്നെ പറഞ്ഞേ പറ്റുകയുള്ളോ? ഞാൻ ഇങ്ങനെതന്നെ പറഞ്ഞേ പറ്റുകയുള്ളോ? നിങ്ങൾ എടുത്തുചാടി ഒരു വാക്ക് പറയരുത്.

വീട്ടിലായാലും ജോലിസ്ഥലത്തായാലും എവിടെയായാലും ഒന്നു ചിന്തിക്കുക - Look before you leap. കുതിക്കുന്നതിനു മുമ്പ് ഒന്ന് നോക്കണം. ചാടിയാൽ അങ്ങ് എത്തുമോ? ഇതു പലപ്പോഴും നാം ചിന്തിക്കാറില്ല. നമുക്ക് ദീർഘക്ഷമ വേണം.

ക്ഷമ നമ്മുടെ ആഭരണമാക്കിത്തീർക്കണം. സൗമ്യതയും സാവധാനതയും ദീർഘക്ഷമയും നമ്മുടെ അലങ്കാരമായിത്തീരണം. ദീർഘക്ഷമയോടുകൂടി നടക്കുക. ക്ഷമിക്കാൻ നമുക്കു സാധിക്കണം. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ നമുക്കു പൊറുക്കാൻ സാധിക്കണം.

നോഹ ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ ദീർഘക്ഷമയോടുകൂടി, വിനയത്തോടുകൂടി നടക്കണം സൗമ്യതയോടും സാവധാനതയോടുംകൂടി നടക്കണം.

എല്ലാറ്റിന്റേയും മാതൃക കുരിശിൽ കാണാം. ദീർഘക്ഷമയുടെ മാതൃക കുരിശിൽ കാണാം.

4. സ്നേഹത്തിൽ നടപ്പിൻ.

**"ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."**

**എഫേസ്യർ 5 : 2**

എങ്ങനെ? ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ. സ്നേഹം എല്ലാം പൊറുക്കും. സ്നേഹം ദീർഘമായി ക്ഷമിക്കും. സ്നേഹം ദയകാണിക്കും. സ്നേഹം അകൃത്യം കണക്കിടുന്നില്ല. ഒരാൾ തെറ്റു ചെയ്താൽ അതു തെറ്റായി തോന്നുകയില്ല. സ്നേഹമില്ലെങ്കിൽ നമുക്ക് ക്ഷമിക്കാൻ സാധിക്കയില്ല.

5. വെളിച്ചത്തിൽ നടപ്പിൻ.

**"കർത്താവിന്നു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ."**

**എഫേസ്യർ 5 : 9**

വെളിച്ചത്തിൽ നടപ്പിൻ! ഹൃദയത്തിന്റെ പ്രകാശത്തിൽ നടപ്പിൻ! ഹൃദയത്തിന്റെ ബോധത്തിൽ നടപ്പിൻ! നല്ല വെളിവുള്ളവരായി നടപ്പിൻ! സുബോധമുള്ളവരായി നടപ്പിൻ!

ഒന്നും മറഞ്ഞിരിക്കുന്നില്ല. കാപട്യം പാടില്ല. വ്യാജം പാടില്ല. പുറമെ വേഷാഭിനയം പാടില്ല. കാണുമ്പോൾ ചിരിച്ച് നല്ല വർത്തമാനം പറയുന്ന സ്നേഹമല്ല, ഹൃദയത്തിൽ നിറഞ്ഞ സ്നേഹം. ക്ഷമിക്കാനുള്ള മനോഭാവം.

വെളിച്ചത്തിലാണ് നടക്കുന്നത് എന്ന് എങ്ങനെ അറിയാം? വെളിച്ചത്തിന്റെ ഫലം എന്താണ്? സകല സദ്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം.

**"സകല സദ്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്ക അത്രേ വേണ്ടത്."**

**എഫേസ്യർ 5 : 10, 11**

തെറ്റു കാണുമ്പോൾ സാരമില്ല എന്നുപറഞ്ഞ് പതുക്കെ തലോടി വിടുകയല്ല വേണ്ടത്. തെറ്റ് തെറ്റായിത്തന്നെ കാണണം. To call a spade a spade! 'തൂമ്പയെ, തൂമ്പ എന്നു തന്നെ വിളിക്കുക.' തൂമ്പയെ വാക്കത്തി എന്നുപറഞ്ഞാൽ പറ്റില്ല. തെറ്റിനെ തെറ്റായിത്തന്നെ കാണുക. അവിടെ യാതൊരു മയവുമുണ്ടാകരുത്. മയം ഉണ്ടായാൽ ആ തെറ്റിനു ഞാൻ പങ്കാളിയായിപ്പോകും. ഞാൻ അവിടെ ലോഹ്യം കാണിച്ചാൽ ഞാൻ ആ തെറ്റിനു പങ്കാളിയായിപ്പോകും. തെറ്റിനെ തെറ്റായിത്തന്നെ കാണിച്ചു കൊടുക്കണം. തെറ്റിനെ കർക്കശമായും നിശിതമായും നാം കാണിച്ചു കൊടുക്കണം. ഇരുട്ടിന്റെ നിഷ്ഫലപ്രവർത്തികൾക്കു കൂട്ടാളികൾ ആകരുത്.

**"അവർ ഗൂഢമായി ചെയ്യുന്നത് പറവാൻപോലും ലജ്ജയാകുന്നു. അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ചു വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലോ."**

**എഫേസ്യർ 5 : 12, 13**

ശാസിക്കുമ്പോൾ തെറ്റ് ബോദ്ധ്യം വരും. വളരെ സൗമ്യമായി, മാർദ്ദവമായി, തെറ്റ് പുറമെ കാണിക്കാതെ ഒതുക്കി ഒളിപ്പിച്ചു വച്ചാൽ, അവിടെ ആ ആൾക്ക് പാപബോധം കിട്ടുകയില്ല. അനുഗ്രഹം കിട്ടുകയില്ല. ആ ആൾക്ക് പ്രയോജനം കിട്ടുകയില്ല. തെറ്റിനെ തെറ്റ് എന്ന് കർക്കശമായും നിശിതമായും ചൂണ്ടിക്കാണിക്കുക. അതാണ് സ്നേഹം. മൂടി വയ്ക്കുന്നതു സ്നേഹമല്ല, വെളിച്ചത്തു കൊണ്ടുവരുന്നതാണ് സ്നേഹം. വെളിച്ചത്തു കൊണ്ടുവന്ന് അത് കർക്കശമായി ശാസിക്കുമ്പോൾ ശത്രു അവിടെ നിന്നു മാറിപ്പോകുന്നു. പൈശാചിക ശക്തി അതിന്റെ പിന്നിൽ നിന്നു മാറിപ്പോകുന്നു.

കാപട്യത്തിനു പിന്നിൽ പൈശാചികനുണ്ട്. ഇരുളിന്റെ പിന്നിൽ പൈശാചികനുണ്ട്. ദുഷ്ടപ്രവർത്തികൾക്കു പിന്നിൽ പൈശാചികനുണ്ട്. ആരെങ്കിലും തിന്മ ചെയ്താൽ അതിനെ ശാസിക്കുമ്പോൾ മാത്രമേ നാം തിന്മയിൽ നിന്നു വിട്ടു

നിൽക്കുകയുള്ളു. അത് ശാസിക്കാൻ സാധിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ തിന്മ ഇല്ലാതിരിക്കണം. നമ്മുടെ ഹൃദയത്തിൽ അഴുക്ക് ഇല്ലാതിരിക്കണം എങ്കിലേ നമുക്ക് ശാസിക്കാൻ പറ്റുകയുള്ളു.

നമ്മുടെ ജീവിതത്തിൽ ഐക്യത്തിൽ നടക്കണമെങ്കിൽ,

1. സൗമ്യതയിൽ നടക്കണം.
2. താഴ്മയിൽ നടക്കണം.
3. ദീർഘക്ഷമയിൽ നടക്കണം.
4. സ്നേഹത്തിൽ നടക്കണം.
5. വെളിച്ചത്തിൽ നടക്കണം.

Walk in Unity! ഐക്യത്തിൽ നടക്കുക!

ക്രിസ്തുവിനെ മാതൃകയാക്കി പൂർണ്ണസ്നേഹത്തിൽ, പൂർണ്ണവിനയത്തിൽ, പൂർണ്ണ സൗമ്യതയിൽ, ക്രിസ്തുവിന്റെ ഭാവത്തോടെ നടപ്പാൻ നിങ്ങൾ ഇപ്പോൾ ഒരു തീരുമാനം എടുക്കുമോ?

ഇപ്പോൾ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. കർത്താവിനോട് ഒരു വാക്ക് പറയുക.

എന്റെ കർത്താവേ, ഇത്രയുംകാലം ഇരുളിന്റെ നിഷ്ഫല പ്രവൃത്തികൾക്ക് ഞാൻ കൂട്ടാളിയായിപ്പോയി. ഇത്രയുംകാലം കാപട്യത്തിനും അഹങ്കാരത്തിനും തിന്മയ്ക്കും ദുഷ്ടതയ്ക്കും ക്രൂരതയ്ക്കുമെല്ലാം ഞാനും കൂട്ടാളിയായിപ്പോയി. ഞാനും അതെല്ലാം വഹിച്ചുകൊണ്ടുനടന്നു. അതെല്ലാം ഞാൻ മറച്ചുവച്ചു.

മറ്റുള്ളവരുടെ തിന്മകളെ ഞാൻ മറച്ചുപിടിച്ചു. എന്റെ തിന്മയും ഞാൻ മറച്ചുപിടിച്ചു. ഞാൻ കപടഭക്തനായി ജീവിച്ചു. വേഷഭക്തിയിൽ ജീവിച്ചു. കർത്താവേ, നിനക്ക്

എന്നോടു കരുണ തോന്നണമേ. എന്റെ വേഷഭക്തിയുടെ പുറംകുപ്പായം ഊരിക്കളഞ്ഞ് എന്റെ തനിനിറം ഇപ്പോൾ ഞാൻ തിരുമുമ്പാകെ തുറന്നു വയ്ക്കുകയാണ്. നിന്റെ തിരുമുമ്പിൽ വരുമ്പോൾ എനിക്ക് നോക്കാൻ മാതൃകയായി വേറെ ആരുമില്ല; യേശുവേ, നീ മാത്രമാണ് മാതൃക. നിന്റെ മാതൃകയ്ക്ക് ഒത്തതുപോലെ എന്നെ നോക്കുമ്പോൾ എനിക്ക് ലജ്ജിക്കാനേ വകയുള്ളു. ഞാൻ ഒന്നുമായില്ല.

എന്നെ നീ ഇപ്പോൾ നിന്റെ തൃക്കരം നീട്ടി ഒന്നു തൊടണം. ഐശ്വര്യം എന്റെ ഹൃദയത്തിലേക്ക് തരണം. എന്റെ കുടുംബത്തിലേക്ക് തരണം. എന്റെ മക്കളിലേക്ക് പകരണം. എന്റെ തലമുറയിലേക്ക് പകരണം. ഈ സമൂഹത്തിൽ യേശുവിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നവനായി എനിക്ക് ജീവിക്കണം. മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥപിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്ന് അവിടന്നു കല്പിച്ചുവല്ലോ. കർത്താവേ, അവിടത്തെ വെളിച്ചം എന്നിൽക്കൂടി പ്രകാശിക്കാൻ ഇടയാകണമേ.

എന്നെത്തന്നെ ഞാനിതാ കുരിശിൻചുവട്ടിലേക്ക് താഴ്ത്തിവെക്കുന്നു. കുരിശിൽ വെളിപ്പെട്ട സ്നേഹത്താൽ ഇപ്പോൾ എന്നെ ജ്വലിപ്പിക്കണമേ. ആ സ്നേഹത്താൽ എന്നെ നിയന്ത്രിക്കണമേ. കുരിശിലെ സ്നേഹത്താൽ എന്നെ രൂപാന്തരപ്പെടുത്തണമേ. കുരിശിലെ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ. കുരിശിന്റെ വഴിയിൽക്കൂടി എന്നെ നയിക്കണമേ. ഭാരങ്ങളും ക്ലേശങ്ങളുമുള്ള ഈ ലോകജീവിതത്തിൽ സമാധാനത്തോടെ ജീവിപ്പാൻ നീ എനിക്ക് ഭാഗ്യം തരണമേ.

# പതിനൊന്ന്

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ഹാനോക്കിന്റെ മകന്റെ പേര് മെഥൂശലഹ് എന്നാണ്. വേദപുസ്തകത്തിൽ ഏറ്റവും അധികം കാലം, തൊള്ളായിരത്തി അറുപത്തൊൻപ തുവർഷം ജീവിച്ചിരുന്ന ആളാണ് ഹാനോക്കിന്റെ മകൻ മെഥൂശലഹ്. മെഥൂശലഹിന്റെ മകൻ ലാമേക്ക്; ലാമേക്കിന്റെ മകൻ നോഹ.

ഹാനോക്കിന്റെ ജീവിതം മകനെ സ്വാധീനിച്ചു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു എന്നുള്ളത് മെഥൂശലഹിനെ സ്വാധീനിച്ചു. മെഥൂശലഹിൽ നിന്ന് അത് മകനായ ലാമേക്കി ലേക്ക് പകർന്നു. ലാമേക്ക്, അപ്പനായ മെഥൂശലഹിൽനിന്ന് ഗ്രഹിച്ചു, അപ്പന്റെ അപ്പനായ ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു എന്ന്.

ജീവിതത്തിൽ വ്യക്തമായ ഒരു പ്രതിഷ്ഠയിലേക്ക് ഹാനോക്ക് വരികയും വിശ്വാസത്തോടെ ജീവിതം ദൈവത്തിനായി സമർപ്പിക്കുകയും ജീവനുള്ള ദൈവത്തെ ആരാധിക്കുകയും ദൈവസന്നിധിയിൽ വിശ്വസ്തതയോടെ ജീവിക്കുകയും ദൈവത്തോടുകൂടെ നടക്കുകയും ചെയ്തു. ഇക്കാര്യം ലാമേക്ക് അറിഞ്ഞു, ലാമേക്കിൽ നിന്ന് അത് മകനായ നോഹയിലേക്ക് പകർന്നു.

മക്കളിലേക്ക്, മക്കളുടെ മക്കളിലേക്ക്, അനന്തര തലമുറയിലേക്ക് അനുഗ്രഹം പകരുകയാണ്.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം

അവനെ എടുത്തു. വരാൻ പോകുന്ന പ്രളയം അനുഭവിക്കാൻ ഇടയാകുന്നതിനുമുമ്പ് ദൈവം ഹാനോക്കിനെ ഈ ഭൂമി യിൽനിന്ന് എടുത്തു. "വിശ്വാസത്താൽ ഹാനോക്ക് ദൈവ ത്തോടുകൂടെ നടന്നു; ദൈവം അവനെ എടുത്തുകൊണ്ടതി നാൽ അവൻ കാണാതെയായി" എന്ന് എബ്രായലേഖനം പതി നൊന്നാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്.

എന്നാൽ ഹാനോക്കിന്റെ തലമുറയിൽ മകൻ മെഥൂശലഹ്, മെഥൂശലഹിന്റെ മകൻ ലാമേക്ക്, ലാമേക്കിനുശേഷം നോഹ. നോഹ ദൈവത്തോടുകൂടെ നടന്നു, അതുകൊണ്ട് പ്രളയത്തിൽ തകർന്നില്ല, പ്രളയത്തിൽ നശിച്ചില്ല.

ഹാനോക്ക് പ്രളയത്തിന് മുമ്പ് എടുക്കപ്പെട്ടു, നോഹ പ്രളയത്തിൽ നശിക്കാതെ രക്ഷപ്പെട്ടു. രണ്ടിന്റേയും കാരണം ദൈവത്തോടുകൂടെ നടന്നു എന്നുള്ളതാണ്. അപ്പനിൽ നിന്ന് മകനിലേക്ക്, മകനിൽനിന്ന് പിന്നെ അടുത്ത മകനിലേക്ക്, കൊച്ചുമക്കളിലേക്ക് വിശ്വാസം വ്യാപിക്കുകയാണ്. വിശ്വാസം പകരുകയാണ്. വിശ്വാസം പകർന്നുപകർന്ന് തലമുറകൾ അനുഗ്രഹിക്കപ്പെടുകയാണ്. ഒരു കാര്യം നിങ്ങൾ ഉറച്ചു കൊള്ളൂ; നിങ്ങൾ ദൈവത്തോടുകൂടെ നടക്കുന്നു എങ്കിൽ, നിശ്ചയമായും നിങ്ങളുടെ മക്കൾ നശിച്ചുപോവുകയില്ല.

നിങ്ങൾ ദൈവത്തോടുകൂടെ നടക്കുന്നു എങ്കിൽ ഇന്ന് ഒരുപക്ഷേ, മക്കൾക്ക് ദൈവവിശ്വാസം ഇല്ലെങ്കിൽപ്പോലും മക്കൾ വേണ്ടതുപോലെ സമർപ്പിച്ചിട്ടില്ലെങ്കിൽപ്പോലും, ദൈവത്തോടുകൂടി നടക്കുവാൻ വ്യക്തമായ ഒരു തീരുമാനവും സമർപ്പണവും നിങ്ങൾ കൈവരിക്കുന്നു എങ്കിൽ നിങ്ങളുടെ മക്കൾ നഷ്ടപ്പെട്ടുപോവുകയില്ല. നിങ്ങളുടെ മക്കൾ അവിശ്വാസികളായിപ്പോകയില്ല.

നോഹയുടെ കാലത്തെ ജനം ആരും വിശ്വാസികളായി ജീവിച്ചില്ല. നോഹ പെട്ടകം പണിയുവാൻ കൊട്ടുവടി എടുക്കു

കയും ചുറ്റിക എടുക്കുകയും തട്ടുകയും മുട്ടുകയും എല്ലാം ചെയ്യുമ്പോൾ ആളുകൾ ഊറിയൂറി ചിരിച്ചുകാണും. പരിഹാസത്തോടെ മുഖത്തോടുമുഖം നോക്കിക്കാണും. അവർ അടക്കം പറഞ്ഞുകാണും: വൃദ്ധനായ മനുഷ്യൻ! ഈ വയോവാർദ്ധക്യത്തിൽ എന്തിനീ വിഡ്ഢിവേഷം കെട്ടണം? എന്തിന് ഈ നാണംകെട്ട കാര്യത്തിന് ഇറങ്ങണം? എന്തു വിഡ്ഢിത്തമാണ് കാണിക്കുന്നത്?

മഴ പെയ്യും പോലും! എന്താണീ മനുഷ്യൻ പറയുന്നത്? ദൈവം അരുളിച്ചെയ്തു എന്നാണ് പറയുന്നത്. ദൈവം അങ്ങനെ മനുഷ്യനോട് അരുളിച്ചെയ്യുമോ? ദൈവം അങ്ങനെ മനുഷ്യനെ ശിക്ഷിക്കുമോ? ദൈവം സ്നേഹമല്ലേ? സ്നേഹമായ ദൈവം മനുഷ്യനെ ശിക്ഷിക്കുമോ? സ്നേഹമായ ദൈവം മനുഷ്യർക്ക് നാശം വരുത്തുമോ? എന്തൊരബദ്ധമാണീ മനുഷ്യൻ പറയുന്നത്?

തന്നെയുമല്ല, മഴയെന്നുള്ളത് ഇതുവരെ ഭൂമിയിൽ പെയ്തിട്ടില്ല; അങ്ങനെയൊന്ന് കണ്ടിട്ടുമില്ല. മഴ പെയ്തിട്ടില്ലാത്ത ഈ ഭൂമിയിൽ മഴ പെയ്യുമെന്നു പറഞ്ഞാൽ ഇതെങ്ങാൻ വിശ്വസിക്കാൻ മനുഷ്യരെല്ലാം മണ്ടന്മാരാണോ? നോഹ തട്ടുകയും മുട്ടുകയും ചെയ്ത് പെട്ടകത്തിൽ പണി തുടർന്നുകൊണ്ടിരുന്നപ്പോൾ, ആ പണി ചെയ്യുന്നവർക്ക് നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരുന്നപ്പോൾ, അപ്പോഴെല്ലാം ഓരോരുത്തർ ഓരോരുത്തർ വന്ന് കളിയാക്കുകയും പരിഹസിക്കുകയും അടക്കം പറയുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ കാര്യങ്ങൾ മുന്നോട്ടു നീങ്ങി. പെട്ടകത്തിലേക്ക് ജനത്തിനു കയറുവാൻ നോഹ നൂറ്റിയിരുപതു വർഷം പ്രസംഗിച്ചുകൊണ്ടിരുന്നു. ദൈവം അവസരം നീട്ടിക്കൊടുക്കുകയാണ്. നൂറ്റിയിരുപതു വർഷം നോഹ പ്രസംഗിച്ചിട്ടും ആരും ചെവിക്കൊണ്ടില്ല. ബഹുഭൂരിപക്ഷംപേരും നോഹ പറഞ്ഞതു വിശ്വസിച്ചില്ല. പക്ഷേ, നോഹ പറഞ്ഞത് നോഹയുടെ

ഭാര്യയും നോഹയുടെ മക്കൾ മൂന്നുപേരും മക്കളുടെ ഭാര്യമാരും വിശ്വസിച്ചു.

അപ്പൻ വിശ്വാസിയാണെങ്കിൽ മക്കൾ ചേർന്നുനില്ക്കും. മക്കളും വിശ്വാസികളാകും. മറ്റനേകം ആളുകൾ എതിർത്തതു പോലെയും പരിഹസിച്ചതുപോലെയും നോഹയുടെ മക്കൾക്കും ചിന്തിക്കരുതോ! എന്തു വിഡ്ഢിത്തമാണ് അപ്പൻ ഈ കാണിക്കുന്നത്? ഇല്ലാത്ത കാര്യത്തെക്കുറിച്ച് പറഞ്ഞ് ആളുകളെ ഭ്രമിപ്പിക്കുന്നു. ദൈവം ശിക്ഷിക്കും, പ്രളയം വരും എന്നൊക്കെ പറഞ്ഞ് ആളുകളെ പേടിപ്പിക്കുന്നു. എന്ത് മണ്ട ത്തരമാണ് അപ്പനീ പറയുന്നത്? ആളുകൾ പറഞ്ഞ കൂട്ടത്തിൽ ആ മക്കൾക്കും വേണമെങ്കിൽ പറയാമായിരുന്നു.

ആളുകളെല്ലാം എതിർത്ത കൂട്ടത്തിൽ, അവിശ്വസിച്ച കൂട്ടത്തിൽ, പരിഹസിച്ച കൂട്ടത്തിൽ ആ മക്കൾക്കും കൂടാമായിരുന്നു. പക്ഷേ, ആ മക്കളാരും അതിനു കൂടിയില്ല. അവർ വളരെ വിനയപൂർവ്വം അപ്പൻ പറഞ്ഞത് കേട്ടുകൊണ്ട് ഓരോരുത്തരായി പെട്ടകത്തിലേക്കു കയറി; ഒടുവിൽ നോഹയും കയറി.

പ്രിയപ്പെട്ടവരേ, നമ്മുടെ കുടുംബം ഐക്യത്തിന്റേയും സ്നേഹത്തിന്റേയും ഇണക്കത്തിന്റേയും 'ഹാർമണി'യുടേയും ഒരു നികേതനമായി മാറേണ്ടതാണ്.

ഇതു വായിക്കുമ്പോൾ നിങ്ങൾ ദയവായി ചിന്തിക്കൂ, നിങ്ങളുടെ കുടുംബത്തിൽ ആ ഏകതാനതയുണ്ടോ? ഐക്യമുണ്ടോ? ഒരുമനസ്സുണ്ടോ? നിഷ്ക്കളങ്ക സ്നേഹത്താൽ ബന്ധിതമാണോ? പരസ്പരവിശ്വാസമുണ്ടോ? പരസ്പരമുള്ള കൂറിണക്കമുണ്ടോ?

അനേകം ഭവനങ്ങൾ തകർന്നുകിടക്കുകയാണ്. ദൈവത്തിന്റെ വചനം പറയുന്നവരുടേയും ദൈവത്തിന്റെ വചനം കേൾക്കുന്നവരുടേയും ദൈവത്തിന്റെ വചനത്തിനു

വേണ്ടി ചെലവഴിക്കുന്നവരുടേയും കുടുംബങ്ങൾ തകർന്നു കിടക്കുകയാണ്. കുടുംബങ്ങളിൽ സാക്ഷ്യമില്ല. കുടുംബങ്ങളിൽ സാക്ഷ്യം ഉണ്ടാവണമെങ്കിൽ ഒരാളെങ്കിലും-അപ്പൻ തന്നെയാകണമെന്നില്ല- ദൈവത്തോടുകൂടി നടക്കുന്നവനായി ത്തീരണം.

ഞാൻ സ്നേഹപൂർവ്വം നിങ്ങളോട് അപേക്ഷിക്കട്ടെ. നിങ്ങളുടെ കുടുംബത്തിൽ ഞാനൊരാൾ എന്റെ ഇനിയുള്ള ആയുഷ്ക്കാലം യേശുവിനോടുകൂടെ നടക്കുവാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു എന്നു നിങ്ങൾക്കു തീരുമാനിക്കാം.

ടാഗോറിന്റെ ഒരു കവിതയുണ്ട് - ഒരു മനോഹരമായ ഭാവന! സൂര്യൻ നല്ല ക്ഷീണിതനായി പറയുകയായിരുന്നു: "ഞാൻ എത്ര നേരമായി അദ്ധ്വാനിക്കുന്നു? കഴിഞ്ഞ പന്ത്രണ്ട് മണിക്കൂർ ഞാൻ അദ്ധ്വാനിച്ചു. എനിക്ക് അല്പനേരം ഒന്നു വിശ്രമിക്കണം. ആരെങ്കിലും ഈ പ്രകൃതിയെ ഒന്നു പ്രകാശമാനമാക്കൂ. ഈ ഭൂമിയിൽ വെളിച്ചം പകരൂ. ആർക്കു സാധിക്കും?"

ആരും മുന്നോട്ടുവന്നില്ല. പിന്നെയും പിന്നെയും സൂര്യൻ കെഞ്ചിക്കൊണ്ടിരുന്നു: "ആരെങ്കിലും വരൂ, വരൂ. എന്നെ ഒന്ന് സഹായിക്കൂ. ഈ ഭൂമിയെ ഒന്നു പ്രകാശമാനമാക്കൂ. ഈ ഭൂമിയിലെ ഇരുട്ട് മാറ്റൂ. ആരെങ്കിലും വരൂ." അപ്പോഴാണ് ഒരു മിന്നാമിനുങ്ങ് പറന്നു വന്നത്. മിന്നാമിനുങ്ങ് പറഞ്ഞു: "ഞാൻ ഒരു ചെറിയ വെളിച്ചം മാത്രം ഉൾക്കൊള്ളുന്ന ആളാണ്. ചെറിയ വെളിച്ചം, അരണ്ട വെളിച്ചം. അല്പമേ ഉള്ളൂ. പക്ഷേ, ഞാനൊരു കാര്യം ചെയ്യാം. എനിക്ക് സൂര്യഭഗവാൻ എല്ലായിടത്തും പ്രകാശിക്കുന്നതുപോലെ മുഴുവൻ പ്രകാശമാനമാക്കാൻ സാധിക്കുകയില്ല. പക്ഷേ, എനിക്ക് ഒരു ചെറിയ ചുറ്റുവട്ടത്തിൽ പറക്കാൻ സാധിക്കും. ഞാൻ ശ്രമിക്കാം. എന്നെക്കൊണ്ട് അത്രയല്ലേ ആകൂ."

പ്രിയപ്പെട്ടവരേ, ഒരു ചെറിയ കുടുംബമുണ്ട് നമുക്ക്. ഒരു

കൊച്ചുകുടുംബം. എന്നാൽ ആ കൊച്ചുകുടുംബത്തിൽ പ്രകാശം പരത്താൻ നിങ്ങൾക്കു പറ്റുമോ? സ്നേഹം വിതറാൻ നിങ്ങൾക്കു പറ്റുമോ? ഐക്യത്തിന്റെ കെട്ടുറപ്പ് ഉളവാക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ? ക്ഷമിക്കാൻ നിങ്ങൾക്ക് പറ്റുമോ? സഹിപ്പാൻ സാധിക്കുമോ? വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുമോ? എല്ലാം സഹിക്കാനും എല്ലാം പൊറുക്കാനും എല്ലാം ക്ഷമിക്കാനും എല്ലാം വഹിക്കാനും നിങ്ങൾക്ക് സാധിക്കുമെങ്കിൽ നിങ്ങളുടെ കുടുംബം ഐശ്വര്യമുള്ളതായിത്തീരും.

അതാണ് പറയാറുള്ളത്, നമ്മുടെ കുടുംബം കൊച്ചു സ്വർഗ്ഗമാകണമെന്ന്. ആ കൂറിണക്കത്തിന്റെ ദാർഢ്യത്തിൽ നമ്മുടെ കുടുംബം ഭദ്രമായിത്തീരണം. അതിനുവേണ്ടി നമ്മുടെ കുടുംബത്തിൽ ഭദ്രമായ സ്നേഹത്തിന്റെ അടിത്തറ പാകണം.

എങ്ങനെ സാധിക്കും? യേശുക്രിസ്തുവിനോടു കൂടെ നടക്കുക. To be with Jesus! യേശുവിനോടു ചേർന്നു നടക്കുക. At the feet of Jesus! യേശുവിന്റെ പാദപീഠത്തിലിരിക്കുക. യേശുവിന്റെ പാദപീഠത്തിലിരിക്കുന്നവനു മാത്രമേ യേശുവിന്റെ കൂടെ നടക്കാൻ ഒക്കുകയുള്ളൂ. നാം യേശുവിന്റെ പാദപീഠത്തിലിരിക്കുന്നവരായി, പ്രാർത്ഥിക്കുന്നവരായിത്തീരണം.

നമ്മുടെ സമയം യേശുക്രിസ്തുവിന്റെ പാദപീഠത്തിലിരിക്കാൻ നാം വേർതിരിക്കേണ്ടതാണ്. ഒരു നിശ്ചിതസമയം നാം എന്നും യേശുക്രിസ്തുവിന്റെ പാദപീഠത്തിലിരിക്കണം. നമുക്ക് സാധിച്ചിട്ടുണ്ടോ? നമ്മുടെ ജീവിതത്തിൽ നാം ഒരുപാട് പ്രവർത്തിക്കുന്നവരായിരിക്കും. പല നല്ലകാര്യങ്ങളും ചെയ്യുന്നവരായിരിക്കും. പക്ഷേ, ക്രിസ്തുവിന്റെ പാദപീഠത്തിൽ തനിയെ ഇരുന്ന് ഹൃദയം പകരാൻ സാധിച്ചിട്ടുണ്ടോ?

നമ്മുടെ പോരായ്മകൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ഇപ്പോഴും നമ്മളിലുള്ള ബലഹീനതകളും

നമ്മുടെ പ്രകൃതിയിലുള്ള പാകപ്പിഴകളും ഏറ്റുപറഞ്ഞ്, അതെല്ലാം ഉപേക്ഷിച്ച് കർത്താവേ, കൃപ തരണമേ എന്നു പ്രാർത്ഥിച്ചു കൊണ്ട് ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? അത് നിങ്ങളുടെ ജീവിതത്തിൽ ഒരു പതിവായി മാറ്റിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥനാജീവിതമില്ലെങ്കിൽ യേശുവിന്റെ കൂടെ നടക്കാൻ സാധിക്കുകയില്ല.

യേശുവിന്റെ പാദപീഠത്തിൽ ഇരിക്കുന്നവനാണ് യേശുവിന്റെ കൂടെ നടക്കുന്നവൻ. യേശുവിന്റെ പാദപീഠത്തിൽ ഇരിക്കുമ്പോൾ നിങ്ങൾക്ക് തിരുവചനം വായിക്കാം. തിരുവചനത്തിൽനിന്ന് ആശയം ഉൾക്കൊള്ളാം; സന്ദേശം ഉൾക്കൊള്ളാം. യേശുവിന് നിങ്ങളോടുള്ള സ്പെഷ്യൽ മെസ്സേജ് നിങ്ങൾക്കു വാങ്ങാം. നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാം. വചനം വായിക്കുമ്പോൾ ആ വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ച്ചെന്ന് ദൈവത്തെ സ്തുതിക്കാൻ നിങ്ങൾക്ക് സാധിക്കും.

നിങ്ങളെ കരുതുന്ന ദൈവം! കാക്കുന്ന ദൈവം! പരിപാലിക്കുന്ന ദൈവം! നിങ്ങളുടെ ഭാവി ഭദ്രമാക്കിത്തരുന്ന ദൈവം! നിങ്ങളുടെ മക്കളുടെ കാര്യം നോക്കുന്ന ദൈവം! നിങ്ങളുടെ കുടുംബകാര്യം അന്വേഷിക്കുന്ന ദൈവം! നിങ്ങളുടെ ആരോഗ്യത്തിന്റെ കാര്യം നോക്കുന്ന ദൈവം! എല്ലാം കാണുന്ന ദൈവത്തിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുത്തു എന്നുള്ള ഒരുറപ്പ് നിങ്ങൾക്കു ലഭിക്കും, ദൈവത്തിന്റെ പാദപീഠത്തിൽ ഇരിക്കുമ്പോൾ.

ക്രിസ്തുവിനോട് ചേർന്ന് നിങ്ങൾ നടക്കാൻ തുടങ്ങും. അപ്പോൾ ആ പാദപീഠത്തിൽ ഇരിക്കുന്ന സമയം മാത്രമല്ല, എപ്പോഴും ക്രിസ്തുവിനോടുകൂടെ ആയിരിക്കും. ഭക്ഷണം കഴിക്കുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കോളേജിലോ സ്കൂളിലോ ക്ലാസ്സിലിരിക്കുമ്പോഴും നാം

ഓഫീസിലായിരിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും പാടത്ത് പണിയെടുക്കുമ്പോഴും, പറമ്പിൽ പണിയെടുക്കുമ്പോഴും, എപ്പോഴും യേശുവിന്റെ കൂടെ ആയിരിക്കും അതൊരു മഹനീയമായ അനുഭവമാണ്. യേശുവിന്റെ കൂടെ ആയിരിക്കുക! എന്തൊരു ഭാഗ്യമാണത്!

ദാവീദ് പറഞ്ഞു:

**"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല."** **സങ്കീർത്തനങ്ങൾ 16 : 8**

എന്നോട് ചേർന്ന് എന്റെ വലത്തുഭാഗത്ത് അവൻ നില്ക്കുന്നു. ഓളങ്ങളും തിരമാലകളുമുള്ള ഈലോക ജീവിതത്തിൽ, പ്രതിസന്ധികളും പ്രശ്നങ്ങളുമുള്ള ഈലോക ജീവിതത്തിൽ, ഭാരങ്ങളും ആകുലങ്ങളും ആവലാതികളുമുള്ള ഈലോക ജീവിതത്തിൽ വലഭാഗെ നിൽക്കാൻ നിത്യരക്ഷകനുണ്ടെങ്കിൽ എന്തൊരു ഭാഗ്യമാണത്! നമ്മുടെ തൊട്ടുചേർന്നു നില്പാൻ, നമ്മോട് ഒട്ടി നില്ക്കാൻ, നമ്മെ താങ്ങാൻ, നമ്മെ തലോടാൻ, നമ്മുടെ ഭാരങ്ങളിൽ നമ്മെ ഉയർത്തിപ്പിടിക്കാൻ, നമ്മുടെ തല താണുപോകാതെ ഉയർത്തിപ്പിടിച്ചുകൊണ്ടിരിപ്പാൻ ജീവനുള്ള ക്രിസ്തുവുണ്ടെങ്കിൽ അതെന്തൊരു ഭാഗ്യമാണ്! പ്രിയപ്പെട്ടവരേ, ക്രിസ്തുവിനോടു കൂടെ നടക്കുക.

**"നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ."** **എഫെസ്യർ 4 : 1 – 3**

യേശുക്രിസ്തുവിനോട് കൂടെ നടക്കുന്നവർ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം നടക്കും. പൂർണ്ണവിനയത്തോടെ നടക്കും. സൗമ്യതയോടെ നടക്കും. ദീർഘക്ഷമയോടെ

നടക്കും. സ്നേഹത്തിൽ നടക്കും. വെളിച്ചത്തിൽ നടക്കും.

**"കർത്താവിന് പ്രസാദമായത് എന്തെന്ന് പരിശോധിച്ചു കൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ."**

**എഫെസ്യർ 5 : 9**

ഇതെല്ലാം നാല് കാര്യങ്ങളെ ആസ്പദമാക്കിയാണ്.

1. Walk in Unity – ഒരുമനസ്സോടെ നടക്കുക, ഐക്യത്തോടെ നടക്കുക.
2. Walk in Purity – വിശുദ്ധിയിൽ നടക്കുക.
3. Walk in Harmony – കൂറിണക്കത്തോടെ നടക്കുക.
4. Walk in Victory – ജയത്തോടെ, ജയഘോഷത്തോടെ നടക്കുക.

ഈ നാല് കാര്യങ്ങൾ നമ്മിൽ നടക്കണമെങ്കിൽ നാം വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം പൂർണ്ണ വിനയത്തോടെ, സൗമ്യതയോടെ, ദീർഘക്ഷമയോടെ, സ്നേഹത്തിൽ വെളിച്ചത്തിൽ നടക്കണം.

ഏഴാമതായി, ആത്മാവിനെ അനുസരിച്ച് നടപ്പിൻ.

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ. ബുദ്ധിഹീനരാകാതെ, കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ. വീഞ്ഞുകുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ."**

**എഫെസ്യർ 5 : 15 – 20**

ആത്മാവ് നിറഞ്ഞവരായി നടപ്പിൻ. ആത്മാവിന്റെ അഭിഷേകം പ്രാപിപ്പിൻ. ദൈവത്തോടുകൂടെ നടക്കുന്നു എങ്കിൽ ആത്മാവിന്റെ അഭിഷേകം നമ്മിൽ വസിക്കും. ദൈവത്തോടുകൂടെ നടക്കുന്നു എങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വാസം ചെയ്യും; ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ മേൽ ആവസിക്കും, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഓരോ അവയവത്തേയും നിയന്ത്രിക്കും.

നമ്മുടെ നാവിനെ നിയന്ത്രിക്കും, കണ്ണിനെ നിയന്ത്രിക്കും, നമ്മുടെ സംസാരത്തെ നിയന്ത്രിക്കും, നാം ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുന്നതിനെ നിയന്ത്രിക്കും. നമ്മുടെ കൈകളുടെ പ്രവൃത്തിയെ നിയന്ത്രിക്കും, നമ്മുടെ ഭാവഹാവാദികളെ നിയന്ത്രിക്കും; നമ്മുടെ ചലനങ്ങളെ നിയന്ത്രിക്കും, നമ്മുടെ നടപ്പിനെ നിയന്ത്രിക്കും; എല്ലാറ്റിലും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ നിയന്ത്രിക്കും.

നിങ്ങൾ ദയവായി ചിന്തിക്കൂ, നിങ്ങളെ പരിശുദ്ധാത്മാവ് നിയന്ത്രിക്കാൻ വിട്ടുകൊടുക്കുന്നുണ്ടോ? പരിശുദ്ധാത്മാവിന് ഹിതകരമായിട്ടാണോ നിങ്ങളുടെ സംസാരങ്ങൾ? പരിശുദ്ധാത്മാവ് നിങ്ങളുടെ സംസാരങ്ങളിൽ പ്രസാദിക്കുമോ? നിങ്ങളുടെ നോട്ടങ്ങളിൽ പ്രസാദിക്കുമോ? നിങ്ങൾ മാത്രമായിരിക്കുന്ന രഹസ്യസമയങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രസാദിക്കുമോ? മറ്റാരും കാണാത്ത സമയങ്ങളിൽ നിങ്ങളുടെ ഓരോനിമിഷവും പരിശുദ്ധാത്മാവ് പ്രസാദിക്കത്തക്കവണ്ണമാണോ നിങ്ങൾ ജീവിക്കുന്നത്? ദൈവത്തോടുകൂടെ നടക്കുന്നു എങ്കിൽ പരിശുദ്ധാത്മാവ് നമ്മിൽ പ്രസാദിക്കും.

പരിശുദ്ധാത്മാവ് നമ്മിൽ പ്രസാദിക്കുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമാകുന്നത്. നമ്മുടെ ജീവിതം അനുഗൃഹീതമാകുന്നത്. അങ്ങനെ ഇരിക്കുമ്പോഴാണ് നാം ഭാവി തലമുറയ്ക്ക് അനുഗ്രഹം കൈമാറുന്നവരായിത്തീരുന്നത്.

ആത്മാവ് നിറഞ്ഞവരായിത്തീരുക. പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുക. വേദപുസ്തകം വായിക്കുമ്പോൾ അനേകം ഭാഗങ്ങളിലുണ്ട്, "ആത്മാവ് അവന്റെമേൽ വന്നു" എന്ന്. ശൗലിന്റെമേൽ ആത്മാവ് വന്നു. ശിംശോന്റെമേൽ ആത്മാവ് വന്നു. യിപ്താഹിന്റെമേൽ ആത്മാവ് വന്നു. യെഹസ്ക്കേലിന്റെമേൽ ആത്മാവ് വന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വരുന്നു എന്ന് ആവർത്തിച്ചു പറയുന്ന ഭാഗങ്ങൾ നമുക്ക് വേദപുസ്തകത്തിൽ കാണാം.

ദയവായി നിങ്ങൾ ചിന്തിക്കൂ: എന്റെമേൽ ദൈവത്തിന്റെ ആത്മാവ് വരുന്നുണ്ടോ? എന്റെമേൽ ദൈവത്തിന്റെ ആത്മാവ് അധിവസിക്കുന്നുണ്ടോ? എന്റെ തലമേൽ ദൈവത്തിന്റെ ആത്മാവ് പൊരുന്നിയിരിക്കുന്നുണ്ടോ? ദൈവത്തിന്റെ ആത്മാവ് ചിറകുവിരിച്ചിരിക്കുന്നുണ്ടോ? ദൈവാത്മാവിന്റെ കീഴിലാണോ ഞാനിരിക്കുന്നത്? ദൈവാത്മാവിന്റെ നിയന്ത്രണത്തിലാണോ ഞാൻ നടക്കുന്നത്? എന്റെ ഓരോ നിമിഷവും ദൈവാത്മാവിന്റെ ഹിതപ്രകാരവും ദൈവാത്മാവിന്റെ നടത്തിപ്പു പ്രകാരവുമാണോ? ദൈവത്തിന്റെ പരിശുദ്ധമായ വചനം പറയുന്നു:

**"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും." സങ്കീർത്തനങ്ങൾ 32 : 8**

പരിശുദ്ധാത്മാവ് നമുക്ക് ആലോചന പറഞ്ഞുതരും.

പ്രിയപ്പെട്ടവരേ, ക്രിസ്തീയജീവിതം വളരെ മധുരമാണ്, ക്രിസ്തീയജീവിതം വളരെ ഭാഗ്യപൂർണ്ണമാണ്. ക്രിസ്തീയജീവിതം അനുഗൃഹീതമാണ്. ക്രിസ്തീയ ജീവിതം ധൈര്യം തരുന്നതാണ്. ദൈവത്തിന്റെ ആത്മാവ് നമ്മെ നടത്തുന്നു. നാം ഉടമസ്ഥനു ള്ളവരാണെന്നുള്ള, രക്ഷകർത്താവുള്ളവരാണെന്നുള്ള ഉറപ്പ് നമുക്ക് കിട്ടുന്നു. ഭർത്താവില്ലാത്തവർക്ക് യേശുക്രിസ്തു

അരുമ മണവാളനായി ചേർന്നു നില്ക്കുന്നത് അനുഭവിക്കാൻ കഴിയുന്നു.

ഭാര്യ നഷ്ടപ്പെട്ടുപോയവർക്ക് യേശുക്രിസ്തു തക്ക തുണയായി ചേർന്നു നില്ക്കുന്നത് അനുഭവിക്കാൻ കഴിയുന്നു. അപ്പൻ നഷ്ടപ്പെട്ടവർക്ക് യേശുക്രിസ്തു അപ്പനായി നില്ക്കുന്നത് അനുഭവിക്കാൻ കഴിയുന്നു. ആരോരുമില്ലാതെ, ജീവിതത്തിൽ തുണയറ്റവരായി, തണലില്ലാത്തവരായി, താങ്ങില്ലാത്തവരായി വലഞ്ഞു കഴിയുന്നവർക്ക് യേശുക്രിസ്തു സമീപസ്ഥനായി നില്ക്കുന്നത് അനുഭവിക്കാൻ കഴിയുന്നു. എന്തൊരു ഭാഗ്യമാണ് ക്രിസ്തീയജീവിതം!

അദൃശ്യനായ ക്രിസ്തുവിനെ അടുത്തുകണ്ട് അനുഭവിച്ച് ക്രിസ്തുവിനെ സ്നേഹിച്ച് ജീവിക്കാൻ കഴിയുന്നത് എത്രയോ ഭാഗ്യകരമായ അനുഭവമാണ്!

സ്നേഹിതരേ, ആത്മാവിൽ നടക്കുക. പരിശുദ്ധാത്മാവിൽ നടക്കുക. പരിശുദ്ധാത്മാവിനോടു ചേർന്നു നടക്കുക. പരിശുദ്ധാത്മാവിന്റെ ഹിതപ്രകാരം നടക്കുക. അപ്പോൾ നമ്മുടെ ജീവിതം ധന്യമായിത്തീരും. ഏഴാമത്തെ കാര്യമാണ് ആത്മാവിൽ നടക്കുക.

എട്ടാമത്തെ കാര്യം, നാം സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ."**

**എഫെസ്യർ 5 : 15.**

സൂക്ഷ്മത്തോടെ നടപ്പിൻ! വളരെ സൂക്ഷ്മത വേണം. എപ്പോഴും ജാഗ്രതയുള്ളവരായിരിക്കണം. ജാഗ്രതയോടെ നടക്കണം.

നിങ്ങൾക്ക് ഇന്ന് ദൈവസന്നിധിയിൽ ഒരു പ്രതിഷ്ഠയെ

ടുക്കാൻ പറ്റുമോ? ഞാൻ യേശുവിന്റെ കൂടെ നടക്കും. അദൃശ്യനായ യേശുവിനെ കണ്ടതുപോലെ ഉറച്ചുനിന്ന് ഞാൻ യേശുവിന്റെകൂടെ നടക്കും. യേശുവിനെ എന്റെ വലത്തു ഭാഗത്തു കണ്ടുകൊണ്ട് ഞാൻ നടക്കും. എന്റെ ഓരോ നിമിഷവും യേശുവിനോടു ചേർന്നു ഞാൻ നടക്കും.

പ്രിയപ്പെട്ടവരേ, അപ്പോൾ:

“നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നെത്തേതിൽ മഹത്ത്വത്തിലേക്ക് എന്നെ കൈക്കൊള്ളും.”

സങ്കീർത്തനക്കാരൻ അങ്ങനെയാണ് പറയുന്നത്. ഈ ഭൂമിയിൽ ദൈവത്തിന്റെ ആലോചനപ്രകാരം നടക്കുന്നു. പരിശുദ്ധാത്മാവിന്റെ ഹിതപ്രകാരം നടക്കുന്നു. കർത്താവായ യേശുക്രിസ്തു സന്തോഷിക്കുന്നതുപോലെ നാം നടക്കുന്നു. യേശുവിനെ പ്രസാദിപ്പിച്ചുകൊണ്ട് നടക്കുന്നു. യേശുവിനോട് ചേർന്നു നടക്കുന്നു.

യേശുവിന്റെ രക്തത്താൽ പൊതിയപ്പെട്ടവരായി, യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബായുടെ തണലിൽ നാം നടക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ചവരായി, യേശുക്രിസ്തുവിന്റെ രക്തത്താൽ നമ്മുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടവരായി നാം നടക്കുന്നു.

അങ്ങനെ മുമ്പോട്ടുപോകുമ്പോൾ ഒരു ദിവസം, മഹത്വകരമായ സ്വർഗ്ഗീയശ്രേയസ്സിലേക്ക്, സ്വർഗ്ഗീയമഹത്വത്തിലേക്ക്, സ്വർഗ്ഗീയസമാധാനത്തിലേക്ക്, സ്വർഗ്ഗീയജീവിതത്തിലേക്ക് അവൻ എന്നെ കൈക്കൊള്ളും.

ഇതെല്ലാം താത്ക്കാലികം! ഈ കാണുന്നതെല്ലാം മായ! ഇന്നു കാണുന്നതെല്ലാം മാറിപ്പോകും. മാറാത്തത് സ്വർഗ്ഗീയ രാജാധിരാജന്റെ സ്വർഗ്ഗീയഭവനം. രാജാധിരാജനായ യേശുവിന്റെ നിത്യശോഭനതീരത്തേക്ക് നാം അടുക്കുകയാണ്. സ്നേഹിതരേ,

ആ മഹാഭാഗ്യം നമുക്ക് നഷ്ടപ്പെട്ടുപോകരുത്. നാം ആരും ശത്രുപാളയത്തിൽ കുടുങ്ങിപ്പോകരുത്. നമ്മെ ആരേയും പിശാച് റാഞ്ചിക്കൊണ്ടുപോകാൻ ഇടവരരുത്. നമ്മെ ആരേയും സാത്താൻ വഞ്ചിച്ചുകൊണ്ടുപോകാൻ നാം സമ്മതിക്കരുത്. ജീവിതം നിങ്ങൾ ക്രിസ്തുവിന് കൊടുക്കുക. യേശുവിനുവേണ്ടി നിങ്ങളുടെ ജീവിതം വേർതിരിക്കുക. യേശുവിന്റെ കൈകളിലേക്ക് നിങ്ങളെ ഏല്പിക്കുക.

കർത്താവേ, നീ ക്രൂശിൽ എനിക്കുവേണ്ടി മരിച്ചു. ഇതാ, ഞാൻ എന്നെത്തന്നെ നിനക്കു തരുന്നു. എന്റെ യേശുവേ, നീ കുരിശിൽ എനിക്കുവേണ്ടി തിരുരക്തം ചിന്തി. ഞാനിതാ, എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ യേശുവേ, ഇത്രയുംകാലം നിന്നെ അറിയാതെയും നിന്നെ മറന്നും ഞാൻ ജീവിച്ചു. യേശുവേ, നിന്നോട് പറഞ്ഞ വാക്കു മറന്നു ഞാൻ ജീവിച്ചു. എന്നോട് ക്ഷമിക്കണമേ. ഇനിമുതൽ യേശുവിന്റെ തിരുരക്തത്തിന്റെ വിലയായി, ഒരു പുതിയ സമർപ്പണത്തോടെ ഞാൻ മുന്നോട്ടു വരികയാണ്. യേശുവേ, നിന്റെ ആലോചനയാൽ എന്നെ നടത്തണമേ, പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളണമേ.

## പന്ത്രണ്ട്

വളരെ മനോഹരമായ ഒരു ഉദാഹരണകഥ കേട്ടിട്ടുണ്ട്. ഒരു മനുഷ്യൻ ദൈവസന്നിധിയിൽ വലിയ തീരുമാനമെടുത്തു. കർത്താവേ, എന്റെ ജീവിതം മുഴുവനായി നിനക്ക് സമർപ്പിക്കുന്നു. കർത്താവേ, നീ പറഞ്ഞിട്ടുണ്ട്, നീ എന്റെ കൂടെ നടക്കാമെന്ന്. ഞാൻ എന്നന്നേക്കുമായി എന്റെ ആയുസ്സ് നിനക്ക് തരുന്നു. നീ എന്റെ കൂടെ നടക്കണം.

കർത്താവ് കൂടെ നടക്കുന്നു എന്നുള്ള അനുഭവത്തിൽ അദ്ദേഹം ജീവിച്ചു വരികയായിരുന്നു. ഒരു ദിവസം അദ്ദേഹം ഒരു സ്വപ്നം കണ്ടു. കഴിഞ്ഞകാലജീവിതം മുഴുവൻ അദ്ദേഹത്തിന്റെ മുന്നിൽ തെളിഞ്ഞു വരുന്നു. താനും ദൈവവും ചേർന്ന് ഒരു കടലോരത്ത് കൂടി നടന്നു പോകുന്നതായിട്ടാണ് സ്വപ്നം. അപ്പോൾ, ദൈവത്തോട് പറഞ്ഞ വാക്കനുസരിച്ച് ദൈവം കൂടെയുണ്ട്.

ദൈവം കൂടെയുണ്ടെന്നുള്ളതിന്റെ തെളിവെന്താണ്? രണ്ടു പാദങ്ങളുടെ സ്ഥാനത്ത് നാല് പാദങ്ങൾ തെളിഞ്ഞു കാണുന്നു. മണൽപ്പരപ്പിൽ നാലു പാദങ്ങൾ! വലിയ സന്തോഷമായി. ഞാൻ ദൈവത്തോടു പറഞ്ഞ വാക്ക് ദൈവം കേട്ടു. കർത്താവ് എന്റെ കൂടെ നടക്കുന്നു.

കുറെയങ്ങോട്ടു പോയപ്പോൾ ആ മണൽപ്പരപ്പിൽ രണ്ട് പാദം മാത്രമേ കാണുന്നുള്ളൂ. അദ്ദേഹം ചിന്തിക്കുകയാണ്; അതെന്താണ് രണ്ടു പാദം മാത്രം? അപ്പോൾ ദൈവം എന്നെ വിട്ടുപോയല്ലോ. ഉടനെ അവൻ ദൈവത്തോടു ചോദിച്ചു:

“കർത്താവേ, നീ എന്നെ വിട്ടിട്ട് പോകാൻ എന്താണു കാരണം?”

“ഞാൻ നിന്നെ വിട്ടുപോയി എന്ന് നീ വിചാരിക്കാൻ കാരണമെന്താണ്?” ദൈവം ചോദിച്ചു.

ആ കാലങ്ങൾ വലിയ ദുരിതം പിടിച്ച, വളരെ പ്രയാസമുള്ള കാലങ്ങളായിരുന്നു. രോഗവും ആപത്തും കേടുകളും കഷ്ടങ്ങളും നഷ്ടങ്ങളുമെല്ലാമുള്ള കാലം. ആ കാലത്തിലേക്ക് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ രണ്ടു പാദം മാത്രമേ കാണുന്നുള്ളൂ. എന്നെ ഒറ്റയ്ക്കാക്കിയിട്ട് നീ മാറിയതെന്താണ്?

കർത്താവ് പറഞ്ഞു: “ആ രണ്ടു പാദം ആരുടേതാണെന്നാണ് നീ ധരിച്ചത്?”

“അതു ഞാനല്ലേ, ഞാനല്ലേ നടന്നത്?”

“അല്ല മോനേ, അത് എന്റെ പാദങ്ങളാണ്.”

“അപ്പോൾ ഞാനോ?”

“മോനേ, നിനക്കു കഷ്ടപ്പാടു വന്നപ്പോൾ, ദുരിതങ്ങൾ വന്നപ്പോൾ, യാതനകളും വേദനകളും നിന്റെ ജീവിതത്തിൽ വന്ന സമയങ്ങളിൽ നിന്നെ നിലം തൊടാൻ ഞാൻ സമ്മതിച്ചില്ല. ഞാൻ നിന്നെ ഒക്കത്ത് എടുത്തിരിക്കയായിരുന്നു. ഞാൻ നിന്നെ വഹിക്കുകയായിരുന്നു.”

ദൈവത്തോടുകൂടെ നടക്കുക! ദൈവത്തോടുകൂടെ നടന്നാൽ ആപത്തു കാലങ്ങളിൽ അവൻ നമ്മെ എടുക്കും. കഷ്ടപ്പാടിന്റെ കാലങ്ങളിൽ പലരും നമ്മെ ഒറ്റപ്പെടുത്തുമ്പോൾ, പകയ്ക്കുമ്പോൾ, ചിലർ നമ്മെ തെറ്റിദ്ധരിക്കുമ്പോൾ, ചിലർ നമ്മുടെ ശത്രുക്കളായിത്തീരുമ്പോൾ ദൈവം നമ്മെ ഒക്കത്തെടുക്കും.

**“ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസ**

**വിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല.”** **യെശയ്യാവ് 49 : 15**

ഒരിക്കലും ദൈവം നമ്മെ ഉപേക്ഷിച്ചുകളകയില്ല. പ്രിയപ്പെട്ടവരേ, ദൈവത്തോട് ചേർന്നുനടക്കുക. ദൈവത്തോടു ചേർന്നു നടക്കുന്നെങ്കിൽ നാം സൂക്ഷ്മത്തോടെ നടക്കും. അതാണ് എഫെസ്യലേഖനം അഞ്ചാം അദ്ധ്യായത്തിൽ നാം കണ്ടത്.

**“ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.”**

**എഫേസ്യർ 5 : 15**

അജ്ഞാനികളായിട്ടല്ല നടക്കേണ്ടത്. ജ്ഞാനികളായി, സൂക്ഷ്മത്തോടെ നടപ്പിൻ. ഓരോ ചുവടും വയ്ക്കുന്നത് കരുതലോടെ, ജാഗ്രതയോടെ വേണം.

നമ്മിൽ പലരും ശ്രദ്ധയില്ലാത്തവരാണ്. എവിടെയെങ്കിലും പോയി നിൽക്കുമ്പോൾ ആ സന്ദർഭത്തിനൊത്തതുപോലെ സംസാരിച്ചു എന്നു വരും, അല്ലെങ്കിൽ അത് കേട്ടിരുന്നു എന്നു വരും. ഒരു പക്ഷേ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെതിരായി പറയുന്ന വാക്കുകളായിരിക്കും, ദൈവത്തെ ദു:ഖിപ്പിക്കുന്ന വാക്കുകളായിരിക്കും കേൾക്കുന്നത്. അതെല്ലാം നാം ചെവിക്കൊണ്ടുകൊണ്ടിരിക്കും.

ചിലപ്പോൾ നമ്മുടെ ഹൃദയം അതിൽ രസിക്കും. അതിൽ ലയിക്കും. അതെല്ലാം അപകടമാണെന്ന് നാം അറിയുന്നില്ല. നാം പോയിരിക്കുന്ന സ്ഥലത്ത് വേറെ ഏതെങ്കിലും അനീതികളോ അഴിമതികളോ നടക്കുന്നതായിരിക്കും. നാം ഇടപെടുന്ന ആളുകളുടെ കൂട്ടത്തിൽ ചെന്നുപെട്ടു കഴിയുമ്പോൾ നമ്മുടെ ജീവിതത്തിലേക്ക് പാപം അരിച്ചരിച്ച് കയറുന്ന അവസ്ഥയിലായിരിക്കും. നമ്മിലേക്ക് പാപം സംക്രമിച്ചു എന്നു വരാം. നാം ശ്രദ്ധിച്ചിരിക്കേണ്ടതാണ്. സൂക്ഷ്മത വേണം. നാം ഇരിക്കുന്നതും

നടക്കുന്നതും സഞ്ചരിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം വളരെ കരുതലോടെ വേണം.

അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹ ഒന്നാമത്തെ ലേഖനത്തിൽ പറയുന്നത്:

**"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല." 1 യോഹന്നാൻ 5 : 18**

ദുഷ്ടനായ പൈശാചികൻ ദൈവത്തിൽനിന്നു ജനിച്ചവനെ തൊടുന്നില്ല. ആത്മാവിൽ വീണ്ടുംജനനം അനുഭവിച്ച് ദൈവത്തോടുകൂടെ നടക്കുന്ന ദൈവപുരുഷൻ, അവൻ എപ്പോഴും സൂക്ഷ്മത്തോടെ നടക്കും. ഒരക്ഷരത്തിൽപ്പോലും തെറ്റുപറ്റരുതെന്ന് നിർബ്ബന്ധമുണ്ടാകും. ഒരു രൂപയിൽപോലും തെറ്റുപറ്റരുതെന്ന് നിർബ്ബന്ധമുണ്ടാകും. ഒരു രൂപ ചെലവഴിക്കുന്നതിൽ തെറ്റുപറ്റരുത്. ഒരു രൂപ കൈയിൽ വരുന്നതിൽ തെറ്റുപറ്റരുത്. എല്ലാം കണക്കുപറയേണ്ടുന്ന ഒരു ദിവസം വരും. ദൈവത്തിൽനിന്ന് ജനിച്ചവന് ആ ബോധമുണ്ട്.

ന്യായം വിസ്തരിക്കുന്ന ദിവസം! പുസ്തകങ്ങൾ തുറന്നു പരിശോധിക്കുന്ന ദിവസം! അവസാനനാളിൽ നീതിയിൻ ന്യായാധിപതിയുടെ മുമ്പിൽ ചെല്ലുന്ന ദിവസം! ഞാനതിന് കണക്കുബോധിപ്പിക്കേണ്ടവനാണ്. ദൈവത്തിൽനിന്ന് ജനിച്ചവൻ തന്നത്താൻ സൂക്ഷിക്കുന്നു. അവനറിയാം ഒരു ദിവസം ദൈവസന്നിധിയിൽ പോയി നില്ക്കേണ്ടി വരുമെന്ന്.

**"അവൻ ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്ക പകരം ചെയ്യും." റോമർ 2 : 6**

**"എന്നാൽ നീ സഹോദരനെ വിധിക്കുന്നത് എന്ത്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും.**

**"എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്ന് കർത്താവു അരുളിച്ചെയ്യുന്നു'' എന്ന് എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും." റോമർ 14 : 10 – 12**

മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട് സ്വർഗ്ഗീയരഹസ്യങ്ങൾ കൈയിലേക്ക് ഏറ്റുവാങ്ങിയ അപ്പൊസ്തലനായ പൗലോസ് പറയുകയാണ്: നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും.

കണക്കുപറയേണ്ട ഒരു ദിവസമുണ്ട്. കണക്കുപറയേണ്ടുന്ന ഒരു സമയമുണ്ട്. കണക്കു പറയേണ്ടവരാണ് നാം ഓരോരുത്തരും.

**"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ." 1 പത്രോസ് 1 : 17**

ഒരു ന്യായവിധി ഉണ്ട്. ഒരു ന്യായവിസ്താര ദിവസമുണ്ട്. ന്യായാധിപതിയുടെ മുമ്പിൽ നാം ചെന്നു നില്കേണ്ട ഒരു ദിവസമുണ്ട്. വ്യക്തമാണ് പ്രിയരേ, മരണം കഴിഞ്ഞാൽ ഒരു ന്യായവിധി ഉണ്ട്.

**"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ." എബ്രായർ 9 : 27**

ഒരിക്കൽ മരണമുണ്ട്. അതുകഴിഞ്ഞ് ന്യായവിധിയുണ്ട്. അത് മനുഷ്യർക്കു നിയമിക്കപ്പെട്ടിരിക്കയാണ്.

ദൈവത്തിന് മുഖപക്ഷമില്ല. ഈ സൂക്ഷ്മത്തോടെ നടക്കണം. ഭയത്തോടെ നടക്കണം. നിങ്ങളുടെ പ്രവാസകാലം കരുതലോടെ നടപ്പിൻ. മുഖപക്ഷമില്ലാത്ത ദൈവം! "ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം

കൊടുക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."

**"ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ."**
**റോമർ 2 : 11**

ദൈവത്തിന് മുഖപക്ഷം ഇല്ല. ദൈവം മുഖപക്ഷമില്ലാതെ ന്യായംവിധിക്കുന്നവനാണ്.

**"ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കേണ്ടി വരും." 1 പത്രോസ് 4 : 5**

കണക്കുപറയേണ്ടുന്ന ഒരു ദിവസമുണ്ട്. അതുകൊണ്ട് നാം സൂക്ഷ്മത്തോടെ ജീവിക്കേണ്ടതാണ്. പ്രിയപ്പെട്ടവരേ, നമ്മുടെ പ്രവൃത്തികൾക്ക് ന്യായവിധി ഉണ്ട്. നമ്മുടെ വാക്കുകൾക്ക് ന്യായവിധി ഉണ്ട്. നമ്മുടെ ചിന്തകൾക്ക് ന്യായവിധി ഉണ്ട്.

**"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."**
**2 കൊരിന്ത്യർ 5 : 10**

നാം ഒരു ദിവസം അവിടെച്ചെന്ന് നില്ക്കേണ്ടിവരും. വേദപുസ്തകം പറയുന്നു: പ്രവൃത്തികൾക്കു ന്യായവിധിയുണ്ട്. വാക്കുകൾക്ക് ന്യായവിധിയുണ്ട്. മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിയുണ്ട്.

**"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിന്നും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു." മത്തായി 12 : 36**

നമ്മുടെ ഓരോ വാക്കിനും നാം കണക്കു പറയേണ്ടി

വരും. ഇന്ന് നാം എന്തെല്ലാം പറയുന്നു? ചിലരെ ദുഷിക്കുന്നു. ചിലരെ വിധിക്കുന്നു. ചിലരെക്കുറിച്ച് ഇല്ലാത്തതോ അല്ല, ഉള്ളതോ പറയുന്നു. നമ്മുടെ നാവ് വാവിഷ്ഠാണത്തിനു വിട്ടുകൊടുക്കുന്നു. വാവിഷ്ഠാണം (Reviling) എന്നു പറഞ്ഞാൽ പരദൂഷണം പറയുക. വാവിഷ്ഠാണക്കാരൻ ദൈവരാജ്യം അവകാശമാക്കുകയില്ല. കൊരിന്ത്യലേഖനത്തിൽ അപ്പൊസ്തലൻ പറയുന്ന വാക്കാണ് വാവിഷ്ഠാണം.

ചിന്തിച്ചുനോക്കൂ, നമ്മുടെ ജീവിതത്തിൽ തെറ്റുകൾ സംഭവിച്ചിട്ടില്ലേ? പ്രവൃത്തികൾക്കു ന്യായവിധിയുണ്ട്. വാക്കുകൾക്ക് ന്യായവിധിയുണ്ട്. ചിന്തകൾക്ക്, വിചാരങ്ങൾക്ക് ന്യായവിധിയുണ്ട്.

**“ആകയാൽ കർത്താവ് വരുവോളം സമയത്തിനുമുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും.” 1 കൊരിന്ത്യർ 4 : 5**

ന്യായവിസ്താരത്തിൽ ചെല്ലുമ്പോൾ ഹൃദയങ്ങളുടെ ആലോചനകളെല്ലാം വെളിപ്പെടുത്തും. ആബാലവൃദ്ധം സകലമാന മനുഷ്യരും കേൾക്കെ ആലോചനകളെ വെളിപ്പെടുത്തും.

എന്റെ പ്രിയസ്നേഹിതരേ, നമ്മുടെ ജീവിതമെല്ലാം തുറന്നിരിക്കുന്നു. എല്ലാം ദൈവം കണ്ടിരിക്കുന്നു, എല്ലാം ദൈവം അറിഞ്ഞിരിക്കുന്നു. ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ നാം സൂക്ഷ്മതയോടെ നടക്കേണ്ടതാണ്. നാം സൂക്ഷ്മതയോടുകൂടെ നടക്കുക എന്നുള്ളതാണ് കർത്താവിനോടു കൂടെ നടക്കുക എന്നു പറയുന്നത്. നോഹ ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നാം ദൈവത്തോടുകൂടെ നടക്കണമെങ്കിൽ സൂക്ഷ്മതയോടെ നടക്കണം, കരുതലോടെ നടക്കണം, ജാഗ്രതയോടെ നടക്കണം. വളരെ ശ്രദ്ധയോടെ

നടക്കണം. സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. അജ്ഞാനത്തിന് ഇടം കൊടുക്കരുത്. ഒരു നിമിഷംപോലും, ഒരണുവിൽപ്പോലും ദൈവത്തിന്റെ സ്നേഹം നമ്മിൽനിന്ന് മാറിപ്പോകാൻ ഇടവരരുത്. ദൈവത്തിന്റെ കൃപ നമ്മെ വിട്ടുപോകാൻ ഇടവരരുത്. എപ്പോഴും ദൈവത്തോടുകൂടെ ആയിരിക്കണം.

നിങ്ങൾ ചിന്തിക്കും: ഇതൊക്കെ സാധിക്കുന്ന കാര്യമാണോ? ഇതൊക്കെ പ്രായോഗികമാണോ? പ്രിയപ്പെട്ടവരേ, എപ്പോഴും ദൈവമേ, ദൈവമേ എന്നു വിളിക്കണമെന്നല്ല പറഞ്ഞത്. എപ്പോഴും സ്തോത്രം, സ്തോത്രം എന്നു പറഞ്ഞുകൊണ്ടിരിക്കാനല്ല പറഞ്ഞത്. എപ്പോഴും കിഴക്കോട്ടു തിരിഞ്ഞുനിന്ന് കുരിശുവരയ്ക്കണമെന്നല്ല പറഞ്ഞത്.

നിങ്ങളുടെ ഹൃദയത്തിൽ എപ്പോഴും യേശു ഉണ്ടായിരിക്കണം. യേശു ദു:ഖിക്കുന്നതൊന്നും വരാതെ നിങ്ങളെത്തന്നെ സൂക്ഷിക്കണം. കരുതലുള്ളവരായിരിക്കണം. ഭാര്യയും ഭർത്താവും തമ്മിലുള്ള സംഭാഷണങ്ങൾ, ചിലപ്പോഴുള്ള വാഗ്വാദങ്ങൾ, ചിലപ്പോഴുള്ള തർക്കവിതർക്കങ്ങൾ, ചിലപ്പോഴുള്ള സംഭാഷണശൈലികൾ, മക്കളും മാതാപിതാക്കളും തമ്മിൽ ധിക്കാരം കലരുന്ന വാക്കുകൾ, അപ്പനോട് അഹങ്കാരത്തോടെ പറയുന്ന മക്കൾ, മക്കളോട് സ്നേഹമില്ലാതെ സംസാരിക്കുന്ന മാതാപിതാക്കൾ, അമ്മാവിയമ്മയും മരുമകളും തമ്മിലുള്ള സംഭാഷണങ്ങൾ, ഓരോന്നോരോന്ന് നിങ്ങൾ ശ്രദ്ധിച്ചുനോക്കൂ. ചിന്തിച്ചുനോക്കൂ. തെറ്റുകൾ പറ്റാറില്ലേ? സൂക്ഷ്മതയില്ലാതെ പലതും സംഭവിക്കാറില്ലേ? സൂക്ഷ്മതയില്ലാതെ പെരുമാറാറില്ലേ?

"ദൈവത്തിൽനിന്നു ജനിച്ചവൻ തന്നത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല."

നമ്മുടെ പിതാക്കന്മാർ പാടി, ന്യായവിധിയുണ്ട് എന്ന്. പിതാക്കന്മാർ, ജീവനുള്ളവരേയും മരിച്ചവരേയും ന്യായം

വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായായ ഏക കർത്താവിലും വിശ്വസിച്ചിരുന്നു.

നാം വിശ്വാസപ്രമാണം ഏറ്റുചൊല്ലും, ശരിയാണ്. കർത്താവായ യേശു വീണ്ടും വരുമെന്ന് നാം പറയും. ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനായ കർത്താവായ യേശു. നാമിത് ഏറ്റു പറഞ്ഞിട്ട് കാര്യമുണ്ടോ? നമ്മുടെ ജീവിതത്തിൽ വരണ്ടേ? നാം നമ്മെത്തന്നെ സൂക്ഷിക്കണ്ടേ? പിതാക്കന്മാർ പാടി:

ന്യായാധിപന്യായാധിപതേ-യങ്ങേയ്ക്കരിശം
ചേർത്തകടത്താലെൻതല താഴ്ത്തരുതേ-വിധിഗേഹേ
മോചനയോഗ്യതയില്ലെങ്കിലു-മെന്നിലിരിക്കും
നിൻതിരുമെയ്യും രക്തവുമോർത്തെൻമേൽ-കൃപ ചെയ്ക.
നിൻ സ്നേഹാൽ- സ്ലീബാ ഞാൻ കൂപ്പി;
പിഴപോക്കി- നിൻ മെയ് രുധിരങ്ങൾ.
ഹിതമൊടുകരുണാമയനീശോ മമ നൽകുക- മുക്തി.

കരുണാമയനായ യേശുവേ, എന്റെ പാപത്തിൽനിന്ന് എനിക്ക് മോചനം തരണമേ. എനിക്ക് മോചനത്തിന് അർഹതയില്ല. എങ്കിലും എനിക്കുവേണ്ടി നീ കുരിശിൽ ചിന്തിയ രക്തത്താൽ, എനിക്കുവേണ്ടി മുറിക്കപ്പെട്ട നിന്റെ തിരുശരീരത്താൽ, നീ എന്നെ സ്നേഹിച്ച് നിന്നെത്തന്നെ എനിക്കു വേണ്ടി യാഗമർപ്പിച്ചു എന്നുള്ളതിന്റെ പേരിൽ ഞാൻ തിരുമുമ്പാകെ യാചിക്കുന്നു. എനിക്ക് നീ മോചനം തരണമേ.

സഹോദരങ്ങളേ, ഈ മുക്തി നം പ്രാപിക്കണ്ടേ? ഈ ലോകത്ത് ജീവിക്കുമ്പോൾ ഈ മുക്തി പ്രാപിക്കാതെ നാം കടന്നുപോയാൽ, ഈ ശാപങ്ങളിൽനിന്നും പാപങ്ങളിൽനിന്നും മോചനം പ്രാപിക്കാതെ കടന്നുപോയാൽ ന്യായവിസ്താര

ദിവസത്തിൽ നാം എങ്ങനെ തിരുമുമ്പാകെ നിൽക്കും? അവന്റെ തിരുസന്നിധിയിൽ ആർക്കു നില്പാൻ പറ്റും? ആ ദിവസത്തെ നമുക്കെങ്ങനെ നേരിടാൻ പറ്റും?

നിങ്ങൾ ഇപ്പോൾ പ്രാർത്ഥിക്കണം: കർത്താവേ, എന്റെ ജീവിതത്തിൽ അനേകമനേകം പാപങ്ങൾ എനിക്കു വന്നുപോയി. എനിക്കു നീ മോചനം തരണമേ. എന്റെ ജീവിതത്തിൽ അറിഞ്ഞും അറിയാതെയും എന്റെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും പാപങ്ങൾ വന്നുപോയി. ഞാൻ എന്നെ ത്തന്നെ പാപത്തിന് വിട്ടുകൊടുത്തുപോയി. എന്റെ പാപങ്ങൾ എന്നോടു ക്ഷമിക്കണമേ.

ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം പാപമോചനം കിട്ടുക എന്നുള്ളതാണ്. കഴിഞ്ഞകാല ജീവിതം കഴുകപ്പെട്ടു കിട്ടുക! എല്ലാം കഴുകിത്തരുന്ന സ്നേഹം! നമ്മുടെ ജീവിതത്തിൽ എന്തെല്ലാം അരുതായ്കകളാണ് വന്നത്? എന്തെല്ലാം വൃത്തികേടുകളാണ് സംഭവിച്ചത്? പുറത്താരും അറിഞ്ഞിട്ടില്ലാത്ത തെറ്റുകൾ നിങ്ങൾക്കു സംഭവിച്ചിട്ടില്ലേ?

ഒരു പക്ഷേ, ആരും അറിഞ്ഞില്ല. ആരും കണ്ടില്ല, കേട്ടില്ല. എങ്കിലും സ്നേഹിതാ, നിന്റെ ജീവിതത്തിലെ പാപങ്ങളെല്ലാം കണ്ട ജീവനുള്ള ദൈവം സ്മരണയുടെ പുസ്തകത്തിൽ എല്ലാം എഴുതിവച്ചിരിക്കുന്നു. ഓർമ്മയുടെ പുസ്തകത്തിൽ എല്ലാം രേഖപ്പെടുത്തിവച്ചിരിക്കുന്നു. അവസാന ന്യായവിധി ദിവസം എല്ലാം വായിച്ചുകേൾപ്പിക്കും.

എല്ലാം കേൾക്കുന്ന ഒരുദിവസം! ആബാലവൃദ്ധം എല്ലാവരും കൂടിയിരിക്കുന്ന ആ ന്യായവിസ്താരദിവസം നമ്മുടെ പാപങ്ങളെല്ലാം വായിച്ചു കേൾപ്പിക്കും. ഇവിടെ വച്ച് മോചനം കിട്ടാത്തതുകൊണ്ടാണ് അവിടെ വായിച്ചു കേൾപ്പിക്കുന്നത്. എന്നാൽ ഇവിടെവച്ച് മോചനം കിട്ടിയാലോ, ഒന്നും അവിടെ കാണുകയില്ല. എല്ലാ കടച്ചീട്ടും ഇവിടെവച്ചു

തന്നെ കീറിക്കഴിഞ്ഞിരിക്കുന്നു. പാപങ്ങളെല്ലാം മോചിച്ചു തന്നിരിക്കുന്നു. ശുദ്ധവും നിർമ്മലവുമായി ഹൃദയം മാറിയിരിക്കുന്നു. ജീവിതം കഴുകപ്പെട്ടിരിക്കുന്നു. യേശുവിന്റെ തിരുമുമ്പാകെ ചെല്ലുമ്പോൾ പ്രസന്നതയോടെ നമുക്ക് നില്ക്കാം. എന്താണതിനുള്ള യോഗ്യത? ഇതു പ്രാപിപ്പാനുള്ള യോഗ്യതയെന്താണ്?

ഒരേയൊരു യോഗ്യത, യേശുവിന്റെ രക്തം എനിക്കുവേണ്ടി ചിന്തി. എന്റെ പുണ്യകർമ്മങ്ങൾ കൊണ്ടല്ല, എന്റെ മനോഗുണ പ്രവൃത്തികൾകൊണ്ടല്ല, എന്റെ പ്രാർത്ഥനയുടെ മേന്മകൊണ്ടല്ല, എന്റെ നമസ്ക്കാരത്തിന്റെ പ്രത്യേകതകൊണ്ടല്ല, എന്റെ ജാഗരണംകൊണ്ടല്ല, എന്റെ യാതൊരു നന്മയുംകൊണ്ടല്ല. എന്നിൽനിന്ന് വരാവുന്നത് തിന്മ മാത്രമേയുള്ളൂ. ഞാൻ തിന്മ മാത്രമായൊരു മനുഷ്യനാണ്. എന്നാൽ യേശുവേ, നിന്റെ കുറ്റമില്ലാത്ത രക്തം എനിക്കുവേണ്ടി ചിന്തിയതിനാൽ ആ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ട് ഞാനിതാ തിരുമുമ്പാകെ വരുന്നു.

ഞാനീ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ യേശുവേ, നീ എന്റെ സമീപത്തുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നീ എന്നെ സ്നേഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ തൃക്കരം എന്റെ നേരെ നീട്ടണമേ. ആ തൃക്കരം, എനിക്കു വേണ്ടി ആണിയടിച്ച് തകർന്ന കരം ഇപ്പോൾ എന്റെ നേരെ നീട്ടി എന്നെ ഒന്നു തൊടണമേ. എന്റെമേൽ ആ തൃക്കരം വച്ച് എന്നെ ഒന്ന് അനുഗ്രഹിക്കണമേ. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം നീ എനിക്കു ക്ഷമിച്ചു തരണമേ.

എന്റെ പ്രിയ സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കുമോ? പാപമോചനം പ്രാപിക്കുമോ? സൂക്ഷ്മത്തോടെ നടപ്പാൻ നിങ്ങൾ തുടങ്ങുമോ? യേശുവിനോടു ചേർന്നു നടപ്പാൻ നിങ്ങൾ ശ്രമിക്കുമോ? യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കുമോ?

അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പിൻ. അതാണ് എട്ടാമത്തെ കാര്യം. ജ്ഞാനികളായിട്ടു നടക്കുന്നു. എന്താണ് ജ്ഞാനം?

**"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു."**
**സദൃശവാക്യങ്ങൾ 1 : 7**

ദൈവത്തോടുള്ള ഭക്തിയാണ് ജ്ഞാനം.

**"കർത്താവിനോടുള്ള ഭക്തി തന്നേ ജ്ഞാനം; ദോഷം അകന്നു നടക്കുന്നതു തന്നേ വിവേകം." ഇയ്യോബ് 28 : 28**

നാം ജ്ഞാനികളായിരിക്കണം. വിവേകികളായിരിക്കണം. ഉയർന്ന ഡിഗ്രികൾ ഇല്ല എന്നു വന്നേക്കാം. വലിയ വിദ്യാഭ്യാസം ഇല്ലെന്നു വന്നേക്കാം. നമുക്ക് ഇംഗ്ലീഷ് പരിജ്ഞാനമില്ലെന്നു വന്നേക്കാം. വിവിധ ഭാഷകൾ നമുക്കറിയാൻ പാടില്ല എന്നു വന്നേക്കാം. നമുക്കു ശാസ്ത്രജ്ഞാനമില്ല, ഒന്നും ബുദ്ധിപൂർവ്വം ചിന്തിക്കാനുള്ള കഴിവില്ല എന്നു വന്നേക്കാം. ഒന്നും സാരമില്ല.

പാവപ്പെട്ട മുക്കുവത്തൊഴിലാളികളെപ്പിടിച്ച് മനുഷ്യരെ പിടിക്കുന്നവരാക്കിത്തീർത്ത കർത്താവായ യേശുക്രിസ്തു! എട്ടും പൊട്ടും തിരിയാത്ത സാധുക്കളായ മുക്കുവത്തൊഴിലാളികളിൽ നിന്നുകൊണ്ട് ലോകത്തെ കീഴ്മേൽ മറിച്ച കർത്താവായ യേശുക്രിസ്തു, മകനേ, നീ ഒരാളിൽ നിന്നുകൊണ്ട് ചില അത്ഭുതങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ട്. യൗവ്വനക്കാരാ, നീ ഒരാളിൽ നിന്നുകൊണ്ട് ഈ തലമുറയിൽ ചില അത്ഭുതങ്ങൾ ചെയ്യാൻ ദൈവത്തിന് ആഗ്രഹമുണ്ട്. അനേകർ യേശുവിനോടുകൂടെ നടക്കുന്നവരായിത്തീരാൻ നിന്നിൽ യേശു ആശയോടെ നോക്കുകയാണ്.

നീ അവർക്കൊരു പ്രചോദനമായിത്തീരാൻ, നീ അവർക്കൊരു പ്രേരണയായിത്തീരാൻ, ആവേശമായിത്തീരാൻ കർത്താവ് നിന്നിലേക്ക് ആശയോടെ നോക്കുകയാണ്. സമൂഹത്തിന് നീയൊരു ആവേശത്തിരയായി ഉയർന്നു വരട്ടെ. നീ

അനേകർക്ക് സ്വാധീന ശക്തിയായി വളരുവാൻ ഇടയാകട്ടെ. നിന്റെ ജീവിതം ധന്യമാകട്ടെ. അനേകർ യേശുവിനെ കാണാൻ, യേശുവിന്റെ കൂടെ നടക്കാൻ ഇടവരട്ടെ. നീ യേശുവിനോടുകൂടെ നടക്കുക. അനേകർ ചേർന്ന് നടക്കുന്നതുകണ്ട് നിനക്ക് ദൈവത്തെ സ്തുതിക്കാൻ കഴിയും.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു. നമുക്കും ദൈവത്തോടുകൂടെ നടക്കാം, നമുക്കും വിശ്വാസികളാകാം. നമുക്കും പെട്ടകം ഒരുക്കുന്ന അത്ഭുതശുശ്രൂഷയിൽ പങ്കാളികളാകാം. നമുക്ക് പെട്ടകത്തിലേക്ക് അനേകരെ ക്ഷണിക്കാം. സ്വർഗ്ഗം ഒരുക്കിയ പെട്ടകത്തിലേക്ക് അനേകരെ നമുക്ക് ക്ഷണിക്കാം. കർത്താവായ യേശുവാകുന്ന പെട്ടകത്തിലേക്ക് അനേകരെ നമുക്ക് ആനയിക്കാം. അനേകരെ വിളിച്ചുകൊണ്ടുവരാം.

അനേകർ പരിഹസിച്ചാലും അനേകർ അപമാനിച്ചാലും പലരും അവഹേളിച്ചാലും നിങ്ങൾ തളരാതെ, വാടാതെ ഓരോരുത്തരും പുതിയ തീരുമാനത്തോടെ പുതിയശക്തിയോടെ നിങ്ങൾ ദൈവസന്നിധിയിൽ പുതിയ പ്രതിഷ്ഠയോടെ വരുവിൻ. യേശുവിനുവേണ്ടി ഈ തലമുറയിൽ എഴുന്നേറ്റു നിൽക്കുവിൻ. യേശുവിനുവേണ്ടി നിങ്ങൾ അടരാടുവിൻ. യേശുവിനുവേണ്ടി ഓടുവിൻ. യേശുവിനുവേണ്ടി യുദ്ധക്കള ത്തിലേക്കിറങ്ങുവിൻ.

പൈശാചികശക്തിയോടുള്ള യുദ്ധം! സാത്താന്യസേന യോടുള്ള യുദ്ധം! പാപത്തോടുള്ള യുദ്ധം! ദുർന്നടപ്പുകളോടുള്ള യുദ്ധം! തിന്മപ്രവൃത്തികളോടുള്ള യുദ്ധം! പാപത്തോട് സന്ധിയില്ലാത്ത സമരത്തിൽ ഏർപ്പെട്ടുകൊണ്ട് പുതിയ ജീവിതം നിങ്ങൾ തുടങ്ങുവിൻ. നിങ്ങളുടെ കൈകൾ ശുദ്ധമായിത്തീരട്ടെ. കൈകൾ കറതീർന്നതായിത്തീരട്ടെ. നിങ്ങളുടെ ജീവിതം സംശുദ്ധമായിത്തീരട്ടെ. ഹൃദയം ശുദ്ധമായിത്തീരട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നമുക്ക്

പ്രാർത്ഥിക്കാം.

മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അവിടുത്തെ ജീവദായകമായ തിരുമൊഴികൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇപ്പോൾ തിരുമുമ്പാകെ പ്രാർത്ഥിച്ച പ്രിയപ്പെട്ടവരുടെമേൽ തൃക്കരം വയ്ക്കണമേ. രോഗികൾ ഉണ്ടല്ലോ. മനസ്സു നൊന്തിരിക്കുന്നവരുണ്ടല്ലോ. ദു:ഖവിവശരായിരിക്കുന്നവരുണ്ടല്ലോ. പ്രിയപ്പെട്ടവർ വാങ്ങിപ്പോയതിൽ അതിദു:ഖത്തോടെ വിലപിച്ചു കൊണ്ടിരിക്കുന്നവരുണ്ടല്ലോ. നാഥാ, എല്ലാവരേയും തലോടണമേ. എല്ലാവരേയും താങ്ങണമേ. എല്ലാവരേയും ആശ്വസിപ്പിക്കണമേ.

നിന്റെ മക്കൾക്ക് ആശ്വാസം നൽകണമേ. അനുഗ്രഹിക്കണമേ, ബാധകൾ മാറ്റണമേ, ബന്ധനങ്ങൾ അഴിക്കണമേ. പൈശാചിക ബന്ധനങ്ങളെ തകർത്ത് എല്ലാവരേയും മോചിപ്പിക്കണമേ. പാപക്ഷമ നൽകണമേ. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം നൽകണമേ. നിത്യജീവന്റെ ഉറപ്പ് നൽകണമേ. എല്ലാവരേയും നിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കണമേ. യേശുവിൻ നാമത്തിൽത്തന്നെ, ആമേൻ.

# പതിമൂന്ന്

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ."**

**എഫേസ്യർ 5 : 15**

യേശുക്രിസ്തുവിനോടുള്ള ഭക്തി, അതാണ് സാക്ഷാത്തായ ജ്ഞാനം.

നാം ദൈവവിഷയമായി മനംതിരിയുമ്പോൾ ഇതുവരെയും നമുക്കു ലഭിച്ചിട്ടില്ലാത്ത പുതിയ ജ്ഞാനം നമുക്കു ലഭിക്കുകയാണ്. പുതിയ പരിജ്ഞാനം, പുതിയ സംസ്ക്കാരം, പുതിയ പരിഷ്ക്കാരം, പുതിയ മാന്യത നമുക്ക് ലഭിക്കുകയാണ്. നമ്മുടെ ഹൃദയം സംശുദ്ധമായിത്തീരുന്നു.

നമ്മുടെ ജീവിതം ക്രിസ്തുവിലേക്ക് തിരിയുമ്പോഴേക്കും മാനവിക സംസ്ക്കാരത്തിന് അഭ്യുന്നതി കൈവരുന്നത് നമുക്കു കാണാൻ സാധിക്കും. നമ്മുടെ മന:സംസ്ക്കാരം വർദ്ധിക്കും. വായിച്ചു പഠിച്ചുള്ള സംസ്ക്കാരമല്ല, വായിച്ചു പഠിച്ചുള്ള ജ്ഞാനമല്ല; ദൈവത്തിങ്കലേക്ക് തിരിയുന്ന, ആത്മാർത്ഥമായി വിശ്വാസജീവിതം നയിക്കുന്ന, വാസ്തവമായി ക്രിസ്തുവിനെ അനുഭവിച്ചു ജീവിക്കുന്ന ദൈവമക്കളിൽ പ്രകടമായ പരിജ്ഞാനം നമുക്കു കാണാൻ സാധിക്കും. അവരെപ്പോഴും വിവേകമുള്ളവരായിരിക്കും.

അവർ വലിയ വിദ്യാഭ്യാസമുള്ളവരാകണമെന്നില്ല. വലിയ പഠിപ്പുള്ളവരാകണമെന്നില്ല. ഉണ്ട്, അവരുടെ ജീവിതത്തിൽ ഒരു പക്വതയും പാകതയും! എല്ലാറ്റിനും ഒരു

വിവേകവും വകതിരിവുമുണ്ടായിരിക്കും. അവർക്ക് പരിജ്ഞാനത്തോടെ എല്ലാ രംഗത്തും നിൽക്കാൻ സാധിക്കും. അത് ദൈവമക്കൾക്കുള്ള ഒരു പദവിയാണ്.

എങ്ങനെയാണ് ഒരാളോട് സംസാരിക്കേണ്ടത്? ആരെങ്കിലും സംസാരിക്കുമ്പോൾ, പറയുന്നത് കേൾക്കാൻ നാം തയ്യാറാകണം. ഇടയ്ക്കുകയറി അങ്ങോട്ടൊന്നും സംസാരിക്കരുത്. ഒരു വീട്ടിൽ ചെന്നാൽ എങ്ങനെയാണ് പെരുമാറേണ്ടത്? അപരിചിതനായ ഒരാളെ കാണുമ്പോൾ എങ്ങനെയാണ് ഇടപെടേണ്ടത്? എല്ലാ കാര്യങ്ങളിലും നമുക്ക് വ്യക്തമായ ഒരു പരിജ്ഞാനവും സുബോധവും സാംസ്കാരിക ഭദ്രതയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നൽകുകയാണ്.

നമ്മുടെ കൂടെ യേശുവുണ്ടെന്നുള്ളത് എന്തൊരു വലിയ ധൈര്യമായിരിക്കും! ഏതു ദുർഘടങ്ങളിലൂടെ നാം പോകുമ്പോഴും, ഏതു പ്രതിസന്ധികളിലൂടെ പോകുമ്പോഴും, ഏതു പ്രശ്നങ്ങളെ നാം അഭിമുഖീകരിക്കുമ്പോഴും അപ്പോഴെല്ലാം എന്റെ കൂടെ എനിക്ക് ഒരാലോചനക്കാരനായി ഒരാളുണ്ട്. എനിക്ക് തക്കസമയത്ത് ആലോചന പറഞ്ഞുതരാനൊരാളുണ്ട്. അത് നിത്യപരിശുദ്ധനായ കർത്താവായ യേശുക്രിസ്തുവാണ്.

അവൻ സർവ്വജ്ഞാനിയായ, സർവ്വവല്ലഭനായ ദൈവമാണ്. അവൻ എന്നോടുകൂടെ ഇരിക്കുന്നു. അവൻ എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നു. എന്റെ ഓർമ്മശക്തിയെ ഉദ്ദീപിപ്പിക്കുന്നു. അവൻ എന്റെ ഹൃദയത്തെ മികവുള്ളതും മിഴിവുള്ളതുമാക്കി ത്തീർക്കുന്നു. എന്റെ ചിന്താധരണിയെ അവൻ നിർമ്മലീകരിക്കുന്നു. എന്റെ മനസ്സിനെ അവൻ ശുദ്ധീകരിക്കുന്നു. എന്റെ മനസ്സിനെ അവൻ പവിത്രമാക്കുന്നു.

എന്തൊരനുഭവമാണത്! പ്രിയപ്പെട്ടവരേ, ഈ അനുഭവമാണ് ക്രിസ്തുവിനോടു കൂടെയുള്ള ജീവിതം എന്ന് പറയുന്നത്.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ

ദൈവത്തോടുകൂടെ നടന്നു. അത് ജ്ഞാനത്തിന്റെ നടപ്പാണ്. ക്രിസ്തുവിന്റെ കൂടെ നടക്കുമ്പോൾ ഏകാകിത മാറിപ്പോകുന്നു. നമ്മുടെ ഏകാന്തത, കൂടെ ആരുമില്ല എന്നുള്ള തോന്നൽ ഇല്ലാതാകുന്നു. ഒരാൾ കൂടെയുണ്ട് എന്നുള്ള അറിവ്, അനുഭവം നമുക്കുണ്ടാകുന്നു. വെറും അറിവല്ല, അത് ജീവിതത്തിൽ നിരന്തരം നമ്മെ നയിക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

**"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റേമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും." സങ്കീർത്തനങ്ങൾ 32 : 8**

എത്ര കൃത്യമാണത്! വ്യക്തമാണത്! ഓരോ ചുവടുവെപ്പിലും നമ്മെ നിയന്ത്രിക്കാനും നടത്താനും നമ്മെ ഭരിക്കാനും നമുക്ക് ഒരു ഉടയവനുണ്ട് എന്നുള്ളത് എന്തൊരു ശക്തിയും ആവേശവുമാണ്! അതാണ് ക്രിസ്തീയജീവിതത്തിന്റെ ശക്തി.

ഞാൻ വായിച്ചു. ഒരു ട്രെയിൻ. അത് അവസാനം നിർത്തുന്നത് വെല്ലിംഗ്ടൺ ഐലന്റിലാണ്. എറണാകുളത്ത് നിർത്തുമ്പോൾ മിക്കവാറും യാത്രക്കാരെല്ലാം ഇറങ്ങിക്കഴി ഞ്ഞിരിക്കും. പിന്നെ കാര്യമായിട്ട് യാത്രക്കാരൊന്നുമില്ല. എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷനിൽ നിന്ന് ആ ട്രെയിൻ വിടാറായപ്പോൾ ഒരു കൊച്ചുകുട്ടി മാത്രമുണ്ട് ഒരു കമ്പാർട്ടുമെന്റിൽ. ആറുവയസ്സുള്ള ഒരു കൊച്ചുകുട്ടി. വേറെ ആരുമില്ല. ഒരാൾ ചോദിച്ചു: 'മോനേ, നീ ഒറ്റയ്ക്കാണല്ലോ. നിനക്ക് തനിയെ ഇരിക്കാൻ പേടിയാവുകയില്ലേ? വേറെ ആരും ഇല്ലല്ലോ ഈ കമ്പാർട്ടുമെന്റിൽ. ഈ ട്രെയിനിൽത്തന്നെ കാര്യമായിട്ടാരും ഇല്ല. നിനക്ക് പേടിയാവുകയില്ലേ?'

'ഇല്ല'

'അതെന്താ നിനക്കു പേടിയില്ലാത്തത്?'

'ഈ ട്രെയിൻ ഓടിക്കുന്നത് എന്റെ അപ്പനാണ്. ഞാൻ എഞ്ചിൻറൂമിന്റെ തൊട്ടുപിറകിലത്തെ കമ്പാർട്ടുമെന്റിലാണ്.

എന്റെ അപ്പനാണ് ഈ ട്രെയിൻ ഓടിക്കുന്നത്.'

പ്രിയപ്പെട്ടവരേ, ആ മോന്റെ ധൈര്യം. ആ കുട്ടിയുടെ ഉറപ്പ്. അവന്റെ അപ്പന്റെ കൈയിലാണ് ട്രെയിനിന്റെ നിയന്ത്രണം. അപ്പനാണ് ട്രെയിൻ ഓടിക്കുന്നത്. അവന് നല്ല ധൈര്യമുണ്ട്. അവൻ ഏകനല്ല. ആ ട്രെയിനിൽ അവനുവേണ്ടി കരുതുന്ന, അവനെ സ്നേഹിക്കുന്ന അവന്റെ അപ്പനുണ്ട്. അപ്പന്റെ നിയന്ത്രണത്തിലാണ് ആ ട്രെയിൻ.

നമ്മുടെ ജീവിതത്തിൽ അതുവേണം. എന്റെ ജീവിതത്തെ നിയന്ത്രിക്കാൻ ഒരാളുണ്ട്. നിങ്ങൾക്ക് അങ്ങനെ ഒരുറപ്പുണ്ടോ? ജീവിതത്തെ നിയന്ത്രിക്കുന്ന, എന്നെ നേർപാതയിൽ നടത്തുന്ന ഒരാളുണ്ട് എന്ന ഉറപ്പ്.

"നിന്റെ ആത്മാവ് നേർനിലത്തിൽ എന്നെ നടത്തുമാറാകട്ടെ" എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിച്ചു. നേർനിലത്തിൽ നടത്തുന്നു. ശുഭകരമായി നടപ്പാൻ നമ്മെ അഭ്യസിപ്പിക്കുന്നു.

**"കർത്താവ് നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽനിന്നു കേൾക്കും."**

**യെശയ്യാവ് 30 : 20, 21**

എന്തൊരു ധന്യമായ അനുഭവമാണത്? ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ ആരെങ്കിലും ഈ വാക്കുകൾ വായിക്കുന്നുണ്ടോ? അപകർഷതാബോധമുള്ളവർ ആരെങ്കിലും ഈ വാക്കുകളെ വായിക്കുന്നുണ്ടോ? എനിക്ക് വിദ്യാഭ്യാസമില്ല, എനിക്ക് പഠിപ്പില്ല, എനിക്ക് ആരോഗ്യമില്ല, എനിക്ക് സൗന്ദര്യമില്ല, എനിക്ക് കഴിവില്ല, ഒരു കാര്യവും തന്നത്താൻ ചെയ്യാൻ പ്രാപ്തിയില്ല, ഞാൻ ഒരു പാവമായിപ്പോയില്ലേ? ഇങ്ങനെ

നിരാശയിൽ ജീവിതം വലഞ്ഞു പോയവർ, മനസ്സു മടുത്തു പോയവർ ഈ വാക്കുകൾ വായിക്കുന്നുണ്ടോ? സ്നേഹിതരേ, നിങ്ങൾ നിരാശപ്പെടേണ്ട. നിങ്ങൾക്ക് ഒരു ആലോചനക്കാരനുണ്ട്.

ഇയ്യോബ് പറയും:

"എന്റെ സാക്ഷി സ്വർഗ്ഗത്തിലുണ്ട്. എന്റെ ജാമ്യക്കാരൻ ഉയരത്തിലുണ്ട്." എനിക്ക് ഒരു അഡ്വക്കേറ്റുണ്ട് ഉയരത്തിൽ. എന്റെ കാര്യം അന്വേഷിക്കാൻ, എന്റെ കാര്യം ഏറ്റെടുത്തു നടത്താൻ ഒരാളുണ്ട്. ഈ ഉറപ്പ് നമ്മെ നയിക്കട്ടെ. അതാണ് ദൈവത്തോടുകൂടെ നടക്കുക എന്നുപറയുന്നത്.

ഞാൻ വീണ്ടും വായിച്ചു: രണ്ടാം ലോകമഹായുദ്ധം നടക്കുകയാണ്. യുദ്ധം അതിന്റെ അവസാനഘട്ടത്തിലേക്ക് വന്നു. ഇംഗ്ലണ്ട് പിടിക്കപ്പെടും എന്നുള്ള നിലയായി. ഉടനെ ഇംഗ്ലണ്ടിലെ മഹാരാജാവ് രാജ്യത്താകെ പ്രസിദ്ധപ്പെടുത്തി. ഒരു സുരക്ഷിതസ്ഥാനത്തേക്ക് കുട്ടികളെയെല്ലാം മാറ്റിപ്പാർപ്പിക്കുകയാണ് നല്ലത് എന്ന്.

ഒരപ്പനും അമ്മയും കൂടെ തങ്ങളുടെ മകനെയും മകളെയും കൊണ്ടുവന്ന് ട്രെയിനിൽ കയറ്റി. കൊച്ചു കുട്ടികളാണ്. ഇളയകുഞ്ഞ് ഉച്ചത്തിൽ കരയുന്നു. അപ്പനും അമ്മയും സങ്കടത്തോടെ അവരോട് യാത്ര പറഞ്ഞു. എങ്ങോട്ടാണ് പോകുന്നത്? ഇനി കാണുമോ? അറിയാൻ പാടില്ല. അപ്പനും അമ്മയും യുദ്ധത്തിൽ മരിക്കാൻ പോകുകയാണോ? ഈ മക്കൾ എവിടെ ചെന്നുചേരും? അവർക്കറിയാൻ പാടില്ല.

ഇളയകുഞ്ഞ് വാവിട്ട് കരയുകയാണ്. മൂത്ത കുഞ്ഞ് ഒരുവിധം ആശ്വസിപ്പിക്കാൻ നോക്കുന്നുണ്ട്. പക്ഷേ, അവനും ഏങ്ങലടിച്ചു കരയുകയാണ്. ഇളയകുഞ്ഞ് പറഞ്ഞു: അയ്യോ, അപ്പനും അമ്മയും പോയല്ലോ, ഇനി എന്തു ചെയ്യും? അയ്യോ, നമ്മൾ ഒറ്റയ്ക്കായിപ്പോയല്ലോ.

മൂത്തമകൻ പറഞ്ഞു: 'മോളേ, നീ കരയാതിരിക്ക്.'

'അല്ല, നമുക്കാരാ കൂടെയുള്ളത്? നാമെങ്ങോട്ടാ പോകുന്നത്?'

'മോളേ, അത് എനിക്കും അറിയാൻ പാടില്ല; പക്ഷേ, നമ്മൾ എങ്ങോട്ടാ പോകുന്നതെന്ന് നമ്മളെ അയച്ച രാജാവിനറിയാം.'

ഞാനിത് വായിച്ചപ്പോൾ ഓർത്തു: നമ്മെ അയച്ച രാജാവിനറിയാം നമ്മൾ എങ്ങോട്ടാണ് പോകുന്നതെന്ന്, നമ്മെ ഏതിലെയൊക്കെ കൊണ്ടുപോകണമെന്ന്. വിശ്വസിക്കൂ, നിങ്ങളെ നടത്താൻ ഒരു രാജാവുണ്ട്. നിങ്ങൾ ഏകാകികളല്ല. നിങ്ങൾ അനാഥരല്ല. നിങ്ങൾ അഗതികളല്ല. നിങ്ങൾ ഒറ്റപ്പെട്ടവരല്ല. നടത്താൻ ഒരു യജമാനനുണ്ട്. നടത്താൻ ഒരു കർത്താവുണ്ട്. നടത്താൻ ഒരു യേശുവുണ്ട്. അവനറിയാം നമ്മെ എവിടെ എത്തിക്കാമെന്ന്; എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന്. ഈ ഉറപ്പാണ് നമുക്ക് വേണ്ടത്.

ആഫ്രിക്കയുടെ വടക്കേ ഭാഗത്തുള്ള ഒരു രാജ്യമാണ് ലിബിയ. ലിബിയായിൽ ട്രിപ്പോളി എന്നുപറയുന്ന ഒരു സ്ഥലമുണ്ട്. ട്രിപ്പോളിയുടെ പണ്ടത്തെ പേര് കുറേനെ എന്നാണ്. വേദപുസ്തകത്തിൽ കുറേനെ എന്ന വാക്കു നിങ്ങൾ കേട്ടിട്ടുണ്ടാകും. കുറേനക്കാരനായ ശീമോൻ. ഈ ട്രിപ്പോളിയിൽ (കുറേനയിൽ) യെരൂശലേമിൽ നിന്ന് കുറെ യഹൂദന്മാർ കുടിയേറിപ്പാർത്തിരുന്നു. യെരൂശലേമിലാണ് അവരുടെ സ്വന്തം വീട്. പക്ഷേ, അവർ യെരൂശലേമിൽ നിന്ന് ആഫ്രിക്കയിൽ വന്ന് കുടിയേറിപ്പാർത്തു. അവർ ആണ്ടിൽ ഒരിക്കൽ യെരൂശലേമിലെ ദേവാലയത്തിൽ പെസഹാ പെരുന്നാളിന് ചെല്ലും. അങ്ങനെ ചെന്നയാളാണ് കുറേനക്കാരനായ ശീമോൻ.

കുറേനക്കാരനായ ശീമോൻ അന്ന് ആ തെരുവിലൂടെ നടക്കുമ്പോൾ വലിയ ഒരു കോലാഹലം കേൾക്കുന്നു. വലിയൊരു ആരവാരം. വലിയ ബഹളം. ഏതെല്ലാമോ വലിയ അട്ടഹാസങ്ങളും ഗർജ്ജനങ്ങളും കേൾക്കുന്നു. ആളുകൾ കൂക്കി വിളിക്കുന്നു. വലിയ ശബ്ദകോലാഹലം. എന്താണെ

ന്നറിയാൻ അടുത്ത് ചെന്നപ്പോഴുണ്ട് ഒരാൾ ആസകലം അടിയേറ്റ് ചോര ചിന്തി ശരീരത്തിലെ വസ്ത്രങ്ങളെല്ലാം ചോര ഇഴുകിച്ചേർന്നു പിടിച്ച് ആസകലം വ്രണപ്പെട്ടവനായി, അർദ്ധനഗ്നനായി കുരിശും ചുമന്നുകൊണ്ടുപോകുന്നു.

ശീമോന് സങ്കടം തോന്നി. എങ്ങനെയെന്നറിഞ്ഞില്ല, ഏതോ ഒരു പ്രത്യേക ശക്തിക്കു വിധേയപ്പെട്ടതുപോലെ കുറേനക്കാരനായ ശീമോൻ ചേർന്നു നടന്നു. പെട്ടെന്നാണ് സംഭവിച്ചത്. ആ പടയാളികൾ കുരിശിന്റെ ഒരറ്റം ശീമോന്റെ തോളിലേക്ക് വച്ചു. ശീമോൻ അറിഞ്ഞില്ല, അന്ന് യേശുവിന്റെ കുരിശ് ശീമോൻ വഹിക്കാൻ തയ്യാറായപ്പോൾ ശീമോന്റെ ജീവിതവും ശീമോന്റെ ഭാര്യയും ശീമോന്റെ മക്കളുമെല്ലാം യേശുവിന്റെ അനുഗ്രഹം നേടുകയായിരുന്നു എന്ന്.

യേശുവിനോടു ചേർന്ന് ശീമോൻ നടക്കുകയാണ്. യേശു കുരിശുംപേറി ഗോഗുൽത്താക്കുന്ന് കയറുന്നു. കാൽവറിമലയിലേക്ക് പ്രാഞ്ചി പ്രാഞ്ചി യേശു കയറി പ്പോകുന്നു. ശീമോൻ ആ കുരിശിന്റെ അറ്റം താങ്ങിക്കൊണ്ട് പിറകെ നടക്കുന്നു.

അനുതപിച്ച കള്ളനോട് കുരിശിന്മേൽ കിടക്കുമ്പോൾ യേശു സംസാരിച്ചു; താഴ്വരയിലുള്ള അമ്മയോടു സംസാരിച്ചു. കുരിശിന്റെ ചുവട്ടടിയിൽ നിന്ന ശിഷ്യനോട് സംസാരിച്ചു. പിറകെ കരഞ്ഞുകൊണ്ടുവരുന്ന യെരൂശലേം പുത്രിമാരോട് സംസാരിച്ചു. കുറേനക്കാരനായ ശീമോനോട് എന്തെങ്കിലും പറഞ്ഞതായി നാം കാണുന്നില്ല. ആ കുരിശിന്റെ അറ്റം വഹിച്ചുകൊണ്ട് ശീമോൻ ചേർന്നു നടക്കുകയാണ്. നമുക്കറിഞ്ഞുകൂടാ, എന്തെങ്കിലും യേശു പറഞ്ഞോ എന്ന്.

വേദപുസ്തകം ഒന്നും പറയുന്നില്ല. എന്തെങ്കിലും പറഞ്ഞു കാണുമോ? പറഞ്ഞുകാണുമെന്നാണ് നമുക്ക് മാനുഷികമായി ചിന്തിക്കാൻ പറ്റൂ. എന്തെങ്കിലും പറഞ്ഞു കാണും. യേശുവിന്റെ

വേദന പറഞ്ഞുകാണും. യേശുവിന്റെ സങ്കടം പറഞ്ഞുകാണും. ശീമോൻ ഏങ്ങലടികളോടെ കേട്ടുകാണും. അല്ല, യേശു ഒന്നും പറഞ്ഞില്ലെങ്കിലും ശീമോന്റെ ഉള്ളത്തിൽ ഏങ്ങലടികൾ ഉയർന്നു കാണും. ശീമോൻ കുരിശിന്റെ ഭാരമറിയാതെ യാത്ര ചെയ്തു കാണും.

പ്രിയപ്പെട്ടവരേ, ഇങ്ങനെ നമുക്ക് ധ്യാനിക്കുന്നതിൽ തെറ്റില്ല. കർത്താവായ യേശുവിന്റെ ശരീരത്തിലുള്ള അല്പവസ്ത്രം ചോരപുരണ്ടതാണ്. യേശുവിന്റെ കുരിശ് ശീമോന്റെ ചുമലിലേക്ക് വച്ചപ്പോൾ ആ ചോര പുരണ്ട വസ്ത്രത്തിൽ ശീമോൻ മുട്ടിക്കാണുമോ? അതോ, ആ കുരിശിൽ നിന്ന് ഒഴുകി വരുന്ന ചോര ശീമോന്റെ വസ്ത്രത്തിലേക്ക് പയ്യെ തുള്ളി തുള്ളിയായി വീണു കാണുമോ?

ഇപ്പോൾ എനിക്കൊരാശയുണ്ട്. സഹോദരങ്ങളേ, നിങ്ങൾ ദൈവത്തോടുകൂടെ നടക്കാൻ തുടങ്ങിയാൽ അവന്റെ തിരുവസ്ത്രത്തിൽ നിന്ന് നിങ്ങളുടെ ശരീരത്തിലേക്ക് തിരുരക്തം പകരും. ആ വ്രണപ്പെട്ട ശരീരത്തിലെ തിരുരക്തം നിങ്ങളിലേക്ക് പയ്യെപ്പയ്യെ കിനിഞ്ഞ് കിനിഞ്ഞ് ഇറങ്ങും. നിങ്ങളുടെ ശരീരത്തിലൂടെ അത് ഒഴുകാൻ തുടങ്ങും. നിങ്ങളുടെ പാപക്കറകൾ കഴുകിപ്പോകും. നിങ്ങളുടെ ഭാരങ്ങളെല്ലാം, ഹൃദയത്തിന്റെ വേദനകളെല്ലാം മാറിപ്പോകും. നിങ്ങളുടെ രോഗങ്ങളും നിരാശകളുമെല്ലാം മാറിപ്പോകും. നിങ്ങളുടെ ജീവിതത്തിലേക്ക് ആശ്വാസം നിറപടിയായി ഒഴുകി വരും.

ശീമോന്റെ ശരീരത്തിലേക്ക്, ശീമോന്റെ വസ്ത്രത്തിലേക്ക് ആ തിരുരക്തത്തിന്റെ തുള്ളികൾ പതിയുകയാണ്.

സഹോദരങ്ങളേ, ആ സംഭവം കഴിഞ്ഞ് യേശു ശീമോനെ നോക്കി ഒന്നു പുഞ്ചിരിച്ചോ? നന്ദിയോടെ ഒരു വാക്ക് മിണ്ടിയോ? വളരെ ആർദ്രതയോടെ ഒന്നു നോക്കിയോ? ഒന്നും

അവിടെ പറയുന്നില്ല. ഞാൻ വിശ്വസിക്കുന്നു, യേശുവിന്റെ കുരിശിന്റെ അറ്റം താങ്ങിയാൽ യേശുവിന് നന്ദിയില്ലെന്നാണോ, യേശുവിന് കടപ്പാടില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നത്?

യേശു നമ്മുടെ കുടുംബകാര്യം ഏറ്റെടുക്കും. മക്കളുടെ കാര്യം ഏറ്റെടുക്കും. നിങ്ങളുടെ ഭാര്യയുടെ കാര്യം ഏറ്റെടുക്കും. ഭർത്താവിന്റെ കാര്യം ഏറ്റെടുക്കും. കാരണം, യേശുവിന്റെ തിരുശരീരത്തിലെ രക്തത്തുള്ളി വഹിക്കുന്ന വസ്ത്രവുമായിട്ടാണ് വീട്ടിലേക്ക് നിങ്ങൾ മടങ്ങിച്ചെല്ലുന്നത്.

അന്ന് ശീമോൻ വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ വസ്ത്രത്തിൽ ചോര! ഭാര്യയോടു പറഞ്ഞുകാണും: എന്റെ ജീവിതത്തിൽ ഒരു കാലത്തും സംഭവിക്കാത്ത ഒരത്ഭുതം ഇന്ന് നടന്നു. എനിക്ക് ഒരു കാലത്തും ലഭിക്കാൻ സാദ്ധ്യമല്ലാത്ത ഒരു മഹാത്ഭുതം ഇന്നു നടന്നു. യേശുവിന്റെ കുരിശിന്റെ അറ്റം ഞാനൊന്നു താങ്ങി. ആ തിരുശരീരത്തിലെ തിരുനിണം എന്റെ ഈ വസ്ത്രത്തിൽ അല്പം പകർന്നു.

ആ ഭാര്യയും മക്കളും - അലക്സന്തരും രൂഫോസും - പറഞ്ഞു കാണും: അപ്പാ, നമുക്കൊരു കാര്യം ചെയ്യാം. ഈ വസ്ത്രം നമുക്ക് കഴുകണ്ട. നമുക്കത് ഭദ്രമായി പൊതിഞ്ഞ് നമ്മുടെ വീട്ടിൽ എടുത്തുവയ്ക്കാം. നമ്മുടെ മേശയ്ക്കകത്ത് അത് ഭദ്രമായി പൊതിഞ്ഞു പൊതിഞ്ഞ് ആ പരിപാവന വസ്തു അവിടെ വയ്ക്കാം.

ഇങ്ങനെയൊന്നും വേദപുസ്തകം പറയുന്നില്ല. എന്റെ നിസ്സാരഭാവനയിൽ ഞാനങ്ങനെ ചിന്തിച്ചുപോകുകയാണ്. പ്രിയപ്പെട്ടവരേ, എന്തുണ്ടായി? കർത്താവിൽ പ്രസിദ്ധനായ രൂഫോസ്! Chosen by the Lord എന്നാണ് ഇംഗ്ലീഷ് വേദപുസ്തകത്തിൽ. റോമർക്ക് അപ്പൊസ്തലായ പൗലോസ് ലേഖനം എഴുതുമ്പോൾ: “കർത്താവിൽ പ്രസിദ്ധനായ രൂഫോസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം

ചെയ്വിൻ" എന്ന് അപ്പൊസ്തലൻ പറയുന്നുണ്ട്. റോമർ 16:13.

അപ്പൊസ്തലനായ പൗലോസ്, സ്വന്തം അമ്മയെപ്പോലെ കുറേനക്കാരനായ ശീമോന്റെ ഭാര്യയെ കണക്കാക്കാൻ തക്കവണ്ണം അവൾ ധന്യയായിത്തീർന്നു. അനുഗൃഹീതയായി ത്തീർന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായി. മക്കൾ അനുഗ്രഹിക്കപ്പെട്ടു. അപ്പൻ കുരിശു ചുമന്നു, അപ്പൻ യേശുവിന്റെ കൂടെ നടന്നു.

സ്നേഹിതരേ, ഇപ്പോൾ നിങ്ങൾ യേശുവിനോടു പറയുമോ: കർത്താവേ, എനിക്ക് ഈ തലമുറയിൽ എന്റെ യേശുവിനോട് ചേർന്ന് നടക്കണം. എന്നാൽ ആവത് യേശുവിന്റെ കുരിശ് എനിക്കൊന്നു താങ്ങണം. കർത്താവേ, എനിക്കതിന് ഭാഗ്യം തരണം. എനിക്ക് യോഗ്യതയില്ല. ആ പരിശുദ്ധമായ സ്ലീബ തൊടാൻ, നിന്റെ തിരുനിണം തൊടുവാൻ എനിക്കർഹതയില്ല. എങ്കിലും നാഥാ, എന്റെ കൊതി ഞാൻ നിന്നോടറിയിക്കുകയാണ്. നിന്റെ ജയമുള്ള സ്ലീബായെ ഞാൻ ഒന്നു തൊട്ടുകൊള്ളട്ടെ. ആ സ്ലീബായെ ഞാൻ ഒന്നു ഏറ്റെടുത്തുകൊള്ളട്ടെ. ആ സ്ലീബായെ എന്റെ ചുമലിലേക്ക് വയ്ക്കട്ടെ.

ഞാനും കുരിശു ചുമന്നുകൊണ്ട് വരികയാണ്. നിന്ദയുടെ വഴിയിൽക്കൂടി, ആക്ഷേപത്തിന്റെ വഴിയിൽക്കൂടി, പരിഹാസത്തിന്റെ വഴിയിൽക്കൂടി, അവഹേളനത്തിന്റെ വഴിയിൽക്കൂടി, അപമാനത്തിന്റെ വഴിയിൽക്കൂടി, കുരിശിന്റെ പാതയിൽക്കൂടി നാഥാ, ഞാനും വരികയാണ്. ഞാൻ ആക്ഷേപങ്ങൾ യേശുവിന്റെ നാമത്തിൽ സഹിച്ചുകൊള്ളാം. എതിർപ്പുകളും തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും യേശുവിന്റെ നാമത്തിൽ സഹിച്ചുകൊള്ളാം.

കുരിശു പേറിക്കൊണ്ട് നാഥാ, ഈ തലമുറയിൽ കുരിശ് ചുമക്കുന്നവരുടെ കൂടെ ഞാനും ചേരുന്നു. അതല്ലോ

ക്രിസ്തീയത്വം. അതല്ലോ ആത്മിക അനുഭവത്തിന്റെ സവിശേഷത. ആ മഹാഭാഗ്യത്തിലേക്ക് എന്നെ നയിക്കണമേ. എനിക്ക് ഈ ഭാഗ്യം തരണമേ. ഞാനും യേശുവിന്റെ കൂടെ നടക്കട്ടെ. ഈ തലമുറയിൽ ഞാനും ദൈവത്തോടുകൂടെ നടക്കട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനേ, മഹാപരിശുദ്ധനായ സ്വർഗ്ഗീയപിതാവേ, നിന്നോടു ചേർന്നു നടപ്പാൻ ഞങ്ങളെ വിളിച്ചതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ആ മഹാസൗഭാഗ്യം ഞങ്ങൾക്കു തന്നതിനാൽ സ്തോത്രം. ഞങ്ങളെത്തന്നെ തൃപ്പാദത്തിങ്കലേക്ക് ഞങ്ങൾ അർപ്പണം ചെയ്യുന്നു. എല്ലാവരേയും അനുഗ്രഹിക്കണമേ. വിശുദ്ധീകരിക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധ നാമത്തിൽത്തന്നേ, ആമേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?
140. പുനഃപ്രതിഷ്ഠ
141. കൊടുങ്കാറ്റുകൾ
142. സന്തോഷം
143. COURAGE IN CRISES

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |